ശ്രീ ഹർഷവധനൻ

അമ്പാടിയിൽ ഇക്കാവുഅമ്മ.

A636.

6.36

A-62

S.S.L.C. class
M.C college
210008
132

# ശ്രീഹർഷവർദ്ധനൻ

ഗ്രന്ഥകർത്രി:

അമ്പാടിയിൽ ഇക്കാവ് അമ്മ,

തൃപ്പൂണിത്തുറ.

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.

രണ്ടാം പതിപ്പ്—പ്രതി 3000.

Printed at

The Ramanuja Printing House Ltd,

TRICHUR

പകർപ്പവകാശം സ്വായത്തം.

1101

Price 8 as.] [വില അണ 8.

THE CALICUT EMPOR[IUM]
CALICUT

92/HAR

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.
210008

# മുഖവുര.

പരാക്രമംകൊണ്ടും ഭരണവൈദഗ്ദ്ധ്യംകൊണ്ടും ഇന്ത്യാചരിത്രത്തിൽ ഉന്നതസ്ഥാനത്തെ അർഹിക്കുന്ന മഹാന്മാരുടെ പേരുകൾ ഭാരതീയർ വിസ്മരിച്ചുകളയുന്നു എന്നൊരാക്ഷേപം സാധാരണമാണ്. നമ്മുടെ രാജ്യത്തിൽ ധർമ്മപുത്രരെന്നപോലെ ബൌദ്ധരാജ്യങ്ങളിൽ മാതൃകാരാജാവായി ഗണിക്കപ്പെട്ടുവരുന്ന അശോകമൌര്യന്റെ പേർ ഇന്ത്യാചരിത്രത്തിൽ സ്ഥാനംപിടിച്ചു തുടങ്ങീട്ടു വളരെ കാലമായിട്ടില്ല. ആ വിശ്രുതനാമംതന്നെ ഭാരതീയർ ഒരുകാലത്തു മറന്നിരുന്നു. സമഗ്രപ്രഭാവനായ സമുദ്രഗുപ്തനെ രണ്ടാമതു കണ്ടുപിടിച്ചത് ഈ കഴിഞ്ഞ അമ്പതുവർഷത്തിനിടയിലാണ്. ഇപ്രകാരം ഒരാപത്തു ശ്രീഹർഷന് ഉണ്ടാവാനിടയായില്ല. അദ്ദേഹത്തിന്റെ കീർത്തി കാലപ്പഴക്കംകൊണ്ടു കുറവോ മറവിയോ ഉണ്ടായിട്ടില്ല. പണ്ഡിതശിരോമണിയായ ബാണന്റെ ഹർഷചരിതം അദ്ദേഹത്തിന്റെ ഗുണഗണങ്ങൾക്കും നാഗാനന്ദാദിനാടകങ്ങൾ അദ്ദേഹത്തിന്റെ സരസ്വതീവിലാസത്തിനും സാക്ഷ്യമായി സംസ്കൃതസാഹിത്യത്തിൽ നിലനില്ക്കുന്നതുകൊണ്ടു ഭാരതചരിത്രത്തിൽ ഹർഷനുള്ള സ്ഥാനം മറയ്ക്കുന്നതിനോ മറക്കുന്നതിനോ സാധിക്കുന്നതല്ല.

എന്നാൽ ഈ മഹാനായ ചക്രവർത്തിയെപ്പററിയും ചരിത്രകാരന്മാർ സൂക്ഷ്മമായി അന്വേഷിച്ചുതുടങ്ങിയത് ഈയിടയ്ക്കാണ്. നാലുവർഷം മുമ്പ് ഈ പുസ്തകത്തിന്റെ മൂല

ഗ്രന്ഥം ഞാൻ ഇംഗ്ലീഷിൽ എഴുതിയപ്പോൾ ഹർഷന്റെ ചരിത്രത്തെപ്പററി വിവരിക്കുന്ന മററു പുസ്തകങ്ങൾ ആ ഭാഷയിലില്ലായിരുന്നു. ബാണന്റെ മഹാകാവ്യം, ഹ്യുവാൻചാങിന്റെ ദേശാടനവിവരണങ്ങൾ, ആ ബൌദ്ധസിദ്ധന്റെ ജീവചരിത്രം, ആ കാലത്തെപ്പററി പറയുന്ന ശിലാലിഖിതങ്ങൾ, താമ്രശാസനങ്ങൾ, നാണയങ്ങൾ മുതലായവ പരിശോധിച്ചാണ് ഇതിന്റെ മൂലഗ്രന്ഥം എഴുതിയത്. അതിപ്പോൾ മലയാളത്തിലേക്കു തർജ്ജമചെയ്തു കാണുന്നതിൽ എനിക്കുള്ള ചാരിതാർത്ഥ്യത്തെ ആദ്യംതന്നെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ശ്രീമതി ഇക്കാവമ്മയുടെ തർജ്ജമയെപ്പററിയും ഭാഷാരീതിയെപ്പററിയും അധികം പറയേണ്ടതില്ല. രാജ്യഭരണരീതിയെപ്പററിയും സമുദായസ്ഥിതിയെപ്പററിയും വർണ്ണിക്കുന്ന ഇതിലെ മൂന്നും നാലും അദ്ധ്യായങ്ങൾ തർജ്ജമചെയ്യുന്നത് അത്ര സുസാദ്ധ്യമായ ഒരു സംഗതി അല്ല. നോവലുകളും കഥകളും എഴുതുന്ന രീതിയിലല്ലല്ലൊ ഗൌരവമുള്ള വിഷയങ്ങളെ പ്രതിപാദിക്കുന്നത്. ഈ കാര്യത്തിൽ ഉള്ള വൈഷമ്യം നല്ലവണ്ണം അനുഭവംകൊണ്ടു മനസ്സിലാക്കീട്ടുള്ളവർക്കേ ശ്രീമതി ഇക്കാവമ്മയുടെ ശ്രമം എത്രമാത്രം സഫലമായിട്ടുണ്ടെന്നു മനസ്സിലാക്കുവാൻ സാധിക്കയുള്ളൂ. സുഗമമായ രീതിയിലും, എന്നാൽ മൂലത്തിന്റെ അർത്ഥം വിടാതെയും ചെയ്തിട്ടുള്ള ഈ തർജ്ജമ ഏററവും അഭിനന്ദനീയമെന്നാണ് എനിക്കു തോന്നുന്നത്.

ഹർഷവർദ്ധനൻ ഭാരതവർഷത്തിലെ ചക്രവർത്തികളിൽ എല്ലാംകൊണ്ടും മുന്നണിയിൽ നില്ക്കുന്ന ഒരു മഹാനുഭാവ

നാണെന്ന് ഈ പുസ്തകം വായിക്കുന്നവൎക്കു വേഗത്തിൽ മനസ്സിലാവും. സത്യനിഷ്ഠ, ഔദാൎയ്യം, മതഭക്തി മുതലായ സൽഗുണങ്ങൾ തികഞ്ഞു ശോഭിച്ചിരുന്ന ഒരു മാതൃകാപുരുഷനെന്ന നിലയിലും, പ്രതാപിയും രാജ്യതന്ത്രനിപുണനുമായ ഒരു രാജാവെന്ന നിലയിലും, ബാണമയൂരാദികവികളുടെ സ്നേഹിതനും, നാഗാനന്ദാദിനാടകങ്ങളുടെ കൎത്താവും ആയ പണ്ഡിതശിരോമണി എന്ന നിലയിലും അതിപ്രശസ്തി നേടിയിട്ടുള്ള ഈ മഹാപുരുഷന്റെ ചരിത്രം ഭാരതീയർ ഒരിക്കലും മറക്കാവുന്നതല്ല. കേരളീയൎക്ക് അതിനെ സുപരിചിതമാക്കുവാൻ ഉത്സാഹിച്ചിട്ടുള്ള ശ്രീമതി ഇക്കാവമ്മയുടെ ശ്രമം നിഷ്ഫലമാകയില്ലെന്ന് ആശിക്കട്ടെ.

കെ. എം. പണിക്കർ,

എം. എ. (ഓക്സൺ)

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# പ്രസ്താവന.

ശ്രീമാൻ കെ. എം. പണിക്കർ എം. എ. (ഓക്സ്‌ഫൺ) അവർകൾ 'കന്യാകുബ്ജത്തിലെ ശ്രീഹർഷൻ' എന്ന് ഇംഗ്ലീഷിൽ എഴുതീട്ടുള്ള ഗ്രന്ഥത്തിൻെറ ഒരു സ്വതന്ത്രതർജ്ജമയാണ് ഈ ചെറിയ പുസ്തകം. മൂലഗ്രന്ഥത്തിൻെറ വൈശിഷ്ട്യം കണ്ടാണ് അതു മാതൃഭാഷയിലേക്കു തർജ്ജമ ചെയ്താൽ കൊള്ളാമെന്ന ആഗ്രഹം എനിക്കുണ്ടായത്. എൻെറ അപേക്ഷയെ നിസ്സംശയം ദയവായി സ്വീകരിച്ചു തർജ്ജമ ചെയ്വാൻ അനുവദിച്ചതിനു ഞാൻ അദ്ദേഹത്തോടു നന്ദി പറഞ്ഞുകൊള്ളുന്നു. ചരിത്രസംബന്ധമായ അനേകം സംഗതികൾകൊണ്ടു വളരെ വിശിഷ്ടമായ അദ്ദേഹത്തിൻെറ കൃതിയെ തർജ്ജമചെയ്വാൻ അനുവദിച്ചതു് അദ്ദേഹം മാതൃഭാഷയെ അനുഗ്രഹിച്ചതായിട്ടാണു ഞാൻ വിചാരിക്കുന്നത്. ഗംഭീരമായ ഭാഷാരീതിയിൽ എഴുതപ്പെട്ടിട്ടുള്ള മൂലഗ്രന്ഥത്തിൻെറ ഈ തർജ്ജമ സാമാന്യന്മാർക്കു രുചിക്കത്തക്കതായിട്ടുണ്ടെങ്കിൽ, അതുതന്നെയാണ് എൻെറ കൃതാർത്ഥത.

എ. ഇക്കാവമ്മ.

## സമർപ്പണം.

---

സദാപിഞാൻകൂപ്പിവരുന്നമാതാ-
പിതാക്കൾതൻവന്ദ്യപദാംബുജത്തിൽ
ഉദാരഭക്ത്യാദരഹർഷമൊത്തി-
ന്നിതാസമർപ്പിപ്പിതു'ഹർഷ'നേഞാൻ.

ഗ്രന്ഥകർത്രി.

# വിഷയവിവരം.


| അദ്ധ്യായം. | വിഷയം. | ഭാഗം. |
|---|---|---|
| ൧. | ആറാംനൂററാണ്ടിൽ ഇന്ത്യയുടെ സ്ഥിതി. | ൧ |
| ൨. | ഹർഷൻെറ ഭരണം ... ... ... | ൧൧ |
| ൩. | ഹർഷൻെറ രാജനീതി... ... ... | ൩൭ |
| ൪. | ഹർഷൻെറ കാലത്തു് ഇന്ത്യയിലെ സാമുദായികസ്ഥിതി | ൪൯ |
| ൫. | ഹർഷനും കവിതയും ... ... ... | ൭൩ |
| ൬. | ഉപസംഹാരം ... ... ... | ൯൯ |

Samy. E

S.S.L.C class.

M.C. college.

# ശ്രീഹൎഷവൎദ്ധനൻ.

## അദ്ധ്യായം ൧.

### ആറാം നൂററാണ്ടിൽ ഇന്ത്യയുടെ സ്ഥിതി.

പ്രതാപൈശ്വൎയ്യങ്ങൾക്കു പ്രസിദ്ധപ്പെട്ടിരുന്ന ഗുപ്ത സാമ്രാജ്യം ആറാംനൂററാണ്ടിന്റെ ആരംഭത്തിൽത്തന്നെ മിക്കവാറും നാമാവശേഷമായിത്തീൎന്നു. ഗുപ്തസാമ്രാജ്യത്തിന്റെ ഒടുവിലത്തെ ചക്രവൎത്തിയായിരുന്ന "നരസിംഹഗുപ്തബാലാദിത്യന്റെ" കാലത്തു ഹൂണന്മാർ "തോരമാനൻ" എന്നു പേരായ ഒരു പ്രമാണിയുടെ നേതൃത്വത്തിൽ ഗുപ്തസാമ്രാജ്യത്തെ ശിഥിലമാക്കി, അതിന്റെ ഒരു ഭാഗമായിരുന്ന മാൾവ പിടിച്ചടക്കി, അവിടെ സ്വതന്ത്ര്യാധികാരത്തോടുകൂടിയ ഒരു സംസ്ഥാനം സ്ഥാപിച്ചു. ഈ ഹൂണന്മാർ സ്ഥിരമായ വാസസ്ഥാനമില്ലാത്ത ഒരു കൂട്ടം അപരിഷ്കൃതവൎഗ്ഗക്കാരായിരുന്നു. ഇവർ അഞ്ചാം നൂററാണ്ടിൽ തുൎക്കിസ്ഥാനത്തു വാസം ഉറപ്പിച്ച് അവിടെ "ഹീററ്" പ്രധാനനഗരമാക്കി ഒരു സംസ്ഥാനം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇവരുടെ ആക്രമണങ്ങൾക്കു ഗുപ്തസാമ്രാജ്യം കീഴ്പ്പെട്ടു. ഗുപ്തവംശത്തിലെ ഒരു ശാഖ ഏകദേശം ക്രിസ്ത്വാബ്ദം 750-ൽ മഗധരാജ്യത്തു പ്രബലപ്പെട്ടിരുന്നെങ്കിലും രാജധാനിയുടെ ചുററുമുള്ള കുറച്ചു പ്രദേശങ്ങളിൽ മാത്രമേ

അവരുടെ രാജ്യാധികാരം നടന്നിരുന്നുള്ളൂ. തോരമാനന്റെ ആക്രമണത്തോടുകൂടി ഗുപ്തവംശ്യരുടെ സ്ഥിതി ഇന്ത്യാചരിത്രത്തിൽ പ്രസ്താവിക്കത്തക്ക പ്രാധാന്യമില്ലാത്തതായിത്തീൎന്നു.

---

തോരമാനൻ മാൾവയിൽ സ്വാതന്ത്ര്യാധികാരത്തോടുകൂടി ഒരു സംസ്ഥാനം സ്ഥാപിച്ച് ഉദ്ദേശം ക്രിസ്ത്വാബ്ദം 510-ാമാണ്ടുവരെ അവിടെ സമാധാനത്തോടുകൂടി രാജ്യം ഭരിച്ചു. തോരമാനന്റെ കാലശേഷം പുത്രനായ മിഹിരകുലൻ സിംഹാസനാരോഹണംചെയ്തു. ഈ മിഹിരാകുലന്റെ ദുൎഭരണസമ്പ്രദായത്തെപ്പററി എല്ലാ ചരിത്രകാരന്മാരും ഒരേമാതിരിതന്നെ അഭിപ്രായം പറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി പ്രസ്താവയോഗ്യമാകുന്നു. പരിഷ്കാരശൂന്യന്മാരായ ഹൂണന്മാൎക്കു സ്വാഭാവികമായുണ്ടായിരുന്ന മൃഗപ്രകൃതി മൂൎത്തീകരിച്ചിരുന്ന മിഹിരകുലന്റെ ക്രൂരമായ ഭരണം പ്രജകൾക്കു വളരെ അസഹ്യമായിത്തീൎന്നു. എന്നുതന്നെയല്ല, യാതൊരു കാരണവുംകൂടാതെ ഇയാൾ ബൌദ്ധസന്യാസികളെ നിൎദ്ദയമായി ഉപദ്രവിക്കുന്നതിന്നു കിങ്കരന്മാരെ നിയോഗിക്കുകയും ചെയ്തു. മഗധയിലെ ബാലാദിത്യന്റെയും മാൾവയിലെ യശോധൎമ്മന്റെയും കീഴിൽ ഹിന്തുരാജാക്കന്മാരുടെ ഒരു സൈന്യം ക്രിസ്ത്വാബ്ദം 528-ാമാണ്ടിൽ മിഹിരകുലനെ തീരെ തോല്പിച്ച് അയാളുടെ ക്രൂരകൃത്യങ്ങളെ അവസാനിപ്പിച്ചു രാജ്യത്തിൽ സമാധാനമുണ്ടാക്കി. ബന്ധനസ്ഥനാക്കപ്പെട്ട മിഹിരകുലനെ നിഗ്രഹിക്കാതെ വിട്ടതു ബാലാദിത്യന്റെ മാതാവിന്റെ പ്രേരണയാൽ മാത്രമാണ്. പരാ

ജിതനായ ആ ഹൂണപ്രമാണി കാശ്മീരത്തുചെന്നു ശരണം പ്രാപിച്ചു. കാശ്മീരരാജാവിന്റെ മഹാമനസ്കതയോടുകൂടിയ അഭയദാനത്തിന് ആ കൃതഘ്നൻ പ്രത്യുപകാരം ചെയ്തത് അദ്ദേഹത്തിന്റെ രാജ്യത്തു ലഹളകൾ ഉണ്ടാക്കി രാജാവിനെ സ്ഥാനഭ്രഷ്ടനാക്കിയതാണ്. ഈ വിധത്തിലുള്ള ദുഷ്പ്രവൃത്തികൾ ചെയ്തു നേടിയ സ്വത്ത് അനുഭവിക്കുവാൻ അയാൾ അധികകാലം ജീവിച്ചിരുന്നില്ല. മിഹിരകുലന്റെ മരണത്തോടുകൂടി ഹൂണാധിപത്യം അല്പായുസ്സായി അവസാനിക്കുകയും ചെയ്തു.

ക്രിസ്ത്വാബ്ദം 500-ാമാണ്ടോടടുത്തുള്ള ഗുപ്തസാമ്രാജ്യത്തിന്റെ ഭഞ്ജനം മുതൽ 604-ൽ ഹർഷന്റെ സിംഹാസനാരോഹണംവരെയുള്ള ചരിത്രഭാഗം പ്രഖ്യാതന്മാരായ വീരപുരുഷന്മാരാലൊ ഗൌരവമുള്ള സംഭവങ്ങളാലൊ പ്രധാനപ്പെട്ടിട്ടുള്ള ഒരു ഘട്ടമായിരുന്നില്ല. മിഹിരകുലനെ പരാജിതനാക്കിയ യശോധർമ്മനെപ്പററി നമുക്കു വലിയ അറിവൊന്നുമില്ല. അയാൾ ഗുപ്തസാമ്രാജ്യത്തെക്കാൾ വിസ്താരമേറിയ ഒരു രാജ്യത്തിന്റെ അധിപതിയായിരുന്നു എന്നു മാത്രം "മൻദോസർ" ശിലാരേഖയിൽനിന്നു നമുക്കു മനസ്സിലാകുന്നു. യശോധർമ്മന്റെ വിജയത്തിനു ശേഷം അല്പകാലത്തിനുള്ളിൽ ഉത്തരേന്ത്യയുടെ നാനാഭാഗങ്ങളിലും അനവധി ചെറുരാജ്യങ്ങൾ സ്വാതന്ത്ര്യാധികാരത്തോടുകൂടി പ്രാബല്യം പ്രാപിച്ചു. ഇതിൽനിന്നു യശോധർമ്മൻ പുതിയതായ ഒരു സാമ്രാജ്യം സ്ഥാപിച്ചിട്ടില്ലെന്നു തെളിയുന്നുണ്ട്. ഏകദേശം ആറാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ പാശ്ചാത്യ

രാജാവായ ഒന്നാംപുലികേശൻ വിന്ധ്യാദ്രിയുടെ തെക്കുഭാഗത്തുള്ള രാജ്യങ്ങൾ ഒന്നായി കൂട്ടിച്ചേൎത്തു പ്രാബല്യമുള്ള ഒരു സാമ്രാജ്യം സ്ഥാപിച്ചു. ഇതിൻെറ ഏററവും തെക്കെ അററം പുരാതനവംശക്കാരായ പല്ലവരാജാക്കന്മാരുടെ അധീനത്തിലായിരുന്നു. ഉത്തരഭാരതത്തിൽ ഇപ്രകാരം ഉത്ഭവിച്ച പുതിയ രാജ്യങ്ങളെ ആകമാനം ഒന്നു പരിശോധിച്ചു നോക്കുന്നതു ഭാരതവൎഷത്തിൻെറ അപ്പോഴത്തെ സ്ഥിതി അറിയുന്നതിനു സഹായമായിരിക്കും.

മഗധരാജ്യത്തു ഗുപ്തചക്രവൎത്തികളുടെ പിൻഗാമികൾ വാണിരുന്നു. ഈ ഗുപ്തരാജാക്കന്മാർ അയൽരാജ്യക്കാരായ മുഖാരിരാജാക്കന്മാരോട് ഇടവിടാതെ യുദ്ധം ചെയ്തുകൊണ്ടിരുന്നു എന്നു മാത്രമേ നമുക്ക് അവരെപ്പററി അറിഞ്ഞുകൂടു. മഗധയിൽ വാണിരുന്ന 'കുമാരഗുപ്തൻ' ഈശാനിവൎമ്മൻമുഖാരിയെ യുദ്ധത്തിൽ പരാജിതനാക്കി. 'കുമാരഗുപ്തൻെറ' പുത്രനായ 'ദാമോദരഗുപ്തൻ' ഒരു മുഖാരിപ്രമാണിയാൽ വധിക്കപ്പെട്ടു. ദാമോദരഗുപ്തൻെറ പുത്രനായ 'മഹാസേനഗുപ്തൻ'കാമരൂപത്തിലെ രാജാവായ സുസ്ഥിരവൎമ്മനോടു യുദ്ധം ചെയ്തു. ഈ സുസ്ഥിരവൎമ്മൻെറ പുത്രനായ ഭാസ്കരവൎമ്മൻ ചീനത്തുകാരനായ പ്രസിദ്ധപ്പെട്ട യുവാൻചാങ്ങിൻെറ സ്നേഹിതനും ശ്രീഹൎഷൻെറ സഖാവും ആയിരുന്നു. മഗധരാജാക്കന്മാരുടെ ഓരോരുത്തരുടേയും കാലത്തുള്ള ശിലാലിഖിതങ്ങൾകൊണ്ടു സാക്ഷീകരിക്കപ്പെട്ടിട്ടുള്ള അവരുടെ വംശപാരമ്പരാവലി താഴെ ചേൎക്കുന്നു.

കൃഷ്ണഗുപ്തൻ
|
ഹൎഷഗുപ്തൻ
|
ജീവിതഗുപ്തൻ
|
കുമാരഗുപ്തൻ
|
ദാമോദരഗുപ്തൻ
|
മഹാസേനഗുപ്തൻ
|
മാധവഗുപ്തൻ

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.

മഗധരാജ്യത്തെ തൊട്ടു കിടന്നിരുന്ന ഒരു രാജ്യമാണു 'കൎണ്ണസുവൎണ്ണം.' കൎണ്ണസുവൎണ്ണത്തിലെ രാജാക്കന്മാർ ഹിന്ദുമതം ആചരിച്ചിരുന്നവരാണ്. യുവാൻചാങ് പറയുന്നതിൽനിന്ന് ഇവർ ബുദ്ധമതദ്വേഷികളായിരുന്നു എന്നു മനസ്സിലാക്കാം. കൎണ്ണസുവൎണ്ണത്തിന്റെ പൂൎവ്വഭാഗത്തു കിടന്നിരുന്ന രാജ്യമാണ് ഇപ്പോഴും ആസ്സാം എന്നു വിളിക്കപ്പെടുന്ന 'കാമരൂപം.' ഇവിടെയും അന്നു ഹിന്ദുമതം തന്നെയാണു പ്രചാരമായിരുന്നത്. കാമരൂപത്തെ ഭരിച്ചിരുന്ന രാജവംശം വളരെ പുരാതനമായിട്ടുള്ളതായിരുന്നു. ഭാസ്കരവൎമ്മന്റെ വംശക്കാർ ഒരു സഹസ്രാബ്ദകാലം കാമരൂപത്തിൽ അധിപതികളായിരുന്നു എന്നു യുവാൻചാങ് പറഞ്ഞിട്ടുള്ളതു വാസ്തവമാണെന്നു നിധനപുരത്തിൽ ഇയ്യിടെ കണ്ടുകിട്ടിയിരിക്കുന്ന ഒരു ചെമ്പുപട്ടയത്തിൽനിന്നു

തെളിയുന്നുണ്ട്. ആ പട്ടയത്തിൽപറഞ്ഞുകാണുന്ന ഒടുവില ത്തെ നാലു രാജാക്കന്മാരുടെ പേരുകൾതന്നെ ബാണന്റെ ഹഷചരിത്രത്തിലും പ്രസ്താവിച്ചുകാണുന്നുണ്ട്. കാമരൂപ ത്തിലെ രാജാക്കന്മാർ മഹാഭാരതകഥ നടന്ന കാലത്തു പ്ര സിദ്ധനായിരുന്ന ഭഗദത്തന്റെ വംശക്കാരാണെന്നാണ ഐതിഹ്യം. ചരിത്രപ്രസിദ്ധമായ ഒരു വംശപരമ്പര കാമ രൂപത്തിൽ വളരെ കാലം ആധിപത്യം വഹിച്ചിരുന്നത്, ഹിന്ദുസംസ്ഥാനത്തിൽ ഇടവിടാതെ നടന്നിരുന്ന കലാപ ങ്ങൾ ഒന്നുംതന്നെ ഈ മലംപ്രദേശത്തെ ബാധിച്ചിരുന്നി ല്ലെന്നുള്ളതിന്ന് ഒരു ലക്ഷ്യമാകുന്നു. യശോധമ്മൻ ഒരാൾ മാത്രമേ കാമരൂപത്തെവാസ്തവത്തിൽ ആക്രമിച്ചടക്കീട്ടുള്ളു. അദ്ദേഹത്തിന്റെ സാമ്രാജ്യം ബ്രഹ്മപുത്രാനദീതീരംവരെ വ്യാപിച്ചുകിടന്നിരുന്നു. ഇതിലേക്ക് "ആലെയഹിത്യോപ ക്ണ്ഠാ" എന്നു മൻദോസർശിലാലിഖിതത്തിൽ പറഞ്ഞി ട്ടുള്ളതുതന്നെ പ്രമാണമാണ്. ഹഷന്റെ സഖാവായിരു ന്ന ഭാസ്കരവമ്മന്റെ കാലത്തു കാമരൂപത്തിന്നുണ്ടായിരു ന്ന പ്രാധാന്യത്തെപ്പററി ഇനി ഒരിക്കൽ പ്രസ്താവിക്കുന്ന താണ്.

ആറാംനൂററാണ്ടിൽ ആയ്യാവത്തത്തിന്റെ ദക്ഷിണ പയ്യന്തത്തിൽ സേനാപതി ഭട്ടാരകന്റെ ആധിപത്യത്തിൽ നൂതനമായ ഒരു രാജവംശം പ്രബലപ്പെട്ടുവന്നു. മഹാരാ ജാധ്രുവസേനൻദ്വിതീയന്റെ ക്രസ്താബ്ദം 571-ാമാണ്ടിലെ താമ്രശാസനത്തിൽ പ്രതാപവാനായ സേനാപതി ഭട്ടാര കൻ മായിഹതന്മാരോടു നൂറാമതൊരു പ്രാവശ്യം പോർ ചെയ്തു് അല്ലവററ വിശ്രുതി സമ്പാദിച്ചു എന്നു പറഞ്ഞിരി ക്കുന്നു. ഗുപ്തസാമ്രാജ്യത്തിന്റെ അധഃപതനത്തെ പിന്തു

ടൻറണ്ടായ അരാജകത്വസ്ഥിതി നോക്കി വിക്രമിയായ ഈ സേനാപതി സ്വന്തമായി ഒരു സംസ്ഥാനം സ്ഥാപിച്ചു. പ്രതാപശാലിയായ ഭട്ടാരകനെ പിന്തുടൎന്നു രാജ്യം ഭരിച്ചത് അദ്ദേഹത്തിൻെറ പുത്രനായ സേനാപതി ധൎമ്മസേനനാണ്. ധൎമ്മസേനൻെറ സോദരനായ ദ്രോണസിംഹൻ "മഹാരാജാവ്" എന്നുള്ള സ്ഥാനവും പദവികളും സ്വീകരിച്ചു. മററുള്ള രാജാക്കന്മാർ പക്ഷെ അദ്ദേഹത്തെ മഹാരാജാവായി അംഗീകരിച്ചിരിക്കാം. ആറാം നൂററാണ്ടിൽ ഈ രാജകുടുംബം അയൽരാജ്യങ്ങളെ അധഃകരിച്ചു സ്വാധികാരം വൎദ്ധിപ്പിച്ചതിനാൽ, മാൾവയിൽ സ്വതന്ത്രാധികാരത്തോടുകൂടിയ ഒരു ഭിന്നശാഖ കാലക്രമേണ സ്ഥാപിതമായി. സൂൎയ്യോപാസകാഗ്രഗണ്യനായ "ധരഭട്ടൻ" ഒഴികെയുള്ള വല്ലഭിരാജാക്കന്മാർ എല്ലാവരും ശൈവമതക്കാരായിരുന്നു.

ക്ഷണപ്രഭനായിരുന്ന യശോധൎമ്മൻെറ കാലത്തിന്നു ശേഷമുള്ള മാൾവാരാജ്യചരിത്രം യാതൊന്നുംതന്നെ നമുക്കറിവില്ല. ഈ യശോധൎമ്മൻ ആരായിരുന്നു, ഇദ്ദേഹത്തിൻെറ ഭരണം എത്ര കാലത്തേക്കു നിലനിന്നു എന്നും മററും പറയുവാൻ സാധിക്കുന്നതല്ല. യശോധൎമ്മൻ എവിടെ നിന്നെന്നറിയാതെ പെട്ടെന്നുവന്ന്, ഹൂണസാമ്രാജ്യത്തെ ശിഥിലമാക്കി; ഗുപ്തസാമ്രാജ്യത്തേക്കാൾ ഏററവും വിസ്തൃതമായ ഒരു രാജ്യം സ്വന്തമായി സ്ഥാപിച്ചു; അതിന്നു ശേഷം, വന്നതുപോലെതന്നെ, എവിടേക്കെന്നറിയാതെ, മറഞ്ഞതായിട്ടാണു കാണുന്നത്.

ഇപ്രകാരം വടക്കെ ഇന്ത്യയിൽ അനവധി ചെറിയ രാജ്യങ്ങൾ ഉത്ഭവിച്ചു. ഈ രാജ്യങ്ങളുടെ ചരിത്രം പറയുന്നതായാൽ അത് അവ തമ്മിൽ ഇടവിടാതെ നടന്നു

കൊണ്ടിരുന്ന യുദ്ധത്തിൻെറ ഒരു വർണ്ണനയായി കലാശിക്കുന്നതാണ്. എന്നാൽ ഇതിൽനിന്ന് ഇന്ത്യാരാജ്യം ആറാംനൂററാണ്ടിൽ അരാജകത്വത്തിന്ന് അധീനമായിരുന്നുവെന്ന് അനുമാനിക്കുന്നതും ശരിയാകുന്നതല്ല. എന്നാൽ, വാസ്തവത്തിൽ സംഭവിച്ചതു മൌര്യഗുപ്തന്മാരുടെ പരമ്പരശക്തികൂപോലും ഉന്മൂലനം ചെയ്യുവാൻ സാധിക്കാത്തതും പ്രബലവുമായ ഭഞ്ജീകരണശക്തികൾ ഹൂണന്മാരുടെ ആക്രമണത്തിൻെറ അനന്തരഫലമായി അല്പകാലത്തേക്കു പ്രത്യക്ഷപ്പെട്ടതു മാത്രമാകുന്നു.

ഗുപ്തരാജാക്കന്മാരുടെ കാലത്ത് ആരംഭിച്ച മഹത്തായ പ്രസ്ഥാനങ്ങൾ ക്രമേണ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടുതന്നെയായിരുന്നു. സംസ്കൃതഭാഷയുടെ പുനരുജ്ജീവനവും അതോടുകൂടി നവീനഹിന്ദുമതത്തിൻെറ പ്രചാരവും മഹായാനബുദ്ധമതത്തിന്ന് അതിനോടുണ്ടായ ഐക്യവും ഈ കാലത്താകുന്നു. അഞ്ചാം നൂററാണ്ടിൽ, ഗുപ്തരാജാക്കന്മാരുടെ കാലത്തു പ്രത്യക്ഷപ്പെട്ടിരുന്ന ബുദ്ധിപ്രഭാവം ആറാംനൂററാണ്ടിൽ ഗുപ്തസാമ്രാജ്യത്തിൻെറ അധഃപതനത്തോടുകൂടി ക്ഷയിച്ചില്ല. ജോതിശ്ശാസ്ത്രവിശാരദനായ വരാഹമിഹിരൻ, ഗണിതശാസ്ത്രകുശലനായ ആര്യഭട്ടൻ തുടങ്ങി അനവധി ജോതിഷ്കണങ്ങൾ ആറാം നൂററാണ്ടിൽ രാജ്യമൊട്ടുക്കു വ്യാപിച്ചിരുന്ന ദുർഭരണാന്ധകാരത്തിൽ കൂടി പ്രകാശിച്ചുകൊണ്ടിരുന്നു.

ഹിന്ദുമതത്തെ ക്രമേണ ഒരുപുതിയ സമ്പ്രദായത്തിൽ വീണ്ടും രൂപീകരിച്ചതാണ് ആറാംനൂററാണ്ടിലെ പ്രധാനമായ സംഭവം. അഞ്ചാംനൂററാണ്ടിൽ ഇന്ത്യയെ സന്ദർശിച്ച ഫാഹിനിൻെറ വിവരണങ്ങളും ഏഴാംനൂററാണ്ടിൻെറ

പൂർവ്വാർദ്ധത്തിൽ ഹർഷരാജധാനിയിൽ കുറെക്കാലം താമസിച്ചിരുന്ന യുവാൻചാങ്ങിന്റെ വിവരണങ്ങളും തമ്മിൽ ഒത്തുനോക്കിയാൽ, ഇന്ത്യയിൽ ആറാം നൂററാണ്ടിൽ മതസംബന്ധമായി ഉണ്ടായിട്ടുള്ള മാററങ്ങളെക്കുറിച്ചു വിശദമായി ഗ്രഹിക്കാവുന്നതാണ്. ഫാഹീൻ ഇന്ത്യയിൽ സഞ്ചരിച്ചിരുന്ന കാലത്തു ഗുപ്തരാജാക്കന്മാർ ഹിന്ദുമതത്തെത്തന്നെ പുരസ്കരിച്ചു പരിപാലിച്ചിരുന്നെങ്കിലും, ആര്യാവർത്തത്തിൽ എങ്ങും ഒരുപോലെ വ്യാപിച്ചിരുന്നതു ബുദ്ധമതധർമ്മമായിരുന്നു. അന്നു വിദ്യയേയും മതതത്വങ്ങളേയും പ്രദാനംചെയ്തിരുന്ന ഐശ്വര്യപൂർണ്ണമായ സംഘാരാമങ്ങൾകൊണ്ടു രാജ്യം പ്രശോഭിതമായിരുന്നു. മധുരാപുരിയിൽതന്നെ ഏകദേശം 20 സന്യാസിമഠങ്ങളിലായി 3000-ത്തോളം സന്യാസിമാർ ബുദ്ധദേവന്റെ സദഷ്ടാംഗമാർഗ്ഗത്തെ അനുഷ്ഠിച്ചുപോന്നിരുന്നു. ഫാഹീൻ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം ബൌദ്ധസന്യാസികൾക്കു സാമാന്യത്തിലധികം പ്രാധാന്യമുള്ളതായും ബുദ്ധമതം പരിശീലിക്കപ്പെട്ടിരുന്നതായും കണ്ടിരുന്നു. ഏകദേശം ഒന്നര ശതാബ്ദംകൊണ്ടു ഈ സ്ഥിതിക്കു വലുതായ ഒരു മാററം സംഭവിച്ചു. ഇതിന്നുള്ള കാരണങ്ങളെപ്പററി ഇനി ഒരദ്ധ്യായത്തിൽ കൂലങ്കഷമായ പര്യാലോചിക്കുന്നതാണ്. ഹർഷചക്രവർത്തിയുടെ സഹായം ഉണ്ടായിട്ടുപോലും യുവാൻചാങ്ങ് ഇന്ത്യയെ സന്ദർശിച്ചിരുന്ന കാലത്തു ബുദ്ധമതത്തിന്നു സാമാന്യം ക്ഷയം സംഭവിച്ചിരുന്നു എന്നു മാത്രമേ തല്ക്കാലം നാം മനസ്സിലാക്കേണ്ടതുള്ളു. ഹിന്ദുമതം അതിന്റെ വിരുദ്ധകക്ഷിയായ ബുദ്ധമതത്തെ ക്ഷയിപ്പിച്ച് ഏകദേശം ഒന്നര നൂററാണ്ടുകൊണ്ടു വീണ്ടും അഭിവൃദ്ധിയെ പ്രാപിച്ചു.

ആറാം നൂററാണ്ടിലാണ മതസംബന്ധമായ ഈ വലിയ മാററം സംഭവിച്ചത്. എങ്കിലും അതു വാസ്തവത്തിൽ ഹിന്ദുമതത്തിൻെറ ശക്തി വീണ്ടും സ്ഥാപിക്കുക മാത്രമായിരുന്നു. പരിഷ്കരിക്കപ്പെട്ട ഹിന്ദുമതത്തിൻെറ ഒരു പ്രത്യേകരൂപാന്തരം മാത്രമാണ ബുദ്ധമതം എന്നുള്ളതു വിസ്മരിക്കത്തക്കതല്ല. മഹാനുഭാവനായ 'പിയദസി' അതിനെ അംഗീകരിച്ച് അതിൻെറ ഉൽകൎഷത്തിന്നുവേണ്ടി പ്രവൎത്തിക്കുന്നതുവരെ ബുദ്ധമതം ഹിന്ദുമതത്തിൻെറ ഒരു ശാഖയായിത്തന്നെ ഇരുന്നതേയുള്ളു. ബുദ്ധമതപ്രചാരത്തിന്നുവേണ്ടി അശോകൻ ചെയ്ത അശ്രാന്തപരിശ്രമങ്ങൾക്കുശേഷം മാത്രമേ ആ മതത്തിന്നു ഹിന്ദുമതത്തോട്ട കിടപിടിക്കത്തക്ക ഒരു പ്രത്യേകമായ ഊൎജ്ജിതം സിദ്ധിച്ചുള്ളു. അതിന്നുശേഷം കാലതാമസം കൂടാതെ ഈ രണ്ടു മതങ്ങളുടേയും തത്വങ്ങൾക്ക് ഐക്യം സംഭവിപ്പാനും തുടങ്ങി. ഇന്ത്യയിൽ ബുദ്ധമതപ്രചാരത്തോടുകൂടിത്തന്നെ ആൎയ്യന്മാരുടെ ധൎമ്മതത്വത്തിന്നും ഗൌതമൻ പ്രസംഗിച്ച മഹത്തായ സിദ്ധാന്തങ്ങൾക്കും തമ്മിലുള്ള അധികമായ യോജിപ്പും പ്രത്യക്ഷപ്പെട്ടു. പിന്നീട് ഒരു കാൎയ്യത്തിൽ മാത്രമേ തൎക്കം വന്നിരുന്നുള്ളു. സ്വമതസിദ്ധാന്തികളായ ബ്രാഹ്മണസന്യാസികളോ പീതാംബരന്മാരായ ശ്രാമണന്മാരോ രാജാക്കന്മാരുടെ പ്രീതിക്കും സമ്മാനങ്ങൾക്കും അൎഹന്മാർ എന്നായിരുന്നു ആ തൎക്കം. ഗുപ്തരാജാക്കന്മാർ അന്യമതദ്വേഷികളായിരുന്നില്ലെങ്കിലും, ഹിന്ദുമതത്തിൽ പ്രത്യേകം പ്രതിപത്തിയുള്ളവരായിരുന്നു, അതുകൊണ്ടാണ് ഫാഹീൻ അനവധി സന്യാസിമഠങ്ങളെ സന്ദൎശിച്ച ശ്രദ്ധാപൂൎവ്വം ഓരോന്നിൻെറയും മാഹാത്മ്യത്തെ വൎണ്ണിച്ച കാലത്തുപോലും ബുദ്ധമത

ത്തിന്റെ പൂൎവ്വസ്ഥിതിക്ക് ഇടിവുതട്ടിയതായി കാണുന്നത്.

മേല്പറഞ്ഞ സംഗതികളിൽനിന്നും ക്രിസ്ത്വബ്ദം ആറാം നൂററാണ്ടിൽ ഇന്ത്യ ഒരു പരിണാമദശയെ പ്രാപിക്കുകയായിരുന്നു എന്നു കാണാം. ചരിത്രഗതിയെ നിയന്ത്രണം ചെയ്യുന്ന ശക്തികൾ ഏകോപിച്ചു മതസംബന്ധമായ കാൎയ്യങ്ങളിൽ മഹത്തായ രൂപാന്തരം പ്രാപിക്കുകയായിരുന്നു ഈ കാലത്തിന്റെ ഏകദേശ സ്വഭാവമെന്നു സാമാന്യമായി പറയാം. ഇന്ത്യയുടെ രാഷ്ട്രീയമായ ഐക്യവും അന്നു ശിഥിലമായിത്തീൎന്നിരുന്നു. ഛിന്നഭിന്നങ്ങളായ ആ രാജ്യഭാഗങ്ങളെ ഒന്നിച്ചു ചേൎത്തു ഭാരതവൎഷത്തിന്റെ ശരിയായ സ്വരൂപം രണ്ടാമതും സൃഷ്ടിക്കുന്നതിനു പ്രബലനായ ഒരു ചന്ദ്രഗുപ്തന്റെ അവതരണത്തിന് അത് ഒരു ശുഭമുഹൂൎത്തമായിത്തീൎന്നു. ഈ നൂററാണ്ടിലെ പ്രാരംഭങ്ങൾ പരിപൂൎത്തിയെ പ്രാപിച്ചതു ഏഴാം നൂററാണ്ടിൽ മാത്രമാണ്. അത് എങ്ങിനെയെല്ലാമാണെന്നാണ് ഇനി പ്രസ്താവിപ്പാൻ പോകുന്നത്.

# അദ്ധ്യായം ൩

## ഹൎഷന്റെ ഭരണം.

ഹൎഷന്റെ പൂൎവ്വികന്മാരെപ്പററി നമുക്കു വലിയ അറിവൊന്നുമില്ല. ഹൎഷനെ കുറിച്ചുള്ള പദ്യചരിത്രത്തിന്റെ കൎത്താവായ ബാണൻപോലും ഇതിഹാസപ്രസിദ്ധമായ സൂൎയ്യസോമവംശങ്ങളോടു ഹൎഷനെ സംബന്ധിപ്പിക്കുവാൻ

സാധിച്ചിട്ടില്ല. അതുകൊണ്ടാണു "പുരാണപ്രസിദ്ധന്മാരായ രാജാക്കന്മാരുടെ തേജോവൈഭവങ്ങളെ മൂൎത്തീകരിച്ചു പ്രശോഭിച്ച പുഷ്പഭൂതിമഹാരാജാവിന്റെ വംശത്തിൽ വിശ്വവിശ്രുതന്മാരായ ഒരു കൂട്ടം രാജാക്കന്മാർ ഉണ്ടായി" എന്നു മാത്രം പറഞ്ഞു അവസാനിപ്പിച്ചിരിക്കുന്നത്. ബാണൻ ഈ രാജാക്കന്മാരുടെ കൂട്ടത്തിൽ ആദ്യമായി പ്രസ്താവിച്ചു കാണുന്നതു ഹൎഷന്റെ പിതാവും 'പ്രതാപശീലൻ' എന്ന വിശേഷനാമംകൊണ്ടു പ്രസിദ്ധനും ആയ പ്രഭാകരവൎദ്ധനനെപ്പററിയാകുന്നു. ആധുനികചരിത്രകാരന്മാർ ചെയ്ത സൂക്ഷ്മപരിശോധനയുടെ ഫലമായി ഹൎഷന്റെ പൂൎവ്വികന്മാരിൽ പ്രഭാകരവൎദ്ധനനു മുമ്പുള്ള മൂന്നു തലമുറകളെപ്പററി നമുക്കറിയാറായിട്ടുണ്ട്. ഹൎഷവൎദ്ധനന്റെ 'ശോണപത്' താമ്രമുദ്രയിൽ പ്രഭാകരന്റെ പിതാമഹൻ ശ്രീരാജ്യവൎദ്ധനനാണെന്നു പ്രസ്താവിച്ചു കാണുന്നു. രാജ്യവൎദ്ധനന്റെ പുത്രനും പിൻഗാമിയും ആദിത്യവൎദ്ധനനായിരുന്നു. അദ്ദേഹം 'മഹാസേനഗുപ്താദേവി' എന്നു പേരായ ഒരു രാജകുമാരിയെ വിവാഹം ചെയ്തു. സമകാലീനന്മാരുടെ ഇടയിൽ 'ഹൂണജിത്ത്" എന്നും, ചരിത്രത്തിൽ ഇന്ത്യാചക്രവൎത്തിമാരിൽ അദ്വിതീയനായ ഒരു മഹാരാജാവിന്റെ പിതാവെന്നും പ്രസിദ്ധിപ്രാപിച്ച 'പ്രഭാകരവൎദ്ധനൻ' ഈ രാജ്ഞിയുടെ പുത്രനാകുന്നു.

പ്രഭാകരന്റെ പൂൎവ്വികന്മാർ താനേശ്വരത്തിനു ചുററുമുള്ള പ്രദേശങ്ങൾ മാത്രം ഭരിച്ചുവന്നിരുന്ന ഒരു കൂട്ടം രാജാക്കന്മാരായിരുന്നു. ഇവർ വളരെ നിഷ്ഠയോടുകൂടി

ബൌദ്ധമതം ആചരിച്ചിരുന്നവരാണ്. ഗുപ്തസാമ്രാജ്യത്തിന്റെ ഭഞ്ജനംഹേതുവായി വടക്കെ ഇന്ത്യയിൽ അരാജകത്വം സംഭവിച്ച കാലത്ത് ഇവർക്ക് അവിടെ എന്തെങ്കിലും പ്രാധാന്യമുണ്ടായിരുന്നുവോ എന്നു സംശയമാകുന്നു. ആദ്യമായി 'മഹാരാജാധിരാജൻ' എന്നുള്ള സ്ഥാനം കൈക്കൊണ്ടതു പ്രഭാകരവർദ്ധനനാണ്. അദ്ദേഹത്തിന്റെ മുൻഗാമികൾ 'മഹാരാജാവ്' എന്ന സ്ഥാനംകൊണ്ടു തൃപ്തിപ്പെട്ടിരുന്നു. അതൃത്തിപ്രദേശങ്ങളുടെ അധിപതിയുടെ നിലയ്ക്കു പ്രഭാകരവർദ്ധനനു പലപ്പോഴും ഹൂണന്മാരുടെ ആക്രമണങ്ങളെ തടുത്തുനിറുത്തേണ്ടതായി വന്നിട്ടുണ്ട് എന്നു ബാണന്റെ വർണ്ണനകളിൽനിന്നു നമുക്കു മനസ്സിലാക്കാം. അദ്ദേഹം മാളവ കീഴടക്കുകയും ദൂരദേശമായ സൌരാഷ്ട്രത്തെ ആക്രമിക്കുകയും ചെയ്തു. ഇപ്രകാരമുള്ള ശൌര്യപരാക്രമങ്ങൾകൊണ്ട് അദ്ദേഹം ഖ്യാതിസമ്പാദിച്ചു്, വിസ്തൃതമായ ഒരു സാമ്രാജ്യത്തിന്റെ അസ്തിവാരം ഉറപ്പിക്കുകയും, മഹാനായ അദ്ദേഹത്തിന്റെ പുത്രൻ പിന്നീട് അതിനെ കെട്ടിപ്പടുത്തുയർത്തുകയും ചെയ്തു.

പ്രഭാകരവർദ്ധനന്റെ മഹിഷിയായ യശോവതിയിൽ അദ്ദേഹത്തിനു രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. ജ്യേഷ്ഠപുത്രന്റെ പേർ രാജ്യവർദ്ധനൻ എന്നായിരുന്നു. കനിഷ്ഠപുത്രനായിരുന്നു ഹർഷൻ. ഇവരുടെ ഏകസഹോദരിയായ 'രാജ്യശ്രീ' ഹർഷനേക്കാൾ രണ്ടു വയസ്സിനു താഴെയായിരുന്നു.

ജ്യേഷ്ഠ(മിഥുന)മാസത്തിൽ കൃഷ്ണപക്ഷത്തിൽ ദ്വാദശിനാൾ സന്ധ്യയ്ക്കു ശേഷം കൃത്തികകൾ ഉച്ചത്തിൽ

നില്ക്കുന്ന സമയത്താണ ഹഷൻെറ ജനനം എന്നു ബാണ ൻെറ ഹഷചരിത്രത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. ഹ ഷ്ടൻെറ ഭ്രാതാവിന് അദ്ദേഹത്തേക്കാറം അഞ്ചു വയസ്സ മൂപ്പുണ്ടായിരുന്നു. രാജ്യവൎദ്ധനൻെറ സമവയസ്സനും യശോ വതിയുടെ സഹോദരപുത്രനും ആയ 'ബന്ദി' ഈ സഹോ ദരന്മാരുടെ സഖാവും സഞ്ചാരമചാരിയും ആയിരുന്നു. സ്വ പുത്രന്മാരുടെ സഖാക്കളായി പ്രഭാകരവൎദ്ധനൻ ബന്ദിക്കു പുറമെ രണ്ടുപേരെ തിരഞ്ഞെടുത്തു തനിക്കധീനപ്പെട്ട മാറംവയിലെ രാജകുമാരന്മാരായ കുമാരഗുപ്തനേയും മാധവ ഗുപ്തനേയുമാണ്. പ്രഭാകരവർദ്ധനൻെറ മേലന്വേഷണ ത്തിൽത്തന്നെയാണ് ഇവരേയും വളത്തിയിരുന്നത്. ഈ യുവാക്കന്മാരെ പലവിധത്തിലും പരീക്ഷിച്ചുനോക്കിയതിൽ അവർ നിഷ്കളങ്കന്മാരും വിവേകികളുമാണെന്നു ബോദ്ധ്യ പ്പെട്ടു.

രാജ്യശ്രീയെ പന്ത്രണ്ടോ പതിമ്മൂന്നോ വയസ്സായ പ്പോറം അവന്തിവമ്മൻമുഖാരിയുടെ പുത്രനായ ഗ്രഹവമ്മ നു വിവാഹം ചെയ്തുകൊടുത്തു. മുഖാരിവംശം വളരെകീൎത്തി പ്പെട്ടതായിരുന്നു എന്ന് ആദിത്യസേനൻെറ അപ്സാഡ് ശിലാലിഖിതത്തിൽനിന്നു നമുക്കു മനസ്സിലാകുന്നുണ്ട്. എ ന്നാൽ അവർ ഒരുകാലത്തും രാഷ്ട്രീയമായ പ്രാബല്യം പ്രാപിച്ചതായി കാണുന്നില്ല. പരസ്പരവിവാഹങ്ങറംകൊ ണ്ട് അവർ ഉത്തരേന്ത്യയിലുള്ള മിക്കപ്രധാനരാജകുടുംബ ങ്ങളായിട്ടും ബന്ധുത്വമുള്ളവരായിരുന്നു. അവർ മഗധയി ലെ ഗുപ്തരാജാക്കന്മാരോട് ഇടവിടാതെ കുടിപ്പകപോക്കി ക്കൊണ്ടിരുന്നതായി ശിലാലിഖിതങ്ങളിൽ കാണുന്നുണ്ട്.

രാജ്യവർദ്ധനനും ഹർഷനും വളൎന്നുവന്നതോടുകൂടി അവരുടെ പിതാവു രണ്ടുപേരേയും ഭരണകാൎയ്യത്തിൽ പരിശീലിപ്പിച്ചുകൊണ്ടു വന്നു. ഹിന്ദുരാജനീതിപ്രകാരം യുവരാജാവിന്നു പ്രത്യേക സ്ഥാനവും ഭരണകാൎയ്യത്തിൽ പിതാവിനെ സഹായിക്കേണ്ടുന്ന ചുമതലയുമുണ്ട്. അതുകൊണ്ടു രാജവർദ്ധനനു കവചം ധരിക്കാറായതോടുകൂടി പിതാവ് അദ്ദേഹത്തെ ഒരു വലിയ സൈന്യത്തിൻെറ അധിപതിയാക്കി നിശ്ചയിച്ച്, ലോകപരിചയമുള്ള ഉപദേഷ്ടാക്കളോടും രാജകുടുംബത്തോടു പ്രത്യേകം കൂറുള്ള സാമന്തന്മാരോടുംകൂടി ഹൂണന്മാരോടു യുദ്ധംചെയ്വാൻ ഉത്തരദേശങ്ങളിലേക്കയച്ചു. ഈ യാത്രയിൽ ഹർഷനും ജ്യേഷ്ഠനൊന്നിച്ചു പോയിരുന്നു. രാജകുമാരന്മാർ രണ്ടുപേരും രാജധാനി വിട്ടു പോയിരുന്ന കാലത്തു പ്രഭാകരവർദ്ധനൻ കഠിനമായ ഒരു രോഗത്തിൽപെട്ടു കിടപ്പായി. തനിക്കു യുദ്ധം ചെയ്വാനുള്ള പ്രായമായിട്ടില്ലാതിരുന്നതുകൊണ്ട് ഉടൻതന്നെ മരണശയ്യയിൽ കിടക്കുന്ന പിതാവിനെ ശുശ്രൂഷിക്കാനായി ഹർഷൻ രാജധാനിയിലേക്കുതന്നെ തിരിച്ചുപോന്നു. യുവരാജാവായ രാജ്യവർദ്ധനനു പോൎക്കളംവിട്ടു തിരിച്ചെത്തുവാൻ സാധിക്കുന്നതിന്നുമുമ്പു വൃദ്ധനായ രാജാവു കാലഗതി പ്രാപിച്ചു. യശോവതി സതീധൎമ്മം ആചരിച്ചു. ജ്യേഷ്ഠൻ തിരിച്ചെത്തുന്നതുവരെ രാജ്യം ഭരിക്കേണ്ടുഭാരം ഹർഷൻ കൈയേററു.

തൻെറ സ്ഥാനത്തു ഹർഷൻ രാജ്യഭരണം വേണ്ടപോലെ ചെയ്യുമെന്നു രാജ്യവർദ്ധനനു വിശ്വാസമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം പോൎക്കളംവിട്ടു രാജധാനിയിൽ ചെന്നുചേരാൻ തിടുക്കപ്പെട്ടില്ല. യുദ്ധം അവസാനിച്ച വിജയ

യായി രാജ്യവർദ്ധനൻ സ്വരാജ്യത്തെത്തി. പക്ഷെ അദ്ദേഹത്തിന്ന വീണ്ടും യുദ്ധത്തിന്ന പുറപ്പെടേണ്ടതായി വന്നു. രാജ്യവർദ്ധനൻ സ്വരാജ്യത്തെത്തിയ ഉടനെ തന്റെ സ്യാലനായ ഗ്രഹവർമ്മൻമുഖരിയെ മാളവാധിപതി വഞ്ചിച്ചു വധിച്ചതായും തന്റെ ഏകസഹോദരിയായ രാജശ്രീയെ ഒരു നികൃഷ്ടചോരന്റെ ഭാൎയ്യയെപ്പോലെ കാലന്മേൽ ഇരുമ്പുചങ്ങലയോടുകൂടി കന്യാകുബ്ജത്തിൽ ബന്ധനസ്ഥയാക്കിയിരിക്കുന്നതായും കേട്ടു. പ്രഭാകരവർദ്ധനന്റെ മരണവും ഹൂണന്മാരെ ജയിക്കാനായി രാജ്യവർദ്ധനന്റെ യാത്രയും ഒരേകാലത്തായതുകൊണ്ടു തന്റെ സ്വാതന്ത്ര്യാധികാരം സ്ഥാപിക്കാനുള്ള തക്കസമയം അതുതന്നെയെന്നു മാളവാധിപതി പക്ഷെ കരുതിയിരിക്കാം. രാജ്യവർദ്ധനൻ തന്റെ പ്രധാന മന്ത്രിയായ ബെന്ദി ഒരുമിച്ചു പുഷ്പഭൂതിയുടെ വംശത്തെ അവമാനിച്ചു ആ രാജദ്രോഹിയെ യഥായോഗ്യം ശിക്ഷിക്കാൻ പുറപ്പെട്ടു. ജ്യേഷ്ഠനെ യുദ്ധത്തിൽ സഹായിക്കുന്നതിന്നായി ഹർഷൻ തുനിഞ്ഞെങ്കിലും, രാജ്യവർദ്ധനന്റെ നിർബന്ധപ്രകാരം തലസ്ഥാനത്തുതന്നെ താമസിക്കേണ്ടി വന്നു.

ധിക്കാരിയായ മാളവാധിപതിയെ രാജ്യവർദ്ധനൻ യുദ്ധത്തിൽ പരാജിതനാക്കി അയാൾ ചെയ്ത ദുഷ്പ്രവൃത്തികൾക്കു മതിയായ പ്രതിക്രിയ ചെയ്തു. എന്നാൽ കർണ്ണസുവർണ്ണത്തിലെ ഗൌഡരാജാവും മാളവരാജാവിന്റെ സഖാവുമായ ശശാങ്കൻ ബന്ധുഭാവം നടിച്ചു രാജ്യവർദ്ധനനെ വഞ്ചിച്ചു വധിച്ചു. ഹർഷന്നു പ്രായപൂൎത്തി വന്നിട്ടുണ്ടായിരുന്നില്ല; രാജ്യവർദ്ധനന്നു സന്തതികൾ ഉണ്ടായിരുന്നെങ്കിലും

അവർ മൂലകുടിമാറാത്ത ശിശുക്കളായിരുന്നു; അതുകൊണ്ടു രാജ്യവർദ്ധനന്റെ അകാലമരണംമൂലം താനേശ്വരത്തിലെ രാജ്യഭരണം ദുർബ്ബലപ്പെട്ടുമെന്നും കൈക്കരുത്തുള്ള ആക്രമികൾക്ക് ആ രാജ്യം ഒരു ഇരയായിത്തീരുമെന്നുമാണു ശത്രുക്കൾ വിചാരിച്ചിരുന്നത്. മാൾവാധിപനെ പരാജിതനാക്കിയശേഷം കണ്ണസുവർണ്ണംകൂടി കീഴടക്കി തന്റെ രാജ്യത്തിന്റെ വിസ്താരം വർദ്ധിപ്പിക്കണമെന്നുള്ള രാജ്യവർദ്ധനന്റെ ഉദ്ദേശം മനസ്സിലാക്കി, വഞ്ചകനായ ശശാങ്കൻ താനേശ്വരാധിപനോടു നേരെനിന്നു പോർ ചെയ്യുന്നത് അസാദ്ധ്യമെന്നറിഞ്ഞു കീഴടങ്ങിയ നാട്യം നടിച്ച് അദ്ദേഹത്തെ കപടപ്രയോഗംകൊണ്ടു വധിച്ചതായിരിക്കും എന്നുള്ള അഭിപ്രായം ആദ്യത്തേതിനേക്കാൾ അധികം യുക്തിയുക്തമാകുന്നു. "പരമഭട്ടാരകമഹാരാജാധിരാജശ്രീ രാജ്യവർദ്ധനൻ[2] ദേവഗുപ്തന്മാരുടെ ഒരു രാജസമൂഹത്തെ കീഴടക്കിയതിനുശേഷം ലോകം മുഴുവൻ സ്വാധീനമാക്കേണ്ടതിന്നൊരുങ്ങി" എന്നു ശിലാലിഖിതങ്ങളിൽ കാണുന്നുണ്ട്. രാജദ്രോഹികളുടെ ഉദ്ദേശം താനേശ്വരരാജ്യത്തിന്റെ ഭഞ്ജനമോ, സ്വരാജ്യങ്ങളിൽ സ്വാതന്ത്ര്യാധികാരസ്ഥാപനമോ, എന്തുതന്നെയായാലും, സാദ്ധ്യമല്ലെന്ന് അധികം താമസിയാതെ തീർച്ചപ്പെട്ടു. എന്തുകൊണ്ടെന്നാൽ, 'സേനാപതി സിംഹനാദന്റെ' നേതൃത്വത്തിൽ താനേശ്വരത്തുള്ള പൌരശ്രേഷ്ഠന്മാർ യോഗംകൂടി ഹർഷനെ രാജാവായി പ്രഖ്യാപനം ചെയ്തു.

എന്തോ ചില കാരണങ്ങളാൽ ഹർഷനു സിംഹാസനാരോഹണം ചെയ്യുന്ന കാര്യത്തിൽ അല്പം വൈമനസ്യം

ഉണ്ടായി. കിരീടധാരണത്തെക്കുറിച്ചു ഹർഷനുണ്ടായ സംശയം തീരാഞ്ഞതിനാൽ, വളരെനാൾ കഴിഞ്ഞതിനുശേഷം മാത്രമേ സിംഹാസനാരോഹണം ചെയ്യാനായി അദ്ദേഹത്തെ സമ്മതിപ്പിക്കുവാൻ സാധിച്ചുള്ളു എന്നു ബാണനും യുവാൻചാങ്ങും പറയുന്നുണ്ട്. ഹർഷൻ ലൌകികവും ആത്മീയവുമായ വിരുദ്ധവികാരങ്ങൾകൊണ്ട് അസ്ഥിരചിത്തനായതിനാൽ, ഒരു ബോധിസത്വനെ വരുത്തി ഉപദേശം ചോദിച്ചപ്പോൾ, ആ മഹാത്മാവിന്റെ ഉപദേശം ഹർഷൻ സിംഹാസനാരോഹണം ചെയ്യാതെയും, രാജപദവികൾ സ്വീകരിക്കാതെയും രാജകീയമായ അധികാരങ്ങൾ നടത്താൻ വിരോധമില്ലെന്നായിരുന്നു എന്നാണു യുവാൻ ചാങ് പ്രസ്താവിച്ചു കാണുന്നത്. ഹർഷനു രാജ്യഭാരം സ്വീകരിക്കുവാനുണ്ടായ വൈമനസ്യം അദ്ദേഹം ബാല്യത്തിൽ തന്നെ സന്യാസമെടുത്തു പീതാംബരം സ്വീകരിച്ചിരുന്നതിനാലാണെന്നാകുന്നു വിൻസെന്റ് സ്മിത്തിന്റെ അഭിപ്രായം. ഇതു വാസ്തവമോ അവാസ്തവമോ എന്നു തീർച്ചപ്പെടുത്തുന്നതിനു യാതൊരു തെളിവുമില്ല. എന്നാൽ ഹർഷൻ ബുദ്ധമതത്തിൽ താല്പര്യം കാണിച്ചു തുടങ്ങിയതുതന്നെ യുവാൻചാങ്ങിന്റെ അഭ്യാഗമനത്തിനു ശേഷമാകയാൽ, സ്മിത്ത് അഭിപ്രായപ്പെട്ടുംപോലെ അദ്ദേഹം ബാല്യത്തിൽ ത്തന്നെ പീതാംബരം സ്വീകരിച്ചു എന്നനുമാനിക്കുന്നതു യുക്തിക്കു യോജിക്കാത്ത സംഗതിയാകുന്നു. വംശാവകാശമായി തനിക്കു സിദ്ധിക്കാൻ അർഹതയുള്ള ആ സ്ഥാനം സ്വീകരിക്കാൻ തന്നോട് ആവശ്യപ്പെട്ടപ്പോൾ യുവാവായ രാജകുമാരൻ വൈമനസ്യം കാണിച്ചതിനു മുഖ്യമായ കാരണം

സാമന്തന്മാരെല്ലാം ധിക്കാരികളും രാജദ്രോഹികളുമായിത്തീന്നിരുന്നതുകൊണ്ടു രാജ്യഭരണം ഒട്ടും സുകരമായിരിക്കയില്ലെന്നുള്ള ബോദ്ധ്യമായിരിക്കാം. അതല്ലെങ്കിൽ രാജ്യാവകാശിയായി രാജ്യവർദ്ധനന്ന് ഒരു സന്താനമുണ്ടായിരുന്നതിനാൽ, ആ ബാലന്റെ അവകാശം കൈക്കൊള്ളുകയായിരിക്കുമൊ എന്ന ഏടയിളക്കംകൊണ്ടായിരിക്കാം. രാജ്യത്തെ ആലോചനസഭക്കാരുടെയും വിദേശകാൎയ്യദൎശിയായ അവന്തിയുടെയും ഉപദേശങ്ങൾ ഹഷന്റെ ദുശ്ശങ്കകളെ നിരാകരിക്കവാൻ മതിയായില്ലെങ്കിലും, ബാണന്റെ അഭിപ്രായപ്രകാരം രാജ്യലക്ഷ്മിയുടെ സമയോചിതമായ സന്ദൎശനവും യുവാൻചാങ്ങന്റെ പക്ഷപ്രകാരം ബുദ്ധസന്യാസിയുടെ ദീഘദൎശനവുംകൊണ്ടു താൻ ഹിന്ദുസ്ഥാനത്തിലെ വിശ്രുതനായ ചക്രവൎത്തിയായിത്തീരുമെന്നുള്ള വിചാരം രാജ്യാധികാരം സ്വീകരിക്കാൻ പക്ഷെ അദ്ദേഹത്തെ പ്രേരിപ്പിച്ചിരിക്കണം.

ഹഷൻ രാജ്യഭാരം കൈയേററ ഉടനെ സഹോദരനെ വധിച്ചതിനും സഹോദരിയെ ദ്രോഹിച്ചതിനും പകരം ചോദിക്കാതിരിക്കുന്നതല്ലെന്നു സത്യം ചെയ്തു. ഹഷൻ ഉടനെ നടത്തേണ്ടിയിരുന്നതു രണ്ടു കാൎയ്യങ്ങളാണ്. അവയിൽ ഒന്നു കന്യാകുബ്ജത്തെ പിടിച്ചടക്കി അവിടെ തടവിൽ കിടക്കുന്ന സഹോദരിയെ രക്ഷിക്കുകയും മറെറാന്നു കൎണ്ണസുവൎണ്ണത്തിലെ രാജാവായ ശശാങ്കനെ തക്കതായി ശിക്ഷിക്കുകയുമായിരുന്നു. പോകുംവഴിക്കു കാമരൂപത്തിലെ രാജകുമാരനായ ഭാസ്കരവൎമ്മന്റെ ഒരു ദൂതൻ ഹഷനെ സന്ദൎശിച്ചു. ഭാസ്കരവൎമ്മൻ സുസ്ഥിരവൎമ്മന്റെ ഇളയ

പുത്രനായിരുന്നു. കാമരൂപത്തിൽ രാജ്യം ഭരിച്ചിരുന്നതു
ഭാസ്കരവർമ്മന്റെ ജ്യേഷ്ഠസഹോദരനായ സുപ്രതിഷ്ഠിതവ
ർമ്മനാണ്. അതുകൊണ്ടാണു യുവാൻചാങ് ഭാസ്കരവർമ്മ
നെ 'കുമാരൻ' എന്നു പറഞ്ഞിട്ടുള്ളത്. ഭാസ്കരവർമ്മൻ
ഹർഷനോടു സഖ്യം ചെയ്തത് ഒന്നുകിൽ ശക്തനായ ഒരു
ബന്ധുവിന്റെ സഹായത്തോടുകൂടി ജ്യേഷ്ഠനെ സ്ഥാനഭ്രഷ്ട
നാക്കുവാനൊ, അല്ലെങ്കിൽ കർണ്ണസുവർണ്ണത്തിലെ രാജാവു
രണ്ടുപേരുടേയും പൊതുവെയുള്ള ശത്രുവായിരുന്നതുകൊ
ണ്ടൊ ആയിരിക്കാം. എങ്ങിനെയായാലും, ഭാസ്കരവർമ്മ
ന്റെ സഖ്യം ഹർഷന്നു വളരെ സ്വീകാരയോഗ്യമായിത്തോ
ന്നി. എന്തുകൊണ്ടെന്നാൽ, കാമരൂപം കർണ്ണസുവർണ്ണത്തി
ന്റെ കിഴക്കെ അതിർത്തിയായിരുന്നതുകൊണ്ടു ഹർഷന്റെ
ഉദ്ദേശസാദ്ധ്യത്തിന് അത് ഒരു എളുപ്പവഴിയായിരുന്നു.
ഉൽക്കർഷേച്ഛുവും വിദ്വാനുമായ ഭാസ്കരവർമ്മൻ ഹർഷനുമാ
യുള്ള സ്നേഹബന്ധത്തിന്റെ വില നല്ലവണ്ണം ഗ്രഹിച്ചിരു
ന്നു. അതുകൊണ്ട് അവർ തമ്മിലുള്ള സ്നേഹബന്ധം അ
വസാനംവരെ നിലനിന്നതായി തെളിയുന്നുണ്ട്.

സ്വീകാര്യമായ ഈ സഖ്യത്തിന്നു ശേഷം ഹർഷൻ ശ
ശാങ്കന്റെ നേർക്കു സൈന്യസമേതം യാത്രയായി. ഈ സന്ദ
ർഭത്തിൽ മാളവ ആക്രമിക്കേണ്ടതിന്നു രാജ്യവർദ്ധനനൊന്നി
ച്ചു പോയിരുന്ന 'ബണ്ഡി' തടവുകാരേയും യുദ്ധത്തിൽ സ
മ്പാദിച്ച മററു സാമാനങ്ങളുംകൊണ്ടു ഹർഷനെ വന്നു ക
ണ്ടു. സഹോദരിയുടെ വൃത്താന്തം ഗ്രഹിക്കുവാൻ ഉൽക്കണ്ഠ
യോടുകൂടിയിരുന്ന ഹർഷനെ ബണ്ഡി അവളുടെ വർത്തമാനം

ധരിപ്പിച്ചു രാജ്യവർദ്ധനന്റെ മരണവൃത്താന്തം കേട്ട ഉടനെ ആ രാജകുമാരി തനിക്ക് അതേവരെ സംഭവിച്ചിട്ടുള്ളതിൽ അധികമായ അപമാനവും കഷ്ടതകളും, കന്യാകുബ്ജത്തെ കീഴടക്കിയ നരേന്ദ്രഗുപ്തനിൽനിന്നുണ്ടാകുമെന്നു ഭയപ്പെട്ടു തടവിൽനിന്നു രക്ഷപ്പെട്ടു വിന്ധ്യാദ്രിയെ പ്രാപിച്ചു എന്ന വർത്തമാനവും ബണ്ഡി ഹർഷനെ അറിയിച്ചു. ശശാങ്കനോടു യുദ്ധം ചെയ്യുവാൻ ബണ്ഡിയെ സേനാനായകനായി നിയമിച്ചു ഹർഷൻ ഉടനെതന്നെ സഹോദരിയെ അന്വേഷിക്കേണ്ടതിന്നു പുറപ്പെട്ടു. കിരാതന്മാരുടെ തലവനായ നിർകംപന്റെ മരുമകനായ നിർഘാതന്റെ സഹായത്തോടുകൂടി ഹർഷൻ വിന്ധ്യാദ്രിയുടെ പ്രദേശങ്ങളിൽ മുഴുവൻ തിരഞ്ഞ് ഒടുവിൽ ആത്മഹത്യ ചെയ്യാൻ ഒരുങ്ങിക്കൊണ്ടിരുന്ന സഹോദരിയെ കണ്ടു. വൈധവ്യം സംഭവിച്ച ഒരു സ്ത്രീ മനോദുഃഖമാകുന്ന അഗ്നിജ്വാലയുടെ വെറും വിറകുകൊള്ളിയായി ജീവിക്കുന്നത് അവളുടെ ചാരിത്രത്തിന്നു ഹാനികരമാകയാൽ, ഒരു സന്യാസിനിയായി കാലംകഴിപ്പാൻ തന്നെ അനുവദിക്കണമെന്നു രാജ്യശ്രീ ഹർഷനോട് അപേക്ഷിച്ചു. ഈ അപേക്ഷ ഹർഷൻ സ്വീകരിച്ചു എന്നാണു വിചാരിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ, സഹോദരിക്കു ബുദ്ധമതതത്വങ്ങളെ ഉപദേശിക്കേണ്ടതിന്ന് അദ്ദേഹം പ്രസിദ്ധപ്പെട്ട ഒരു ബൌദ്ധസന്യാസിയെ നിയോഗിച്ചതായി പറയുന്നുണ്ട്.

ശശാങ്കനോടുള്ള യുദ്ധത്തിൽ ബണ്ഡിക്കുണ്ടായ ജയാപജയങ്ങളെപ്പറ്റി ബന്ധിതമായ യാതൊരറിവും ഇല്ല. എന്നാൽ ആ ഗൌഡരാജാവു ഹർഷനെ മേല്ക്കോയ്മയായി

സ്വീകരിച്ചതിനാൽ ഒരു സാമന്തരാജാവിൻെറ നില യിൽ രാജ്യഭാരം ചെയ്യുന്നതിന്ന് അനുവദിക്കപ്പെട്ടതായി വിചാരിക്കേണ്ടിയിരിക്കുന്നു. "രോഹഷ്ഘട്ട"ത്തിലുള്ള ഒരു സ്മാരകമണ്ഡപത്തിന്മേൽ ഇദ്ദേഹത്തെ 'മഹാസാമന്തൻ' എന്നു പറഞ്ഞിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ, അല്പ കാലത്തിനുള്ളിൽ, ക്രിസ്ത്വാബ്ദം 619-ാമാണ്ടിലെ ഒരു ശി ലാലിഖിതത്തിൽനിന്ന് ഇദ്ദേഹം വീണ്ടും സ്വാതന്ത്ര്യാധികാ രത്തോടുകൂടി ലഹളകൂട്ടാരുങ്ങിയതായും "മഹാരാജാധിരാജ ശശാങ്കൻ" എന്നുള്ള പേർ സ്വീകരിച്ചതായും തെളിയുന്നു ണ്ട്. പക്ഷെ, ഈ ധിക്കാരം അധികകാലത്തേക്കു നില നിന്നി ല്ല. എന്തുകൊണ്ടെന്നാൽ, അധികം താമസിയാതെ കണ്ണ സുവണ്ണത്തിൻെറ ഏതാനും ഭാഗം ഹഷൻെറ സാമ്രാജ്യ ത്തോടും വേറൊരു ഭാഗം ഭാസ്കരവമ്മൻെറ രാജ്യമായ കാമരൂപത്തോടും ചേക്കപ്പെട്ടു. ഹഷനു തൻെറ സഖാ വിൽനിന്നു വലിയ സഹായമുണ്ടായി എന്നും, കണ്ണസുവണ്ണ ത്തിൻെറ കിഴക്കുഭാഗം പിടിച്ചടക്കി കാമരൂപത്തോടു ചേ ക്കപ്പെട്ടു എന്നും 'നിധനപുര'ത്തിലുള്ള ഭാസ്കരവമ്മൻെറ ചെമ്പുപട്ടയത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. കണ്ണസു വണ്ണം കീഴടക്കിയതോടുകൂടി ഉത്തരേന്ത്യമുഴുവനും ഹഷ ൻെറ അധീനത്തിലായിത്തീന്നിരിക്കണം. രാജ്യവർദ്ധന ൻെറ കാലത്തു മാൾവയും അതിനു മുമ്പു പ്രഭാകരവർദ്ധന ൻെറ കാലത്തു ഹൂണന്മാരെ തോല്പിച്ചോടിച്ചു പശ്ചിമോ ത്തരപ്രദേശങ്ങളും പിടിച്ചടക്കിയിരുന്നു. വാസ്തവത്തിൽ ഹ ഷൻെറ ഉത്തരേന്ത്യാസാമ്രാജ്യം മുഴുവനും സ്വയാജ്ജിതമാ ണെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ, പ്രഭാകര

വർദ്ധനൻ സ്ഥാപിച്ച അസ്ഥിവാരത്തിന്മേൽ അദ്ദേഹം പടുത്തുകെട്ടി ഉയൎത്തുകമാത്രമാണ് ഉണ്ടായത്.

രാജ്യഭാരം സ്വീകരിച്ച് ആറുകൊല്ലം കഴിഞ്ഞപ്പോഴേക്കും യുവാവായ രാജാവ് ഉത്തരേന്ത്യയിലെ ഏകഛത്രാധിപതിയായി. ഹൎഷൻ നേപാളം ആക്രമിച്ചു കീഴടക്കീട്ടുണ്ടോ എന്നുള്ള കാൎയ്യത്തിൽ പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം കാണുന്നുണ്ട്. ആ കാൎയ്യത്തെപ്പററി പറയുവാനുള്ള സംഗതികൾ താഴെ പറയുന്നവയാണ്. ‘ശ്രീഹൎഷാബ്ദം 34’ എന്നു നേപാളാധിപനായ അംശുവൎമ്മനാൽ രേഖപ്പെടുത്തിയ ഒരു ശിലാലിഖിതം ‘ഖട്ടമണ്ഡപ’ത്തിൽനിന്നു നാലുനാഴിക തെക്കുള്ള ഒരു സ്ഥലത്തു കണ്ടിരിക്കുന്നു. അടുത്തകാലത്തു നേപാളത്തിൽ അംശുവൎമ്മൻ എന്നൊരു രാജാവുണ്ടായിരുന്നുവെന്നും അദ്ദേഹം ‘ശബ്ദവിദ്യ’ എന്നൊരു ഗ്രന്ഥം എഴുതീട്ടുണ്ടെന്നും യുവാൻചാങ് പറയുന്നുണ്ട്. അംശുവൎമ്മൻ രാജാവാകുന്നതിനു മുമ്പു വിക്രമാദിത്യൻ നേപാളത്തെ ആക്രമിച്ച് അവിടെ അദ്ദേഹത്തിന്റെ ശകം നടപ്പാക്കി എന്നു നേപാളവംശാവലിയിൽ പറഞ്ഞു കാണുന്നു.

ഇവയ്ക്കുപുറമെ, ഹൎഷൻ ഹിമാലയപാൎശ്വത്തിൽ ദുൎഗ്ഗമമായ ഒരുരാജ്യം പിടിച്ചടക്കിയതായി ഹൎഷചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രബലമായ ഈ ലക്ഷ്യങ്ങൾക്കു വിപരീതമായ രണ്ടു നിസ്സാരസംഗതികളുണ്ട്. ഒന്നാമതായി നേപാളവംശാവലിയിൽ ഒരു അംശുവൎമ്മനെപ്പററിമാത്രമേ പറഞ്ഞുകാണുന്നുള്ളൂ. അദ്ദേഹം കലിവൎഷം 3000-ാമാണ്ടിൽ (ക്രി. മു. 101 ൽ) കിരീടധാരണം ചെയ്തതായിട്ടാണു പറയു

ണ്ടത്, കാലനിർണ്ണയം ചെയ്യുന്ന കാര്യത്തിൽ നേപാളവംശാവലിക്കു പ്രാധാന്യം കല്പിച്ചിട്ടാവശ്യമില്ല. വിശേഷിച്ചും അംശുവർമ്മനും യുവാൻചാങ്ങും ഏകദേശം സമകാലീനന്മാരായിരുന്നുവെന്നു യുവാൻചാങ്ങ് പറയുന്ന സ്ഥിതിക്ക് ഈ വാദം നിസ്സാരമെന്നേ വിചാരിക്കാനുള്ളു. രണ്ടാമതൊരു കാരണം പറയുവാനുള്ളത് ഇതിലും ഗൌരവമേറിയതാണ്. "അടുത്തകാലത്ത് അംശുവർമ്മൻ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു" എന്നു യുവാൻചാങ്ങ് പ്രസ്താവിച്ചു കാണുന്നതിൽനിന്ന് അയാൾ ഇന്ത്യയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്താണ് അദ്ദേഹം കാലഗതി പ്രാപിച്ചതെന്ന് ഊഹിക്കാം. 637-നും 642-നും മദ്ധ്യയുള്ള കാലങ്ങളിലാണു യുവാൻചാങ്ങ് ഇന്ത്യയിൽ സഞ്ചരിച്ചിരുന്നത് എന്ന സംഗതി അവിതർക്കിതമായി സ്ഥാപിച്ചിട്ടുണ്ട്. അക്കാലത്ത് അംശുവർമ്മൻ ജീവിച്ചിരുന്നില്ലെങ്കിൽ, മേൽപ്രസ്താവിച്ചിരിക്കുന്ന ലെട്ടമണ്ഡപശിലാലിഖിതത്തിൽ 'ഹർഷാബ്ദം 34' എന്നു കാലനിർണ്ണയം ചെയ്യാൻ അദ്ദേഹത്തിന്നു സാധിക്കുന്നതല്ലായിരുന്നു. ഹർഷൻ സിംഹാസനാരോഹണം ചെയ്തത് ഒരിക്കലും 606-ന്നു മുമ്പാകുവാൻ തരമില്ലെന്നു നമുക്കറിയാവുന്നതാണ്. അതുകൊണ്ടു 'ഹർഷാബ്ദം 34' എന്നു പറയുന്നതു ക്രിസ്ത്വാബ്ദം 640-ാമാണ്ടായിരിക്കുന്നതാണ്. യുവാൻചാങ്ങിന്റെ പ്രസ്താവനയെ നാം സ്വീകരിക്കുന്നതായാൽ, ഇതു നിശ്ചയമായും അസാദ്ധ്യമായിരിക്കും. എന്നാൽ, നമ്മുടെ ചീനത്തുകാരൻ നേപാളത്തു പോയിട്ടുള്ളതായി അയാൾ പ്രസ്താവിക്കുന്നില്ലെന്ന് ഓർമ്മ വെക്കേണ്ടതാകുന്നു. അയാളുടെ ജീവചരിത്ര

ത്തിൽ വേതപുരത്തിന്നും മഗധത്തിന്നും മദ്ധ്യേ യാതൊരു സ്ഥലവും പറഞ്ഞു കാണുന്നില്ല. ഇതെല്ലാം ആലോചിച്ചു നോക്കുമ്പോൾ അംശുവർമ്മന്റെ മരണത്തെപ്പററി യുവാൻചാങ്ങിന്നു കിട്ടിയിരിക്കുന്ന വിവരം ശരിയല്ലെന്നു വരാവുന്നതാണ്. ഇത് എങ്ങിനെയായാലും രണ്ടു സംഗതികൾ അവിതർക്കിതമായിത്തന്നെ നില്ക്കുന്നുണ്ട്. 1. അംശുവർമ്മൻ എന്ന നാമധേയത്തോടുകൂടിയ ഒരു രാജാവ് 7-ാം നൂററാണ്ടിന്റെ ആരംഭത്തിൽ നേപാളത്തെ ഭരിച്ചിരുന്നു. 2. ആ ഇടയ്ക്കുതന്നെ ഏർപ്പെടുത്തിയ ഒരു പുതിയ ഹിന്ദുശകമാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. ആര്യാവർത്തത്തെ ആസകലം അടക്കി ഭരിക്കുന്ന ചക്രവർത്തിമാർ മാത്രമേ പുതിയ ശകം ഏർപ്പെടുത്താറുള്ളു എന്നു നമുക്ക് അറിയാവുന്നതുകൊണ്ട് ഏഴാം നൂററാണ്ടിന്റെ ആദിയിൽ ഹർഷശകമല്ലാതെ വേറെ ഒന്നും ഉണ്ടായിരിക്കുവാൻ തരമില്ല. നേപാളശിലാലിഖിതങ്ങളിൽ കാണുന്ന ശകം ഹർഷന്റേതുതന്നെയാണെന്നു സ്പഷ്ടമാകേണ്ടതിന്ന് ഇതിന്നു പുറമെ ഒരു കാരണവുംകൂടെയുണ്ട്. നേപാളചരിത്രരേഖകളിൽ 12-ം 13-ം ആയി ചേർത്തിട്ടുള്ള ശിവദേവന്റെ ശിലാശാസനങ്ങളുടെ കാലം '119-ം, 113-ം' ആകുന്നു. ജയദേവന്റെ 153-ലെ ശിലാലിഖിതത്തിൽനിന്നു ശിവദേവൻ ആദിത്യസേനന്റെ പൌത്രിയെ വിവാഹം ചെയ്തതായി കാണുന്നുണ്ട്. ആദിത്യസേനന്റെ കാലം അദ്ദേഹത്തിന്റെ 'അപ്സാഡ്' ശിലാലിഖിതത്തിൽനിന്ന് എളുപ്പത്തിൽ നിശ്ചയിക്കാവുന്നതാണ്. ആ ലിഖിതത്തിൽ ആദിത്യസേനന്റെ പിതാവായ മഹാസേനഗുപ്തൻ ഹർഷന്റെ സ്നേഹിതനും സമകാലീനനുമായിരുന്നു എന്നു

ണു കാണുന്നതു്. ആദിത്യസേനന്റെ 'ഷാപ്പുരം' ശിലാവിഗ്രഹലിഖിതം ക്രിസ്താബ്ദം 672-ലേതാകുന്നു. അദ്ദേഹത്തിന്റെ പൌത്രിയായ വത്സാദേവി നേപാളത്തിലെ ശിവഗുപ്തനെയാണു വിവാഹം ചെയ്തിരുന്നതു്. അദ്ദേഹത്തിന്റെ ഭരണകാലവും പൌത്രിയുടെ യൌവനദശയും തമ്മിൽ 50 കൊല്ലത്തെ വ്യത്യാസമുണ്ടെന്നു കണക്കാക്കുന്നതായാൽ, ശിവദേവന്റെ ഭരണം ക്രിസ്താബ്ദം 720നുമേലാണെന്നു നിർണ്ണയിക്കാം. ശിവദേവന്റെ ആദ്യത്തെ ലിഖിതം 119-ാം സംവത്തു് എന്നാണു പറയുന്നതു്; ഇതിനെ ഹർഷസിംഹാസനാരോഹണതിയ്യതിയോടു കണക്കാക്കുമ്പോൾ ഇതു ക്രി. അ. 725-ാമാണ്ടിലാണെന്നു തെളിയും. ഇതിൽനിന്നു നേപാളത്തു ഹർഷശകംതന്നെയാണു നടപ്പായിരുന്നതെന്നും ഹർഷൻ ദുർഗ്ഗമമായ ആ ദൂരരാജ്യത്തുപോലും രാജാധിരാജനായി സമ്മതിക്കപ്പെട്ടിരുന്നു എന്നും സ്പഷ്ടമാകുന്നുണ്ടു്.

ഹർഷൻ തന്റെ രാജ്യത്തിന്റെ തലസ്ഥാനം താനേശ്വരത്തുനിന്നു കന്യാകുബ്ജത്തിലേക്കു്— അതായതു് ഇപ്പോഴത്തെ കനൌജിലേക്കു — മാററിയതു വടക്കെ ഇന്ത്യയെ കീഴടക്കിയതിനുശേഷമായിരിക്കണം. കന്യാകുബ്ജം അക്കാലത്തു് ഒരു പ്രധാന നഗരമായിരുന്നു. ആ പട്ടണത്തിനു 20 ഇലി നീളവും അഞ്ചോ ആറോ ഇലി വീതിയും ഉണ്ടായിരുന്നു എന്നു യുവാൻചാങ്ങ് പറയുന്നുണ്ടു്. അതിന്റെ പടിഞ്ഞാറെ അതൃത്തിയായി ഗംഗാനദി ഒഴുകിയിരുന്നു. മററു മൂന്നുഭാഗങ്ങളിലും വിസ്താരമുള്ള കിടങ്ങുകളും വളരെ ഉന്നതങ്ങളും പരസ്പരോന്മുഖങ്ങളുമായ പ്രസാദങ്ങളും ഉണ്ടായിരുന്നു. 'ടോളിമി' കന്യാകുബ്ജത്തെപ്പററി പ്ര

സ്ഥാപിച്ചകാലത്തുകൊണ്ടുതന്നെ, ഹർഷൻ തലസ്ഥാനമാക്കി നിശ്ചയിച്ച കാലത്തു കന്യാകുബ്ജം കേവലം ഒരു ചെറിയ നഗരമല്ലായിരുന്നു എന്നു നിശ്ചയിക്കാം. ഫാഹീനിന്റെ കാലത്തുതന്നെ 'ഹീനയാന'വർഗ്ഗക്കാരുടെ വക രണ്ടു സംഘാരാമങ്ങൾ ഇവിടെ ഉണ്ടായിരുന്നതായി അദ്ദേഹം പറയുന്നുണ്ട്. ഈ നഗരത്തിനു സമീപത്തുവെച്ചാണത്രെ 'ബുദ്ധൻ' ലോകത്തിന്റെ അനിത്യതയേയും സംസാരദുഃഖത്തെയും പററി ശിഷ്യന്മാരോടു പ്രസംഗിച്ചത്. ഈ വക യോഗ്യതകളെല്ലാം അന്നുതന്നെ ഉണ്ടായിരുന്നെങ്കിലും, ഹർഷന്റെ തലസ്ഥാനമായപ്പോൾ ഇതു മൌര്യന്മാരുടെ പാടലീപുത്രത്തെയും ഗുപ്തന്മാരുടെ ഉജ്ജയിനിയേയും അതിശയിക്കത്തക്ക മാഹാത്മ്യത്തോടുകൂടിയതായിത്തീർന്നിരിക്കണം. യുവാൻചാങ് ഈ സ്ഥലത്തെ സന്ദർശിച്ച കാലത്ത് ഇവിടെ നൂററിൽപരം സംഘാരാമങ്ങളും ഇരുനൂറോളം ഹിന്ദുക്ഷേത്രങ്ങളും ഉണ്ടായിരുന്നതായി പറയുന്നുണ്ട്. പുതിയ പട്ടണങ്ങൾ പണിചെയ്തോ പഴയവയെ പുതുക്കിയോ ഇതിഹാസപ്രസിദ്ധന്മാരായ രാജാക്കന്മാരുടെ പ്രധാനനഗരങ്ങളുടെ തുല്യയോഗ്യതയുള്ളതാക്കിത്തീക്കുന്നത്, ഇന്ത്യയിൽ പണ്ടുപണ്ടേയുള്ള പ്രതാപശാലികളായ ചക്രവത്തികൾ—യുധിഷ്ഠിരൻ മുതൽ അക്ബർവരെ—ആചരിച്ചിട്ടുള്ള ഒരു സമ്പ്രദായമാകുന്നു.

'ഫത്തെപൂർ സിക്രി'യിലെ അതിമനോഹരമായ ജീർണ്ണാവശേഷങ്ങൾ ഇന്ത്യയിലെ മഹാരാജാക്കന്മാൎക്ക് ഈ വിഷയത്തിലുള്ള താല്പയ്യത്തിനു മതിയായ ലക്ഷ്യമാകുന്നു. പുരാണപ്രസിദ്ധങ്ങളായ നഗരങ്ങളോട് ഉപമിക്കത്തക്ക യോഗ്യത തന്റെ പുതിയ തലസ്ഥാനത്തിന്നുണ്ടാക്കിത്തീ

ക്കേണ്ടതിന്നു ഹർഷൻ ചെയ്ത പ്രയത്നങ്ങളുടെ ഫലമായി ആ നഗരം അദ്ദേഹത്തിൻെറ മരണശേഷവും വളരെക്കാലം, പന്ത്രണ്ടാംനൂററാണ്ടിൽ മുഹമ്മദു ഘോരിയുടെ ആക്രമണകാലത്തുപോലും, വളരെ മഹിമയോടുകൂടി നിന്നിരുന്നതായി നമുക്കറിയാം.

ഹർഷൻ തലസ്ഥാനം മാററിയതു വെറുതെ ഒരു പുതുമയ്ക്കോ നേരംപോക്കിന്നോ വേണ്ടിയല്ല. അദ്ദേഹത്തിൻെറ മുൻഗാമികളുടെ കാലത്തു തലസ്ഥാനമായിരുന്ന താനേശ്വരത്തിന്ന് ഒരു ചെറിയ രാജ്യത്തിൻെറ തലസ്ഥാനമെന്ന അവസ്ഥയേ ഉണ്ടായിരുന്നുള്ളു.

ഹർഷൻെറ സാമ്രാജ്യസീമ കാമരൂപത്തിൻെറ അതിർത്തിവരെ വിസ്തൃതമാക്കുകയും തൻെറ അധികാരം ഉത്തരേന്ത്യയിൽ സുസ്ഥിരമാക്കുകയും ചെയ്തപ്പോൾ, തൻെറ അധികാരത്തെ രാജ്യമാസകലം നടത്തേണ്ടതിന്നു സാമ്രാജ്യമദ്ധ്യത്തിൽതന്നെ ഒരു തലസ്ഥാനം സ്ഥാപിക്കേണ്ടതു് അത്യാവശ്യമായി വന്നു. എന്നുതന്നെയല്ല, താനേശ്വരം ഉത്തരപശ്ചിമപ്രദേശങ്ങളിൽനിന്നു ശത്രുക്കൾക്ക് എളുപ്പത്തിൽ ആക്രമിക്കാവുന്ന സ്ഥിതിയിലുമായിരുന്നു. ഹൂണന്മാർ തല്ക്കാലം ഇന്ത്യയിൽനിന്നു ബഹിഷ്കരിക്കപ്പെട്ടിരുന്നു എങ്കിലും അവർ ഇന്ത്യയുടെ പര്യന്തപ്രദേശങ്ങളിൽ സ്ഥാനമുറപ്പിച്ചിരുന്നതുകൊണ്ടു താനേശ്വരംപോലെ അനാവൃതമായ ഒരു പട്ടണം തലസ്ഥാനമാക്കുന്നതു് ആപൽക്കരമായിരുന്നു. ഈ കാരണങ്ങൾകൊണ്ടു തൻെറ തലസ്ഥാനം സാമ്രാജ്യമദ്ധ്യത്തിലേക്കു മാററുന്നതു ബുദ്ധിപൂർവ്വമായിരിക്കുന്നതാണെന്നു ഹർഷന്നു തോന്നിയതിനാലായിരിക്കണം അദ്ദേഹം അങ്ങിനെ ചെയ്തത്.

ഉത്തരേന്ത്യമുഴുവനും തന്റെ അധികാരസീമയിൽപ്പെട്ടിരുന്നെങ്കിലും ഹർഷൻ അതുകൊണ്ടും തൃപ്തിപ്പെട്ടില്ല. അദ്ദേഹത്തിന്റെ ആഗ്രഹം സമുദ്രഗുപ്തനെപ്പോലെ ഭാരതവർഷം മുഴുവനും കീഴടക്കി ഭരിക്കണമെന്നായിരുന്നു. ഈ ഉദ്ദേശത്തോടുകൂടി അദ്ദേഹം ഒരു സൈന്യവുമായി ദക്ഷിണഖണ്ഡത്തിലേക്കു പുറപ്പെട്ടു. എന്നാൽ ഈ കാര്യത്തിൽ സമുദ്രഗുപ്തന്റെ വിജയപരാക്രമങ്ങളെ പ്രദർശിപ്പിക്കുവാനുള്ള യോഗം അദ്ദേഹത്തിനുണ്ടായില്ല. എന്തുകൊണ്ടെന്നാൽ, വിജയഘോഷത്തോടുകൂടി ഹർഷൻ നർമ്മദാതീരത്തെത്തിയപ്പോൾ, അദ്ദേഹത്തിന്റെ മുൻഗതിയെ തടയത്തക്ക ശക്തിയോടുകൂടി തന്നോടു തുല്യനായ ഒരു വൈരി അവിടെ തയ്യാറുണ്ടായിരുന്നു. ഇതു ചാലൂക്യരാജാവായ രണ്ടാം പുലികേശനാണ്. ആറാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഒന്നാം പുലികേശനാൽ പ്രതിഷ്ഠിക്കപ്പെട്ട ചാലൂക്യസാമ്രാജ്യം മഹാരാഷ്ട്രത്തിലെ പല വർഗ്ഗക്കാരേയും ഒന്നിച്ചുചേർത്തു പ്രബലപ്പെടുത്തിയ ഒന്നായിരുന്നു. ഒന്നാംപുലികേശൻ തനിക്ക് അശ്വമേധയാഗം ചെയ്യുന്നതിനു യോഗ്യതയുണ്ടെന്നു വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ കീർത്തിവർമ്മൻ പിതാവിന്റെ പരാക്രമങ്ങളെ തുടർന്ന് അംഗം, വംഗം, മഗധം മുതലായ രാജ്യങ്ങളെല്ലാം കൈവശപ്പെടുത്തി പിതാവിന്റെ വിജയത്തെ വിസ്തൃതമാക്കിയെന്നു മഹാകൂടശിലാലിഖിതത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. കീർത്തിവർമ്മൻ സേനാനന്ദരാജാവിന്റെ പുത്രിയെ വിവാഹം ചെയ്തതായി ചിപ്ലൻതാമ്രപട്ടയങ്ങളിൽ പറഞ്ഞിട്ടുമുണ്ട്. എന്നാൽ അദ്ദേഹം പുത്രനു രാജ്യഭാരം

ചെയ്യത്തക്ക പ്രായപൂത്തി വരുന്നതിന്നുമുമ്പു മരിച്ചതായി ട്ടാണു പറയപ്പെട്ടിരിക്കുന്നത്. മരിച്ച രാജാവിന്റെ സഹോദരനായ മംഗളേശൻ ബലാൽക്കാരമായി സിംഹാസനാരോഹണം ചെയ്തു എന്നും തന്നിമിത്തം കീത്തിവമ്മന്റെ പുത്രനായ പുളികേശൻ രാജ്യഭ്രഷ്ടന്റെ നിലയിൽ തീൎത്ഥാടനം ചെയ്യാൻ നിശ്ചയിച്ചു എന്നും ഫലിതമായി പറഞ്ഞുകാണുന്നുണ്ട്. എന്നാൽ മംഗളേശന്റെ മരണാനന്തരം ക്രിസ്ത്വാബ്ദം 609-ാമാണ്ടിൽ പുളികേശൻ സ്വരാജ്യത്തേക്കു തിരിച്ചുവരുകയും യാതൊരു തടസ്ഥവും കൂടാതെ പൈതൃകമായ രാജ്യം കരസ്ഥമാക്കുകയും ചെയ്തു.

രണ്ടാം പുളികേശൻ വടക്കു വിന്ധ്യാചലംമുതൽ തെക്കു പല്ലവരാജ്യംവരെ നീണ്ടുകിടന്നിരുന്ന വിസ്താരമേറിയ രാജ്യത്തിന്റെ അവകാശിയായിത്തീൎന്നു. എന്നുതന്നെയല്ല, പിന്നീടു സ്വരാജ്യത്തെ വീണ്ടും വിസ്തൃതമാക്കുകയും ചെയ്തു. മാളവന്മാർ, ഗുൎജ്ജരന്മാർ, കലിംഗന്മാർ എന്നിവരെ അദ്ദേഹം കീഴടക്കിയതായി ക്രിസ്ത്വാബ്ദം 634-ലെ അദ്ദേഹത്തിന്റെ "ഐഹോൾ" ശിലാലിഖിതത്തിൽ കാണുന്നുണ്ട്. പ്രതാപശാലിയായ ഈ രണ്ടാംപുളികേശനാണു ഹർഷന്റെ ദക്ഷിണദേശത്തേക്കുള്ള ഘോഷയാത്രയെ തടഞ്ഞത്. ഹർഷനും പുളികേശനും തമ്മിൽ ഇപ്രകാരം നേരിട്ടത് ഏതുകൊല്ലത്തിലാണെന്നു കൃത്യമായി പറയുവാൻ കഴിയുന്നതല്ല. ക്രിസ്ത്വാബ്ദം 620-ൽ ആണെന്നു വിൻസെന്റ്സ്മിത്തിന്റെ "പ്രാചീനഇന്ത്യാചരിത്രം" എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും, അത് ഒട്ടും ശരിയല്ല. എന്തുകൊണ്ടെന്നാൽ, പുളികേശന്റെ പൂൎവ്വകാലത്തു സംഭ

വിച്ചതെങ്കിൽ, നിസ്സംശയം സ്തുത്യർഹവും അഭിമാനഹേതുകവുമായ ഈ സംഭവത്തെ കുറിച്ചു സ്വഭാവേന അഭിമാനിയായ അദ്ദേഹത്തിൻെറ പരാക്രമങ്ങളെ പ്രഖ്യാപനം ചെയ്യുന്ന ഐഹോളെ ലിഖിതങ്ങളിൽ പ്രത്യേകം പ്രസ്താവിച്ചു കാണേണ്ടതായിരുന്നു. അതിൽ ഇങ്ങിനെ ഒരു സംഭവത്തെപ്പററി യാതൊന്നും കാണുന്നതേയില്ല. എന്നാൽ 636-നു ശേഷമുള്ള ശിലാലിഖിതങ്ങളിൽ പല തവണയും ഹർഷപുളികേശന്മാർ തമ്മിലുണ്ടായ യുദ്ധത്തെക്കുറിച്ചു പറയുകയും, പുളികേശനെ "ഹർഷവിച്ഛേദഹേതു" എന്നു പുകഴ്ത്തുകയും ചെയ്തുകാണുന്നുണ്ട്. എന്നുമാത്രമല്ല, "ഭയവിഗലിതഹർഷോ യേന ചാകാരിഹർഷഃ" എന്നുംകൂടെ മറെറാരിടത്തു പറഞ്ഞിരിക്കുന്നു. അപ്രധാനങ്ങളായ പല വിജയങ്ങളേയും വർണ്ണിച്ചിരിക്കുന്ന ശിലാലിഖിതങ്ങളിൽ തൻെറ പ്രതാപത്തിന്നു ഉത്തമദൃഷ്ടാന്തമായ ഈ സംഭവത്തെപ്പററി പുളികേശൻ പ്രസ്താവിക്കാതിരിക്കുന്നതല്ല. അതുകൊണ്ടു ഹർഷൻ ദക്ഷിണഖണ്ഡത്തെ ആക്രമിച്ചതും പുളികേശനാൽ പരാജിതനായതും 'വിൻസെൻറ് സ്മിത്ത്' പറയുമ്പോലെ 620-ൽ അല്ലെന്നും ക്രിസ്ത്വാബ്ദം 636-ലാണെന്നും സ്പഷ്ടമാകുന്നു.

ഹർഷൻ വല്ലഭിരാജാവായ ധ്രുവസേനനെ പരാജിതനാക്കിയത് 636-ലാണെന്നറിയുമ്പോൾ, മേല്പറഞ്ഞ സംഗതി കുറെക്കൂടെ സംഭാവ്യമാണെന്നു തെളിയുന്നതാണ്. ഈ ധ്രുവസേനൻ അവിവേകിയും ക്ഷുദ്രബുദ്ധിയും, പക്ഷേ ബുദ്ധമതതത്വങ്ങളിൽ നിർവ്യാജമായി വിശ്വസിച്ചിരുന്നവനുമാണെന്നു യുവാൻചാങ് അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ഹർഷൻ

ഈ ധ്രുവസേനനോടു * യുദ്ധംചെയ്തു് അദ്ദേഹത്തെ തോല്പിച്ചു രാജ്യം കീഴടക്കി. പരാജിതനായ ധ്രുവസേനൻ ബ്രോച്ചിലെ 'ദാദാപത്തുൎത്ഥ'നെ അഭയം പ്രാപിച്ചു. ദാദാപത്തുൎത്ഥന്റെ മദ്ധ്യസ്ഥതകൊണ്ടും ചാലൂക്യരാജാവിനോടുള്ള യുദ്ധത്തിൽ തന്റെ സൈ്വരഗതിക്കുണ്ടാകാവുന്ന പ്രതിബന്ധം തീൎക്കേണ്ടതുകൊണ്ടും ഹൎഷൻ വല്ലഭിരാജാവിനോടു ദയാപൂൎവ്വമാണു വൎത്തിച്ചതെന്നും അദ്ദേഹത്തെ വീണ്ടും സിംഹാസനത്തിൽ പ്രവേശിപ്പിച്ചു എന്നും സ്വപുത്രിയെ അദ്ദേഹത്തിന്നു വിവാഹം ചെയ്തുകൊടുത്തു എന്നും പറയുന്നുണ്ടു്. ഇതിന്നുശേഷമാണു ഹൎഷൻ പുലികേശനോടു നേരിട്ടതു്. എന്നാൽ ഭരണാരംഭം മുതൽ നിരന്തരമായി തന്നിൽ ഉദാരയായിരുന്ന രാജ്യലക്ഷ്മി ഈ സന്ദൎഭത്തിൽ ഹൎഷനെ പതിവുപോലെ അനുഗ്രഹിച്ചില്ല. തന്റെ വിജയഗതിക്കു തടസ്ഥം നേരിട്ടതോടുകൂടി ബുദ്ധിമാനായ അദ്ദേഹം പിന്നേയും മുന്നോട്ടു കടവുവാൻ ശ്രമിക്കാതെ തന്റെ സാമ്രാജ്യത്തിന്റെ അതൃത്തി കാത്തുരക്ഷിക്കേണ്ട ഭാരം ജാമാതാവായ ധ്രുവസേനനെ ഏല്പിച്ചു സ്വരാജ്യത്തേക്കു മടങ്ങി.

പുലികേശൻ ഈ വിജയത്തിന്നുശേഷം അധികകാലം ജീവിച്ചിരുന്നില്ല. പ്രബലനായ ഒരു രാജാവ് എന്നു് അദ്ദേഹത്തെക്കുറിച്ചുള്ള കീൎത്തി നാട്ടുമുഴവൻ വ്യാപിച്ചു. അദ്ദേഹം പാരസീകരാജാവുമായി സഖ്യം ചെയ്കയുണ്ടായി. രണ്ടാം ഖുസ്രുവിന്റെ വാഴ്ചയുടെ 36-ാമത്തെ വൎഷത്തിൽ (ക്രിസ്ത്വബ്ദം 626-ൽ) ഇന്ത്യാരാജാവായ "പരമേശ്വരൻ"

---

Note * ധ്രുവഭട്ടൻ എന്നും ഒരു പേരുണ്ടു്.

പാരസീയരാജാവിനോടു ദൂതന്മുഖേന കുശലപ്രശ്നം ചെയ്തതായി അറബിചരിത്രകാരനായ 'തബാരി' പറയുന്നുണ്ട്. അജാന്തയിലെ ഗുഹകളിലുള്ള മണ്ഡോദകചിത്രങ്ങളിൽ ഒന്നിൽ ചാലൂക്യരാജാവു തന്റെ രാജധാനിയിൽ പാരസീയദൂതന്മാരെ സൽക്കരിക്കുന്നതായും, വേറൊന്നിൽ ഖുസ്രുവും അയാളുടെ പട്ടമഹിഷിയും ഒന്നിച്ചിരുന്നു വീഞ്ഞുകുടിക്കുന്നതായും കാണിച്ചിട്ടുണ്ട്. പുലികേശനും ഹർഷനെപ്പോലെതന്നെ ഏഴാംനൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഭാരതവർഷത്തിന്റെ സാമ്രാട്ട്സ്ഥാനത്തിൽ ഭാഗഭാക്കായിരുന്നു എന്ന് എല്ലാംകൊണ്ടും തെളിയുന്നതാണ്. പുലികേശന്റെ മരണദിവസത്തെപ്പററി നമുക്കു കൃത്യമായ യാതൊരറിവുമില്ല. എന്നാൽ പല്ലവവംശത്തിലെ പ്രധാനിയായ നരസിംഹവർമ്മമഹാമല്ലന്റെ കാലത്തു പല്ലവശക്തി വീണ്ടും ഉജ്ജീവിതപ്പെട്ടുതുകയും ദക്ഷിണഖണ്ഡത്തിൽ ചാലൂക്യനായകത്വം പ്രതിഹനിക്കപ്പെടുകയും ചെയ്തുവത്രെ. 640-ൽ പല്ലവന്മാർ നരസിംഹവർമ്മന്റെ കീഴിൽ ചാലൂക്യരാജ്യത്തിൽ പ്രവേശിച്ച് അതിന്റെ തലസ്ഥാനമായ "വാതാവി"യെ തീരെ നശിപ്പിച്ചുകളഞ്ഞു.

ഹർഷന്റെ വിജയയാത്രയ്ക്കു ഭംഗം നേരിട്ടതിനുശേഷം അദ്ദേഹം ശാന്തമായ ഒരു ജീവിതം നയിച്ചതായിട്ടാണ് അറിയുന്നത്. ആര്യാവർത്തം മുഴുവനും അദ്ദേഹത്തെ രാജാധിരാജനായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ അശ്രാന്തശ്രദ്ധയുടെ ഫലമായ സൽഭരണംമൂലം രാജ്യമെങ്ങും സമാധാനവും സംതൃപ്തിയും വർദ്ധിച്ചു. ചീനത്തെ ചക്രവർത്തിയെപ്പററി യുവാൻചാങ്ങിൽനിന്നു ഗ്രഹിച്ചിരുന്നതിനാൽ

ഹഷൻ അദ്ദേഹവുമായി ഒരു രാഷ്ട്രീയബന്ധത്തിലേർപ്പെട്ടു. 641-ൽ ഹഷൻ ഒരു രാജപ്രതിനിധിസംഘത്തെ ചീനത്തേക്കയച്ചു. ഈ ബഹുമതിക്കു ചീനത്തെ ചക്രവർത്തി പ്രത്യുപ്പണം ചെയ്തതായും ആ രണ്ടു മഹച്ഛക്തികളും തമ്മിൽ സ്നേഹപൂർവ്വമായ ബന്ധം ഹഷന്റെ മരണംവരെ നിലനിന്നതായും കാണുന്നുണ്ട്.

ഹഷന്റെ ഭരണാവസാനകാലത്തെപ്പററി നമുക്കു വലിയ അറിവൊന്നുമില്ല. നമ്മുടെ പ്രധാനതെളിവുകളായ ബാണനും യുവാൻചാങ്ങും ഇതിനെപ്പററി പ്രസ്താവിക്കുന്നതിനുമുമ്പ് അവരുടെ വർണ്ണനകളെ അവസാനിപ്പിച്ചിരിക്കുന്നു. എങ്ങിനെയായാലും, ഇക്കാലത്തു മതസംബന്ധമായ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ ചിത്തവൃത്തിക്കു വലിയ മാററം സംഭവിച്ചിരുന്നു. ഇതിനു മുഖ്യമായ കാരണം ഹഷൻ യുവാൻചാങ്ങിന്റെ തത്വോപദേശങ്ങൾക്കു വിധേയനായതാണ്. ഹഷൻ എല്ലാ സാമന്തരാജാക്കന്മാരേയും തന്റെ സഖാവായ കാമരൂപത്തിലെ കുമാരരാജാവിനേയും ജാമാതാവായ ധ്രുവസേനനേയും ക്ഷണിച്ചുവരുത്തി മതസംബന്ധമായ ഒരു ഉത്സവം വളരെ ആഘോഷത്തോടുകൂടി കൊണ്ടാടി. ഈ ഉത്സവത്തിൽ ബുദ്ധവിഗ്രഹത്തിന്നാണ് അഗ്രസ്ഥാനം കല്പിച്ചിരുന്നതെങ്കിലും, ഹിന്ദുക്കളുടെ മൂർത്തികളേയും പൂജിക്കാതിരുന്നില്ല. യുവാൻചാങ്ങിന്റെ വിവരമായ വിവരണങ്ങളിൽനിന്നു ഹഷന്റെ ക്ഷണാകർഷകമായ ആത്മീയചിത്തവൃത്തിയും ആഡംബരങ്ങളിലുള്ള താല്പര്യവും വിശദമാകുന്നുണ്ട്. ബുദ്ധവിഗ്രഹം എഴുന്നള്ളിച്ച് ഒരു ഘോഷയാത്ര നടത്തിയ അവസരത്തിൽ ഇരുപതു

രാജകുമാരന്മാരും 800 ആനകളും അസംഖ്യം ജനങ്ങളും ഉണ്ടായിരുന്നുവത്രെ.

ഈ സന്ദർഭത്തിൽ ചക്രവർത്തി പ്രദർശിപ്പിച്ച ബുദ്ധമതപ്രതിപത്തിയും ശ്രാമണന്മാരിൽ പ്രകാശിപ്പിച്ചിരുന്ന പ്രത്യേകതാല്പര്യവും മതഭ്രാന്തന്മാരായ ചില ബ്രാഹ്മണരിൽ ദുസ്സഹമായ അസൂയയെ ജനിപ്പിക്കുകയും തന്മൂലം അവരിൽ ചില അവിവേകികൾ അദ്ദേഹത്തെ നിഗ്രഹിക്കുവാൻപോലും ശ്രമിക്കുകയും ചെയ്തുവത്രെ. സംസ്കൃതഭാഷയുടെ പുനരുദ്ധാരണംകൊണ്ടും, 5-ാം നൂററാണ്ടിൽ ഗുപ്തന്മാരുടെ പ്രബലമായ ആനുകൂല്യംകൊണ്ടും ഇക്കാലത്തു ബ്രാഹ്മണമതത്തിനു വീണ്ടും ഊർജ്ജിതം സിദ്ധിച്ചു. ഹർഷൻ ബുദ്ധമതത്തോടു കാണിച്ചിരുന്ന പക്ഷഭേദം മതസ്പർദ്ധികളായ ബ്രാഹ്മണർക്ക് അദ്ദേഹത്തിൽ നീരസം ജനിക്കുവാൻ കാരണമായിത്തീർന്നെങ്കിലും, പിന്നീട് ഒരിക്കലും ആരുംതന്നെ അദ്ദേഹത്തെ കൊലപ്പെടുത്താൻ ശ്രമിച്ചതായി കാണുന്നില്ല.

ഹർഷൻ ക്രിസ്ത്വാബ്ദം 647-ൽ കാലഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ സാമ്രാജ്യസീമകൾ കിഴക്കു കാമരൂപം മുതൽ പടിഞ്ഞാറു കാശ്മീരംവരെയും വടക്കു ഹിമവാൻ മുതൽ തെക്കു വിന്ധ്യാചലംവരെയും വ്യാപിച്ചിരുന്നു. നേപാളരാജാവ് അദ്ദേഹത്തെ മേൽക്കോയ്മയായി സ്വീകരിച്ചു. ജാമാതാവായ വല്ലഭിരാജാവ് അദ്ദേഹത്തിന്റെ ഒരു സാമന്തനായിരുന്നു. ഹർഷൻ ചാലൂക്യരാജാവിനോടേററപ്പോൾ മാത്രമേ അതുവരെ അപ്രതിഹതമായിരുന്ന വിജയഗതിക്ക് ഒരു ഭംഗം നേരിട്ടുള്ളു. പ്രതാപവാനായ പുലികേശൻ 642-ൽ കാലഗതി പ്രാപിച്ചു. അദ്ദേഹത്തി

ൻെറ പ്രധാനനഗരമായ 'വാതാപി' മഹാമല്ലപല്ലവൻ നശിപ്പിക്കുകയും ചെയ്തു. ഹർഷൻെറ വാഴ്ചയുടെ അവസാനഘട്ടത്തിലുണ്ടായ ശാന്തത പ്രബലമായ ഒരു മഹാസേനയുടെ സൽഭാവത്തെയാണ് ആശ്രയിച്ചിരുന്നത് എങ്കിലും, രാജ്യമൊട്ടുക്കു സമാധാനമുണ്ടായിരുന്നു എന്നതിനു സംശയമില്ല. ചാലൂക്യരാജ്യം അധഃപതിച്ച തരംനോക്കി അതിനെ ആക്രമിച്ചടക്കുവാൻ അദ്ദേഹം ഒരുങ്ങാതിരുന്നതുതന്നെ ബുദ്ധമതത്തിൽ താല്പയ്യത്തോടുകൂടിയ അദ്ദേഹത്തിൻെറ അഹിംസാപരമായ മനോവൃത്തിക്കു മതിയായ ലക്ഷ്യമാകുന്നു. ഹർഷൻ സമാധാനപ്രിയനായിരുന്നെങ്കിലും, ജീവാവസാനംവരെ ആയ്യാവത്തത്തെ ഏകശാസനയിൽ ഭരിച്ചുവന്നു. അദ്ദേഹത്തിൻെറ അന്ത്യകാലങ്ങൾ ധർമ്മപരമായ പല സൽക്കർമ്മങ്ങൾകൊണ്ടും സ്മരണീയമായിത്തീർന്നിട്ടുണ്ട്.

ഹർഷൻെറ പട്ടമഹിഷിയെപ്പററി യാതൊന്നും ഒരിടത്തും പറഞ്ഞു കാണുന്നില്ല. രാജ്യശ്രീയെപ്പററിയും മററും യുവാൻചാങ് പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈ പ്രധാനമായ കാര്യത്തിൽ മൌനം ദീക്ഷിച്ചതു യാദൃച്ഛികമെന്നുവരാൻ വഴിയില്ല. ഹർഷൻ രാജ്യഭാരം കയ്യേററതിൽപ്പിന്നെ ആത്മീയവിഷയങ്ങളിൽ വളരെ ശ്രദ്ധാന്തിയുള്ളവനായിത്തീർന്നതിനാൽ, ആദ്യത്തെ ഭാര്യ പക്ഷെ മരിച്ചതിനുശേഷം, പുനർവിവാഹം ചെയ്തില്ലെന്നേ ഊഹിക്കുവാൻ തരമുള്ളൂ. എന്നുകൊണ്ടെന്നാൽ, ഹർഷൻ തൻെറ പുത്രിയെ ധ്രുവസേനനു കല്യാണം കഴിച്ചു കൊടുത്തു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് ഇതു യുക്തിക്കു ചേര

ത്ത ഒരു ഉദാഹരണമല്ല. എങ്ങിനെയായാലും, അദ്ദേഹത്തിന്നു ന്യായമായ ഒരു രാജ്യാവകാശിയുണ്ടായിരുന്നില്ലെന്നുള്ള നിശ്ചയംതന്നെ. അദ്ദേഹത്തിന്റെ കാലശേഷം രാജ്യമൊട്ടുക്ക് അരാജകത്വം സംഭവിച്ചു. ഈ ശോചനീയാവസ്ഥയിൽനിന്നു രാജ്യത്തെ പുനരുദ്ധാരണംചെയ്തതു മുഹമ്മദീയാക്രമണത്തിന്നുശേഷം മാത്രമാകുന്നു.

# അദ്ധ്യായം ൬.

---

## ഹർഷന്റെ രാജനീതി.

കഴിഞ്ഞ അദ്ധ്യായത്തിലെ സംക്ഷിപ്തമായ വിവരണത്തിൽനിന്നു ഹർഷന്റെ കാലത്ത് ഇന്ത്യയിൽ ഉണ്ടായിരുന്ന രാജാക്കന്മാരിൽവെച്ച് എല്ലാംകൊണ്ടും അഗ്രഗണ്യൻ അദ്ദേഹംതന്നെ ആയിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ട്. ചന്ദ്രഗുപ്തൻ മുതൽ ഔറംഗസീബുവരെ ഹിന്ദുസ്ഥാനത്തെ ഭരിച്ച മഹാരാജാക്കന്മാരുടെ കൂട്ടത്തിൽ ഹർഷനും ന്യായമായ ഒരു മാന്യപദം നൽകപ്പെട്ടിട്ടുണ്ട്. ഇന്ത്യാചരിത്രത്തിൽ ഹർഷനു ന്യായമായി ലഭിക്കേണ്ടതായ സ്ഥാനത്തെ നിർണ്ണയിക്കാൻ അദ്ദേഹത്തിന്റെ വാഴ്ചയിലെ നാനാമുഖങ്ങളായ മുഖ്യസംഭവങ്ങളെക്കുറിച്ചു കൂലങ്കഷമായി ഗ്രഹിക്കേണ്ടതാകുന്നു.

ഹിന്ദുക്കളുടെ ഇടയിൽ രാജനീതികളെപ്പററി സുവ്യക്തവും ഉൽകൃഷ്ടവുമായ ഒരു ബോധം അന്നുതന്നെ ഉണ്ടായിരുന്നു. ഹൈന്ദവരാജധർമ്മങ്ങളെ പ്രതിപാദിക്കുന്ന ഇതിഹാസരത്നാകരമായ മഹാഭാരതത്തിൽ രാജ

ധമ്മത്തേയും, അത്ഥശാസ്ത്രം, അഥവാ രാജനീതിയേയും, രാഷ്ട്രീയശാസ്ത്രത്തേയും കുറിച്ചു സവിസ്തരമായി വൎണ്ണിച്ചു കാണുന്നുണ്ട്. അക്കാലത്ത് ഈ ശാസ്ത്രങ്ങൾ ഇന്ത്യയിൽ ഉൽകൃഷ്ടമായ വിജ്ഞാനവിഷയങ്ങളായി ഗണിക്കപ്പെട്ടിരുന്നു. മതാനുബന്ധിതമായ ഈ മാമൂലിനെ ലംഘിക്കുവാനൊ നിരാകരിക്കുവാനൊ സാധാരണനായ ഒരു രാജാവു ധൈൎയ്യപ്പെടുകയൊ ധമ്മതല്പരനായ ഒരുവൻ ആഗ്രഹിക്കയൊ ചെയ്യുന്നതായിരുന്നില്ല. നീതിശാസ്ത്രങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള രാജത്വം സംബന്ധിച്ച ആദശ്ശം ഏററവും ഉൽകൃഷ്ടമായിരുന്നു. രാജാവിൻെറ സകലസുഖങ്ങളും പ്രജകളുടെ സമാധാനസംതൃപ്തികളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് ഒരു രാജാവിൻെറ മുഖ്യധമ്മം പ്രജാക്ഷേമവൎദ്ധനയാണെന്ന് ഇന്ത്യയിലെ 'മാക്കിയവല്ലി' എന്നു വിശേഷപ്പേരുള്ളതും ചന്ദ്രഗുപ്തമൌൎയ്യൻെറപ്രധാനമന്ത്രിയുമായ കൌടില്യൻതന്നെ പറയുന്നുണ്ട്. പ്രജാപരിപാലനത്തിനുവേണ്ടി ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒരാളാണ് രാജാവെന്നും, അദ്ദേഹത്തിനു തൻെറ പ്രയത്നത്തിനു പ്രജകളിൽനിന്നു കിട്ടുന്ന പ്രതിഫലമാണ് രാജഭോഗമെന്നും, രാജപദവികളും അധികാരങ്ങളും പ്രജാസംരക്ഷണത്തിനുമാത്രം കല്പിക്കപ്പെട്ടിട്ടുള്ളവയാണെന്നുമാകുന്നു 'ശുക്രാചാൎയ്യൻ' പറഞ്ഞിരിക്കുന്നത്. ഇന്ത്യാചരിത്രഗ്രന്ഥത്തിൻെറ ഓരോ ഭാഗങ്ങളിലും പ്രശോഭിക്കുന്ന പല രാജശ്രേഷ്ഠന്മാരും ഉൽകൃഷ്ടമായ ഈ ആദശ്ശങ്ങളെ അനുകരിച്ചുപോകുന്നു. "എന്തായാലും പൊതുജനക്ഷേമത്തിനുവേണ്ടി വേല ചെയ്യാതെ എനിക്കു നിവൃത്തിയില്ല" എന്നത്രേ അശോകചക്രവൎത്തി പറഞ്ഞത്.

മാഹാത്മ്യംമേറിയ ഈ മാമൂലിനെ മുൻനിർത്തി പ്രവത്തിക്കുവാൻതന്നെയായിരുന്നു ഹഷ്മൻേറയും പരിശ്രമം. പ്രജകളുടെ ക്ഷേമാവസ്ഥയെ നേരിട്ടുകണ്ടു മനസ്സിലാക്കുവാനും അവരുടെ സങ്കടങ്ങളെ ഗ്രഹിച്ച് കാലോചിതമായ നിവൃത്തി ചെയ്യേണ്ടതിനും ഹഷ്മൻ നിരന്തരമായി സാമ്രാജ്യത്തിൻെറ ഓരോ ഭാഗങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്നു. ആയ്യപരമ്പരയെ അനുസരിച്ചു പ്രധാനഭരണകാര്യങ്ങളിൽ ഹഷ്മൻ നേരിട്ടു പ്രവത്തിച്ചിരുന്നെങ്കിലും, രാജ്യഭരണം രാജസദസ്സിൻെറ അധികാരത്തിലായിരുന്നു. ഭരണതന്ത്രത്തെ സംബന്ധിച്ച് ഇതേവരെ കണ്ടുകിട്ടീട്ടുള്ള ഏതു ഗ്രന്ഥത്തിൽ നോക്കിയാലും, രാജസദസ്സ് അക്കാലത്തെ രാജ്യഭരണത്തിൽ ഒരു ശാശ്വതസ്ഥാപനമായിരുന്നു എന്നു തെളിയുന്നതാണ് അതു രാഷ്ട്രീയജീവൻെറ ഒരു അംഗമായി ബഹുമാനിക്കപ്പെട്ടിരുന്നു എന്നും കാണുന്നുണ്ട്. വജ്ജിയന്മാരുടെ അഭിവൃദ്ധിയെപ്പററി ഗൌതമബുദ്ധനോടു ശിഷ്യനായ ആനന്ദൻ ചോദിച്ചപ്പോൾ, "വജ്ജിയന്മാർ കൂടെക്കൂടെ യോഗം കൂട്ടാറുള്ളതായി കേട്ടിട്ടില്ലേ?" എന്നായിരുന്നു അദ്ദേഹത്തിൻെറ എതിർചോദ്യം. ആനന്ദൻ അതിന്ന് "ഉവ്വ്" എന്നു മറുപടിപറഞ്ഞു. ഇതുകേട്ടപ്പോൾ ബുദ്ധൻ ഇങ്ങിനെ പറഞ്ഞു. "ഇപ്രകാരം പൌരന്മാർ സഭകൂടിആലോചിച്ചു രാജ്യഭാരം നടത്തുന്നിടത്തോളംകാലം അവർ അധഃപതനം കൂടാതെ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നതാണ്." "തന്നിഷ്ടംപ്രവത്തിക്കുന്ന രാജാവു രാജ്യത്തുണ്ടാകുന്ന കഷ്ടാരിഷ്ടങ്ങൾക്കു ഹേതുഭൂതനാകകൊണ്ട് അദ്ദേഹത്തി

ന രാജ്യത്തോടും രാജ്യവാസികളോടുമുള്ള ബന്ധം നശിച്ചു പോകുന്നു" എന്നു ശുക്രൻ പറഞ്ഞിട്ടുണ്ട്.

രാഷ്ട്രീയകാൎയ്യങ്ങളിൽ ഹൎഷന്റെ ആലോചനസഭ എത്രത്തോളം അധികാരം നടത്തിയിരുന്നു എന്നു സൂക്ഷ്മമായി അറിയുവാൻ നമുക്ക യാതൊരു വഴിയും ഇല്ല. യുവാൻചാങ്ങിന്റെ വിവരണങ്ങളിൽനിന്നും ബാണന്റെ വാക്കുകളിൽനിന്നും രാജ്യവൎദ്ധനന്റെ മരണകാലത്ത് ഈ രാജസദസ്സു യഥാൎത്ഥമായ അധികാരങ്ങൾ നടത്തിയിരുന്നു എന്ന് അനുമാനിക്കുന്നതു വലിയ തെററാകുന്നതല്ല. ഈ രാജസഭയിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു എന്നതിനെപ്പററി മേൽപറഞ്ഞ രണ്ടു സാക്ഷികളും മൌനംദീക്ഷിക്കുന്നതായിട്ടാണ് കാണുന്നത്. എന്നാൽ ഈ കാൎയ്യത്തെ സംബന്ധിച്ചിടത്തോളം പഴയ മാമൂലിനെ അനുസരിച്ചു പ്രവൎത്തിച്ചിരിക്കാനേ വഴിയുള്ളൂ. എല്ലാ ഭരണവകുപ്പുകളുടേയും അധികാരികൾ അടങ്ങിയ ഒരു യോഗം രാജാവിനെ സഹായിക്കാനും ഉപദേശിക്കാനും ഉണ്ടായിരിക്കേണമെന്നാണ് കൌടില്യൻ ഏൎപ്പെടുത്തിയ നിയമം. അല്ലെങ്കിൽ മാമൂല്. രാജാവിനു പത്തു മന്ത്രിമാർ ഉണ്ടായിരിക്കേണമെന്നാണ് ശുക്രൻ സിദ്ധാന്തിക്കുന്നത്. ഹൎഷന്റെ സദസ്സിനെപ്പററി അല്പം ചിലതെല്ലാം പ്രത്യക്ഷമാകുന്നുണ്ട്. രാജ്യവൎദ്ധനന്റെ നിൎയ്യാണദശയിൽ ഹൎഷൻ ചെയ്യേണ്ട കാൎയ്യങ്ങളെപ്പററി സേനാപതി സിംഹനാദനും, വിദേശകാൎയ്യദൎശി അവന്തിയും, കരിസേനാനിയായ സ്കന്ദഗുപ്തനും സദസ്സിൽ ഉപദേശരൂപേണ പ്രസംഗിച്ചതായി ബാണൻ പറയുന്നുണ്ട്.

ഗൌരവമേറിയ കാൎയ്യങ്ങളെപ്പററി പൎയ്യാലോചിച്ചു തീൎച്ചയാക്കേണ്ടിവരുന്ന വിഷമഘട്ടങ്ങളിൽ ഈ സദസ്സിന്റെ അധികാരം വളരെ ശക്തിയുള്ളതായിരുന്നു. രാജാവു ജീവിച്ചിരിക്കുന്ന കാലത്തു് അദ്ദേഹം മിക്കപ്പോഴും പ്രജകളുടെ സുഖദുഃഖാവസ്ഥകളെ നേരിട്ടു കണ്ടു മനസ്സിലാക്കേണ്ടതിന്നായി ദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നതിനാൽ, ഭരണകാൎയ്യങ്ങളിൽ ഈ സദസ്സു വലിയ അധികാരങ്ങൾ നടത്തിപ്പോന്നിരിക്കണം. ഇതുകൊണ്ടു ഭരണകാൎയ്യങ്ങളിൽ ഹൎഷൻ സ്വായത്തസിദ്ധിയായ ഒരു രാജാവായിരുന്നെന്നു പക്ഷെ പറയാമെങ്കിലും അദ്ദേഹം സ്വേച്ഛാനുവൎത്തിയായ ഒരു രാജാവായിരുന്നില്ലെന്നുള്ളതു നിസ്സംശയമാകുന്നു. ഹൎഷന്റെ ഈ നയത്തിന്നു പ്രത്യേകമായി രണ്ടുകാരണങ്ങളുണ്ടു്. ഒന്നാമതായി സാമന്തന്മാൎക്കു ഭരണകാൎയ്യത്തിൽ പൂൎണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നതിനാൽ, മേൽക്കോയ്മയുടെ ഏകശാസനയ്ക്കു് അതൊരു തടസ്ഥമായിരുന്നു. എന്തുകൊണ്ടെന്നാൽ, ഒരു മേൽക്കോയ്മ, മിഹിരകുലനെപ്പോലെ പ്രജോപദ്രവതല്പരനാകുന്നുവെങ്കിൽ, സാമന്തന്മാർ എല്ലാവരും ഒരു കയ്യായി നിന്നു് ആയാളോടു് എതിൎക്കാതിരിക്കുന്നതല്ല. രണ്ടാമതു് ഈ രാജസദസ്സിന്നുണ്ടായിരുന്ന അധികാരത്തെ ധിക്കരിക്കുവാൻ യാതൊരു രാജാവിന്നും ശക്തിയുമുണ്ടായിരുന്നില്ല.

വളരെ വിപുലമായ ഒരു രാജ്യത്തിന്റെ ഭരണം ഉദ്യോഗസ്ഥന്മാരുടെ അധികാരത്തിന്നധീനമാക്കാതെ സാധിക്കുന്നതല്ല. സ്വയാധികാരത്തോടുകൂടിയ ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരെക്കൊണ്ടു മാത്രമല്ലാതെ രാജ്യഭരണം നിൎവ്വ

ഹിക്കുവാൻ പ്രയാസമായിരുന്നതിനാൽ ഹർഷൻെറ സാമ്രാജ്യത്തിലും ഏതാദൃശമായ ഒരു ഉദ്യോഗസ്ഥസംഘം ഉണ്ടായിരുന്നു എന്നതു നിസ്സംശയമാകുന്നു. രാജാവിൻെറ പ്രധാനഉദ്യോഗസ്ഥൻ 'മഹാസന്ധിവിഗ്രഹാധികാരി' എന്നു പറയപ്പെട്ടിരുന്ന പ്രധാനമന്ത്രിയായിരുന്നു. ഈ ഉദ്യോഗത്തെപ്പററി ബാണൻ പ്രത്യേകം പറഞ്ഞിട്ടുണ്ടെന്നു മാത്രമല്ല, ഹർഷനു മുമ്പും അതിനുശേഷവും ഉള്ള ശിലാലിഖിതങ്ങളിലും പ്രസ്താവിച്ചുകാണുന്നുണ്ട്. സൈന്യങ്ങളുടെ മേലധികാരിയെ "മഹാബലാധികൃതൻ" എന്നാണു പറഞ്ഞുകാണുന്നത്. 'മഹാക്ഷപടലികൻ' എന്നായിരുന്നു നിയമസംബന്ധമായ ആധാരങ്ങളുടെ സൂക്ഷിപ്പുകാരൻെറ പേർ. "മഹാപ്രതിഹാരന്മാർ" എന്നു പേരായ ഉദ്യോഗസ്ഥന്മാർ കൊട്ടാരകാര്യദർശികളായിരുന്നതിനാൽ, അവരുടെ അധികാരത്തിന്നു വളരെ പ്രാബല്യമുണ്ടായിരുന്നു. സാമ്രാജ്യത്തിലുള്ള സംസ്ഥാനങ്ങളെ ഭരിച്ചിരുന്നവരുടെ ഉദ്യോഗപ്പേർ രാജസ്ഥാനികരം, അല്ലെങ്കിൽ ഉപരാജാക്കന്മാർ എന്നായിരുന്നു. 'ദ്രംഗികൻ' എന്നായിരുന്നു ഒരു പട്ടണത്തിലെ പ്രധാനഅധികാരിയുടെ പേർ. ആയാളുടെ അധികാരം എത്രത്തോളമുണ്ടായിരുന്നു എന്നോ ആ അധികാരത്തെ അയാരം എങ്ങിനെ നടത്തിയിരുന്നു എന്നോ നമുക്കറിവില്ല. 'മഹത്തരന്മാർ' എന്നു പറയപ്പെടുന്ന ചില ഉദ്യോഗസ്ഥന്മാരെക്കൂടി പറഞ്ഞുകാണുന്നതുകൊണ്ട് അക്കാലത്ത് ഒരുമാതിരി നഗരസ്വയംഭരണം നടപ്പുണ്ടായിരുന്നു എന്നു നിശ്ചയിക്കാം.

ഹർഷൻെറ ഭരണം, ശാന്തവും സൽപ്രവൃത്തികളോട്

കൂടിയത്തുമായിരുന്നു. എന്നു നാം യുവാൻചാങ്ങിൽനിന്നു ഗ്രഹിക്കുന്നുണ്ട്. നാടുവാഴികളും സാമന്തന്മാരും ചക്രവത്തിക്കു കൊല്ലംതോറും രാജഭോഗം ശരിയായി കൊടുക്കുന്ന കാലത്തോളം അവരുടെ അധികാരങ്ങൾ നടത്തുവാൻ അനുവദിക്കപ്പെട്ടിരുന്നു. ചില വിശേഷസന്ദർഭങ്ങളിൽ അവർ അകമ്പടിക്കായി കൊട്ടാരത്തിൽ ഹാജരാകേണ്ടതും മാത്രമേ അവൎക്കു ചുമതലയുണ്ടായിരുന്നുള്ളു. മതവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നതിനായി ഹർഷൻ വിളിച്ചുകൂട്ടിയ സഭകളിൽ വല്ലഭിരാജാവും കാമരൂപത്തിലെ കുമാരരാജാവും കൂടാതെ വേറെ പതിനെട്ടു സാമന്തന്മാരും സന്നിഹിതരായിരുന്നു എന്നു യുവാൻചാങ് പ്രസ്താവിച്ചിട്ടുണ്ട്.

തന്റെ വാഴ്ച്ചയുടെ അന്ത്യകാലത്തു ഹർഷൻ സമാധാനേച്ഛുവായിത്തീൎന്നു എങ്കിലും, സമസ്തവിഭവസമ്പൂർണ്ണമായ ഒരു മഹാസൈന്യത്തെ പരിപാലിച്ചുപോന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ 5,000 ഗജങ്ങളും 20,000 സാദികളും 50,000 കാലാളും ഉണ്ടായിരുന്നതായി യുവാൻചാങ് പറയുന്നുണ്ട്. ഇത്ര വലിയ ഒരു സൈന്യത്തെ സ്ഥിരമായി നിറുത്തേണ്ടതിന്ന് അസാമാന്യമായ സജ്ജീകരണശക്തിയും അത്യാവശ്യമായിരുന്നു എന്നും ഈ സൈന്യത്തെക്കൊണ്ടാണ് ഹർഷൻ ഉത്തരേന്ത്യ മുഴുവൻ കീഴടക്കിയത് എന്നും അറിയുമ്പോൾ, കുററമററവിധത്തിലാണ് ഈ സൈന്യത്തെ നിലനിറുത്തിപ്പോന്നത് എന്നു തെളിയുന്നതാണ്. അയൽരാജ്യങ്ങളോടു സമാധാനമായിരിക്കുകയെന്നല്ല, കൊടുക്കാനും തടുക്കാനും തക്ക യുദ്ധസാമഗ്രികളോടു കൂടിയിരിക്കുന്നതാണ് ഒരു രാജാവിന്റെ കത്തവ്യ

മെന്നായിരുന്നു പണ്ടത്തെ സാമ്രാജ്യഭരണാദർശം. ഇത് ഇന്ത്യയിൽ മാത്രമല്ല, മററുള്ളിടങ്ങളിലും സാധാരണമായിരുന്നു. ഹർഷൻെറ സൈനികവകുപ്പിൻെറ ഒരു പ്രത്യേക വിശേഷത അതിൻെറ ചെറുപ്പമാണ്. വലിയതും ഭരിക്കാൻ പ്രയാസമുള്ളതുമായ സൈന്യങ്ങളെ നിറുത്തുന്നതു ഹിന്ദുരാജാക്കന്മാരുടെ പണ്ടത്തെ പതിവായിരുന്നു. മൌര്യസൈന്യത്തിൽ 30,000 കുതിരപ്പട്ടാളവും 9,000 ആനകളും 600,000 കാലാളും ഉണ്ടായിരുന്നുവത്രെ. 16-ാം നൂററാണ്ടിലെ പ്രതാപശാലികളായ വിജയനഗരരാജാക്കന്മാരുടെ സൈന്യം 703,000 കാലാളും 32000 സാദികളും 551 ആനകളും അടങ്ങിയതായിരുന്നു എന്നു പറയുന്നുണ്ട്. ഹർഷൻെറ സൈന്യം, മററു ചക്രവർത്തികളുടെ സൈന്യബലത്തോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, വളരെ പരിമിതമായിരുന്നെന്നു കാണുന്നതിൽനിന്ന് അദ്ദേഹത്തിൻെറ സാമാധാനതൽപരതയും ഭരണവൈദഗ്ദ്ധ്യവും തെളിയുന്നതാണ്. ഹർഷൻെറ വാഴ്ചയുടെ ഒടുവിലത്തെ പത്തുകൊല്ലത്തോളംകാലം അന്തഃഛിദ്രങ്ങളോ ശത്രുനിരോധങ്ങളൊ യാതൊന്നും ഇല്ലാതിരുന്നതിൽനിന്ന് അദ്ദേഹത്തിൻെറ സൈന്യം ഏററവും പരിമിതമായിരുന്നെങ്കിലും, യുദ്ധസാമർത്ഥ്യവും പരാക്രമശക്തിയുമുള്ളതായിരുന്നു എന്നു തെളിയുന്നുണ്ട്.

ഹർഷൻെറ ഭരണനയം അന്യൂനമായ ഒരു സൈന്യത്തെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ സൈന്യബലം രാഷ്ട്രീയനയങ്ങളിൽ ഒരംഗം മാത്രമേ ആയിരുന്നുള്ളൂ. അദ്ദേഹം പര്യന്തപ്രദേശങ്ങളെല്ലാം കൈവശപ്പെടുത്തി

യത്ര മൈത്രിബന്ധങ്ങളും വിവാഹബന്ധങ്ങളും കൊണ്ടാകുന്നു. അദ്ദേഹത്തിന്റെ സാമ്രാജ്യത്തിന്റെ കിഴക്കെ അതൃത്തിയായി കിടന്നിരുന്ന കാമരൂപത്തിലെ കുമാരരാജാവിനോട് അദ്ദേഹം വളരെ സ്നേഹപൂൎവ്വമാണു വൎത്തിച്ചിരുന്നതു്. പ്രബലനായ പ്രതിസ്പൎദ്ധിയായ പുളികേശന്റെ രാജ്യത്തോടു തൊട്ടുകിടന്ന സ്വരാജ്യത്തിന്റെ തെക്കെപടിഞ്ഞാറെ അതൃത്തിയിൽ ഹൎഷൻ വല്ലഭിരാജാവിനെ വീണ്ടും വാഴിച്ചു വിവാഹബന്ധത്താൽ തന്റെ സ്വാധീനത്തിലാക്കി. പുളികേശൻ പാരസീയരാജാവിനോടു സ്നേഹബന്ധം സമ്പാദിച്ചതിന് ഒരു മറുകയ്യായി ഹൎഷൻ ചീനത്തെ ചക്രവൎത്തിയുടെ മൈത്രി സമ്പാദിച്ചു.

ഹൎഷന്റെ വാഴ്ചയുടെ മറെറാരു പ്രധാനനയം മതസംബന്ധമായ ഭിന്നാഭിപ്രായങ്ങളിൽ അദ്ദേഹം പ്രദൎശിപ്പിച്ചിരുന്ന സമഭാവനയാകുന്നു. ഹിന്ദുമതസിദ്ധാന്തങ്ങൾ ഓരോരുത്തന്റേയും മനോധൎമ്മംപോലെ വ്യാഖ്യാനിക്കത്തക്കവണ്ണം ഉദാരമായ സന്ദേഹരൂപത്തിലായതുകൊണ്ടു ഹൈന്ദവമതചരിത്രം നിൎബ്ബന്ധശാസനകൊണ്ടൊ പക്ഷപാതമായ മതദ്വേഷംകൊണ്ടൊ ഒരു കാലത്തും മലിനപ്പെട്ടിട്ടില്ല. ബുദ്ധമതപ്രവൎത്തകനായ അശോകൻപോലും ഇതരമതാദരണത്തിന്റെ മാഹാത്മ്യത്തെ സ്വപ്രജകളെ ബോദ്ധ്യപ്പെടുത്തേണ്ടതിന്നു പ്രത്യേകമായ ഒരു ശാസനം പ്രസിദ്ധപ്പെടുത്തി.

ഹൈന്ദവമാമൂല തൽക്കാലാവസ്ഥയ്ക്കു വിപരീതമായിരുന്നെങ്കിലും, ഹൎഷന്റെ കാലത്തു മതവിശ്വാസത്തിൽ എല്ലാവൎക്കും തുല്യസ്വാതന്ത്ര്യമുണ്ടെന്നു വിചാരിക്കത്തക്ക

വണ്ണം പൊതുജനങ്ങളുടെ മനോഗതി ലളിതമായിരുന്നു. ഹർഷന്റെ പൂർവ്വന്മാർ 'മഹേശ്വരൻ' 'ആദിത്യൻ' മുതലായ ഹിന്ദുദേവന്മാരെ ആരാധിച്ചിരുന്നതുകൊണ്ടു, ഹർഷൻ ബുദ്ധമതാനുയായി ആയിരുന്നെങ്കിലും, പൂർവ്വപിതാക്കന്മാരുടെ ആത്മീയവിശ്വാസത്തെ തീരെ ഉപേക്ഷിച്ചിരുന്നില്ല. മതസംബന്ധമായ അഭിപ്രായവ്യത്യാസങ്ങൾ ഭരണനയങ്ങളെക്കുറിച്ചുള്ള ആലോചനകളിൽ കടന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ ബ്രാഹ്മണശ്രേഷ്ഠനായ ബാണകവിയും, ചീനസന്യാസിയായ യുവാൻചാങ്ങും രാജാവിന്റെ സ്നേഹബഹുമാനങ്ങൾ ഒരുപോലെയാണ് അനുഭവിച്ചിരുന്നത്. ഹർഷന്റെ സുഹൃത്തും സഹായിയും ആയിരുന്ന കാമരൂപത്തിലെ കുമാരരാജാവു മതസംബന്ധമായ കാര്യങ്ങളിൽ ഹർഷനെയാണ് അനുകരിച്ചിരുന്നതെങ്കിലും, ബ്രാഹ്മണമതപ്രസക്തനായിരുന്നു. ധർമ്മശാസ്ത്രപണ്ഡിതനും പരിശുദ്ധനുമായ യുവാൻചാങ് ഈ രാജാവിന്റെ അതിഥിയായി ക്ഷണിക്കപ്പെട്ടിട്ടുണ്ട്.

ഹർഷന്റെ ദാനശീലത്തെയും ഈശ്വരഭക്തിയെയും തെളിയിക്കുന്ന പല ദൃഷ്ടാന്തങ്ങളുമുണ്ട്. പ്രയാഗയിൽ നടത്തിയ മഹാസഭയിൽവെച്ചു ഹർഷൻ തന്റെ ഭണ്ഡാരത്തിലുണ്ടായിരുന്ന പണം മുഴുവനും സാധുക്കൾക്കു ധർമ്മം ചെയ്തു. നാലുകൊല്ലം കൂടുമ്പോൾ ഒരിക്കൽ ഭണ്ഡാരത്തിലുള്ള കെട്ടിയിരുപ്പു മുഴുവൻ ദാനംചെയ്യത്തക്കവണ്ണം അദ്ദേഹത്തിന്റെ ഔദാര്യം മഹത്തരമായിരുന്നു. ഏതാദൃശമായ പ്രവൃത്തിമൂലം നമുക്കു ഹർഷന്റെ ആയവ്യയനയത്തെപ്പറ്റി എന്തഭിപ്രായമുണ്ടായാലും, ഇത് അദ്ദേഹ

ത്തിന്റെ നിഷ്കളങ്കമായ ദാനശീലത്തിന്റെ ഫലമാണെ ന്നതിന്നു സംശയമില്ല. എന്തുകൊണ്ടെന്നാൽ, അന്നും ഇന്നും ആഡംബരങ്ങൾക്കും കീൎത്തിക്കുമായല്ലാതെ മടിശ്ശീല കെട്ടഴിക്കുന്ന രാജാക്കന്മാർ ദുല്ലഭമാകുന്നു. ദൈവഭക്തന്മാരായ മററു രാജാക്കന്മാരെപ്പോലെതന്നെ ഹൎഷനും അനവധി ക്ഷേത്രങ്ങളും സന്യാസിമഠങ്ങളും ഓരോ ആരാധനാസ്ഥലങ്ങളും പണിയിച്ചിട്ടുണ്ടു്. ഒരു ബുദ്ധമതാനുയായിക്കു മൃഗങ്ങളുടെ ജീവൻ മനുഷ്യരുടേതുപോലെതന്നെ പാവനമായി തോന്നിയിരുന്നതിനാൽ, അശോകൻ പണിയിച്ച സമ്പ്രദായത്തിൽ അനവധി മൃഗാസ്പത്രികളും ധൎമ്മശാലകളും വഴിയമ്പലങ്ങളും ഹൎഷൻ സ്ഥാപിച്ചു് അവയുടെ സംരക്ഷണത്തിന്നു് അനവധി ദ്രവ്യം ദാനം ചെയ്തിരിക്കണം.

ഹൎഷനെ സാധാരണയായി അശോകനോടു് ഉപമിക്കാറുണ്ടു്. എന്നാൽ, അവർ തമ്മിൽ ബാഹ്യമായിട്ടല്ലാതെ ആന്തരമായി യാതൊരു സാമ്യവുമില്ല. അവർ തമ്മിൽ എന്തെങ്കിലും സാമ്യമുണ്ടെങ്കിൽ, അതു് അവർ രണ്ടുപേരും ബുദ്ധമതരക്ഷാധികാരികളായിരുന്നു എന്നതു മാത്രമാണു്. എന്നാൽ "പിയദസി"യുടെ മതപ്രസക്തിയും മതപ്രവരണത്തിലുള്ള അത്യുൽക്കണ്ഠയും മതവിഷയത്തിൽ ഹൎഷനുണ്ടായിരുന്ന ഉദാരതയും മതതത്വങ്ങളുടെ ഗുണാംശങ്ങളെ അംഗീകരിക്കുവാനുള്ള ബുദ്ധിവിശാലതയും തമ്മിൽ യാതൊരു സാമ്യവുമില്ല. അശോകൻ ബുദ്ധമതം സ്വീകരിച്ചതിന്നുശേഷം, അദ്ദേഹത്തിന്റെ ആയുഷ്കാലം മുഴുവനും, അന്യമതങ്ങളിൽ വിശ്വസിച്ചിരുന്നവൎക്കു തടസ്ഥം നേരിടാത്തവണ്ണം, ഉൽകൃഷ്ടമായ ബുദ്ധമതധൎമ്മങ്ങളെ പ്രചരിപ്പിക്കുവാ

നാണു വിനിയോഗിച്ചത്. ഈ ഉദ്ദേശസാദ്ധ്യത്തിന്നായി അദ്ദേഹം നിരന്തരമായി രാവും പകലും പ്രയത്നിച്ചിരുന്നു. നേരെ മറിച്ചു ഹൎഷൻ രാജസദസ്സിൽ മതത്തെ സംബന്ധിച്ചു നടന്നിരുന്ന വാദപ്രതിവാദങ്ങൾ കേട്ടു കേവലം ഒരു ശ്രോതാവിന്റെ നിലയിൽ രസിച്ചുകൊണ്ടിരുന്നതല്ലാതെ അവയിൽ ഒരിക്കലും പ്രത്യേകതാല്പൎയ്യം കാണിച്ചിട്ടില്ല. എന്നാൽ, ആ സന്ദൎഭങ്ങളിൽ സ്വമതതാൽപക്ഷപാതിന്നു ദ്രവ്യസഹായം വേണ്ടിവന്നിട്ടുണ്ടെങ്കിൽ, അതു മാത്രമേ ചെയ്തിട്ടുള്ളു. ഈ വിഷയത്തിൽ ഹൎഷന് അധികം സാമ്യം അശോകനേക്കാൾ അൿബറോടാണ്. മഹാനായ മുകില ചക്രവൎത്തിയെപ്പോലെ ഹൎഷനും എല്ലാ മതക്കാൎക്കും സ്വാതന്ത്ര്യം കൊടുക്കുകയും മതതത്വങ്ങളെ സംബന്ധിച്ചു വിദ്വാന്മാർ തമ്മിലുള്ള വാദപ്രതിവാദങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. എന്നാൽ മതത്തിന്റെ പരമോദ്ദേശത്തെപ്പററി അത്ര ഗണിച്ചിരുന്നതുമില്ല. 'ഇബഡട്ട്ഖാനാ'യിൽ സുപ്രസിദ്ധമായ വാദപ്രതിവാദങ്ങൾപോലെ ഹൎഷന്റെ രാജസദസ്സിൽ നടന്ന വാദപ്രതിവാദങ്ങളും ഒരിക്കലും യാതൊരു കാൎയ്യവും തീരുമാനിച്ചിട്ടില്ല. ഇതിന്നും പുറമേ, അൿബറെപ്പോലെതന്നെ ഹൎഷനും തന്റെ വാഴ്ചയുടെ അധികഭാഗവും ഒരു സൈനികചക്രവൎത്തിയായിട്ടാണു വാണിരുന്നത്.

പ്രത്യക്ഷങ്ങളായ ചില ചില്ലറ ന്യൂനതകൾ ഉണ്ടായിരുന്നെങ്കിലും, ഹൎഷൻ സംസ്കൃതമായ ബുദ്ധിവികാസമുള്ള ഒരു രാജാവായിരുന്നു എന്നു മാത്രമല്ല, ഇന്ത്യയെ ഭരിച്ചിട്ടുള്ള

മഹാന്മാരായ ചക്രവൎത്തിമാരുടെ കൂട്ടത്തിൽ ഒരു മന്യസ്ഥാനം അൎഹിച്ചിരുന്നു എന്നാലും അവിതൎക്കിതം തന്നെ.

# അദ്ധ്യായം ൪.

## ഹൎഷന്റെ കാലത്ത് ഇന്ത്യയിലെ സാമുദായികസ്ഥിതി.

അൽബെറൂനിയുടേയും ആദ്യത്തെ മുഹമ്മദീയാക്രമണങ്ങളിന്നും മുമ്പുള്ള ഇന്ത്യാചരിത്രത്തെക്കാറം ഹൎഷന്റെ കാലത്തെപ്പററിയാണു നാം അധികം അറിയുന്നത്. യുവാൻ ചാങ്ങിന്റെ ചിത്രീകരണസാമൎത്ഥ്യത്തോടുകൂടിയ തൂലിക, പലയിടങ്ങളിലും തെററിപ്പോയിട്ടുണ്ടെങ്കിലും, ഇന്ത്യയിൽ ആ കാലത്തിനുമുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു ചിത്രത്തെയാണു വൎണ്ണിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ വിവരണങ്ങൾ രസകരവും വിശ്വാസയോഗ്യവുമാകുന്നു. എന്നുതന്നെയല്ല, അവ അന്നത്തെ സാമുദായികസ്ഥിതിയേയും ആത്മീയജീവിതത്തെയും കുറിച്ചുള്ള വിലയേറിയ സംഗതികൾ അടങ്ങിയവയുമാണ്. ഈ വിവരണങ്ങളോട് ഏഴാം നൂററാണ്ടിലെ ശിലാരേഖകളിൽനിന്നു കിട്ടുന്ന ലക്ഷ്യങ്ങളെ കൂട്ടിച്ചേൎത്താൽ ഹൎഷന്റെ കാലത്തെ ഇന്ത്യയുടെ സാമുദായികസ്ഥിതിയെ കാണിക്കുന്ന ഒരു പുതിയ ചിത്രത്തെ നമുക്കുണ്ടാക്കുവാൻ സാധിക്കും.

ഗുപ്തചക്രവൎത്തിമാരുടെ കാലത്തുണ്ടായ ഹിന്ദുമതത്തിന്റെ പുനരുജ്ജീവനവും തന്നിമിത്തം ബുദ്ധമതത്തിന്നു ക്രമേണ സംഭവിച്ച അധോഗതിയും ആറാംനൂററാണ്ടിലെ

മതസംബന്ധമായ പ്രധാനസംഭവങ്ങളിൽ ഒന്നാണ്. ഗുപ്തരാജാക്കന്മാരുടെ വാഴ്ച്ചയുടെ അന്ത്യഘട്ടത്തിൽഹിന്ദുമതത്തിന്റെ പ്രാധാന്യം എത്രമാത്രം സ്ഥിരപ്രതിഷ്ഠിതമായി എന്നതിന് ഇതേവരെ കണ്ടുകിട്ടീട്ടുള്ള എല്ലാശിലാലിഖിതങ്ങളും മതിയായ തെളിവുകളാകുന്നു. ഹർഷന്റെ പിതാമഹൻ വർണ്ണാശ്രമധർമ്മങ്ങളെ വളരെ നിഷ്ഠയോടുകൂടി അനുഷ്ഠിച്ചിരുന്ന ഒരു ഹിന്ദുമതാനുയായിയായിരുന്നു. മാളവയിലെ യശോധർമ്മൻ ശൈവമതക്കാരനായിരുന്നു എന്നു മൻദോസർശിലാലിഖിതത്തിൽ അദ്ദേഹംതന്നെ പ്രസ്താവിക്കുന്നുണ്ട്. വല്ലഭിവംശത്തിന്റെ ആദികർത്താവു നിഷ്ഠയോടുകൂടിയ ഒരു മഹേശ്വരോപാസകനായിരുന്നു. അദ്ദേഹത്തിന്റെ അനുഗാമികൾ മിക്കവരും ഹിന്ദുമതപ്രസക്തന്മാരായിരുന്നു. എന്നാൽ ഹർഷന്റെ സാമന്തനും ജാമാതാവുമായിരുന്ന വല്ലഭിവംശജനായ ധ്രുവസേനൻ, മതവിശ്വാസംകൊണ്ടല്ലെങ്കിലും, ഹർഷന്റെ ഉപദേശപ്രകാരം ബുദ്ധമതാനുയായിയായിരുന്നു എന്നാണു ശ്രുതി. കർണ്ണസുവർണ്ണത്തിലെ രാജാക്കന്മാർ ബുദ്ധമതദ്വേഷികളായിരുന്നു എന്നുള്ളതിനു രണ്ടുപക്ഷമില്ല. കാമരൂപത്തിലെ ഭാസ്കരൻ, ചീനത്തുകാരനായ യുവാൻചാങ്ങിന്റെ പ്രത്യേകഗുണകാംക്ഷിയായിരുന്നെങ്കിലും, ബുദ്ധമതത്തെ സ്വീകരിക്കാനായി തന്റെ പൂർവ്വികന്മാരുടെ മതത്തെ ഉപേക്ഷിച്ചില്ല. ഇപ്രകാരം എല്ലായിടത്തും ഹിന്ദുമതം തന്നെയാണു ജയംപ്രാപിച്ചത്.

എന്നാൽ ഏഴാംനൂറാണ്ടിൽ ബുദ്ധമതത്തിനു പൊതുജനങ്ങളുടെ ഇടയിലുണ്ടായിരുന്ന പിടിപാടു തീരെ നശിച്ചു

പോയിരുന്നു എന്നു വിചാരിക്കുവാൻ പാടില്ല. ആ കാലത്ത് അനേകലക്ഷം ജനങ്ങൾ ബുദ്ധസംഘത്തിൽ ചേൎന്നിരുന്നു എന്നും ആ മതത്തിന്നു സാമാന്യം പ്രചാരമുണ്ടായിരുന്നു എന്നും യുവാൻചാങ്ങിന്റെ വിവരണങ്ങളിൽനിന്നു തെളിയുന്നുണ്ട്. ബുദ്ധമതം രാജാക്കന്മാരുടെ പ്രത്യേകതാല്പൎയ്യത്തിന്നോ ജനസാമാന്യത്തിന്റെ വാത്സല്യത്തിന്നോ ഒരുകാലത്തും വിഷയമായി ഭവിച്ചതായി ചരിത്രത്തിൽ കാണുന്നതല്ലെന്നുള്ള സംഗതി പ്രത്യേകം ഓൎമ്മിക്കേണ്ടതാകുന്നു. 'ബൌദ്ധഇന്ത്യ' എന്നു ചരിത്രകാരന്മാർ ചിലപ്പോൾ പറഞ്ഞുകാണുന്നതു തീരെ തെററാണ്. എന്തുകൊണ്ടെന്നാൽ, അശോകന്റെ വാഴ്ചക്കാലത്തൊഴികെ ബുദ്ധമതം ഒരിക്കലും രാജകീയമതമായിരുന്നിട്ടില്ല. അദ്ദേഹത്തിന്റെ കാലശേഷം ഹിന്ദുമതം പണ്ടത്തെപ്പോലെ തന്നെ പ്രബലപ്പെടുകയും ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളേയും അധീനപ്പെടുത്തുകയും ചെയ്തു. എന്നാൽ ഹിന്ദുമതത്തിന്നു മററുമതങ്ങളെപ്പോലെ ഒരു ഭരണവ്യവസ്ഥയില്ലാതിരുന്നതുകൊണ്ട് അതിന്റെ ശക്തി അപ്രത്യക്ഷവും വേണ്ടപോലെ അനുഭവപ്പെടാത്തതുമായിരുന്നു. ക്രിസ്ത്വബ്ദാരണ്ടാംനൂററാണ്ടിന്റെ പ്രാരംഭത്തിൽ പുരാതന ആൎയ്യന്മാരുടെ ഇതിഹാസങ്ങളുടെ ഉൽകൎഷം വീണ്ടും പ്രത്യക്ഷപ്പെടുകയും ഈ രണ്ടു മതങ്ങളും തമ്മിലുള്ള സാമ്യം ക്രമേണ വിശദമാകയും ചെയ്തു. ഇതാണു മഹായാനബുദ്ധമതത്തിന്റെ ഉത്ഭവത്തിന്നുള്ള കാരണം.

മററെല്ലാമതങ്ങൾക്കും സംഭവിച്ചതുപോലെ, ബുദ്ധദേവന്റെ പരിനിൎവ്വാണത്തിന്നുശേഷം അദ്ദേഹം പ്രചാര

ത്തിൽ വരുത്തിയ സിദ്ധാന്തങ്ങൾ വിഭിന്നങ്ങളാവുകയും അവയെ അനുകരിക്കുന്ന ഓരോ സംഘക്കാർ ഉണ്ടാവുകയും സാക്ഷാൽ ബുദ്ധമതക്കാർ തങ്ങളാണെന്ന് അവർ ശഠിച്ചുതുടങ്ങുകയും ചെയ്തു. അവയിൽ ഏററവും പ്രധാനമായവ മഹായാനവും ഹീനയാനവുമാണ്. എന്നാൽ ഈ രണ്ടു സംഘങ്ങളിലും അനവധി അവാന്തരവിഭാഗങ്ങൾ ഉണ്ടായി. ഇവയിൽ 18 സംഘങ്ങളെപ്പററി 'ഇററ്സിങ്' പറയുന്നുണ്ട്.

ഹീനയാനസിദ്ധാന്തങ്ങളും മഹായാനസിദ്ധാന്തങ്ങളും തമ്മിലുള്ള വ്യത്യാസം ചുരുക്കത്തിൽ ഇപ്രകാരമാണ്. മാഹാത്മ്യമേറിയ നാലു മഹത്തത്വങ്ങളുടെ ദർശനംകൊണ്ടും ഭാവനകൊണ്ടും മാത്രമേ നിർവ്വാണം സാധിക്കുകയുള്ളൂ എന്നായിരുന്നു ഹീനയാനസിദ്ധാന്തം. ഇവരിൽ 'പ്രത്യേകബുദ്ധന്മാർ' എന്നും 'ശ്രാമകന്മാർ' എന്നും രണ്ടു പ്രധാനവർഗ്ഗക്കാരുണ്ടായിരുന്നു. ഹീനയാനവർഗ്ഗക്കാർ കർമ്മമുറകൾക്കു വളരെ പ്രാധാന്യം കല്പിച്ചിരുന്നു. പിൻകാലങ്ങളിൽ രൂപീകരിക്കപ്പെട്ട മഹായാനമതം ഏറെക്കുറെ ഭക്തിപരമാകുന്നു. ബുദ്ധന്മാരെ ഭജിക്കുന്നത് ഇതിന്റെ ഒരു മുഖ്യ അംഗമാണ്. വിഷയാഗ്രഹം, അജ്ഞാനം, ജനനമരണം മുതലായവയിൽനിന്നു മുക്തരാകേണ്ടതിനു സദാചാരനിഷ്ഠയും ബുദ്ധന്മാരെപ്പോലെ ജ്ഞാനവും അത്യാവശ്യമാണെന്നായിരുന്നു ഈ കൂട്ടരുടെ സിദ്ധാന്തം. വേദാന്തതത്വത്തെ അടിസ്ഥാനപ്പെടുത്തി ആലോചിക്കുന്നതായാൽ, അതു ലോകത്തിന്റെ സൂക്ഷ്മാവസ്ഥയിലെക്കാൾ സ്ഥൂലാവസ്ഥയിൽ വിശ്വസിക്കുന്നതായും അതിലെ ആത്മീയസി

ശാന്തങ്ങൾ ബഹുദേവതാരാധനയെ അംഗീകരിക്കുന്നതായും തെളിയും. ഈ സംഗതിയിലും ഹിന്ദുമതത്തിൻെറ പ്രാബല്യമാണു പ്രത്യക്ഷപ്പെടുന്നത്. 'തന്ത്രയാനവും' 'മന്ത്രയാനവും' മഹായാനബുദ്ധമതത്തിൻെറ രണ്ടു വക ഭേദങ്ങളാണ്. ഇവ രണ്ടും വേദാന്തശൈവമതം ബുദ്ധമതവേഷത്തിൽ പ്രത്യക്ഷീകരിച്ച രൂപഭേദങ്ങൾ മാത്രമാകുന്നു.

ബുദ്ധമതത്തിലെ 18 അവാന്തരവിഭാഗങ്ങളെപ്പററി 'ഇററ്സിങ്' പറയുന്നുണ്ട്. ബുദ്ധഭക്തന്മാരേക്കാൾ അധികം ബുദ്ധമതതത്വവാദികളായിരുന്നു അക്കാലത്തുണ്ടായിരുന്നത്. ഹഷൻെറ കാലത്തു മതപ്രസക്തിയേക്കാൾ ബുദ്ധമതസിദ്ധാന്തങ്ങളിലുള്ള പാണ്ഡിത്യത്തിന്നു പ്രാധാന്യം കല്പിച്ചിരുന്നതിനാലായിരിക്കാം മാനസികഗതിഭേദങ്ങളേയൊ അനുഷ്ഠാനക്രമഭേദങ്ങളേയൊ ആശ്രയിച്ച് ഈ അവാന്തരവിഭാഗങ്ങൾ തമ്മിലുണ്ടായ വ്യത്യാസങ്ങൾ. ഇററ്സിങ്തന്നെ ഒരു പണ്ഡിതനും തത്വജ്ഞാനിയുമായിരുന്നെങ്കിലും, അയാൾക്ക് ഈ പതിനെട്ടു വഗ്ഗക്കാരിൽ ഏതു ഹീനയാനത്തിൽ ചേന്നതെന്നും ഏതു മഹായാനത്തിൽ ചേന്നതെന്നും നിശ്ചയിക്കുന്നതു വളരെ പ്രയാസമായിട്ടാണു തോന്നിയത്.

ഈ 18 സംഘങ്ങൾക്കു പുറമെ, ക്രിസ്താബ്ദം അഞ്ചാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ ബുദ്ധമതക്കാരിൽ പ്രധാനമായ നാലു തത്വജ്ഞാനവഗ്ഗക്കാർ പ്രബലപ്പെട്ടുവന്നു. ഇവയിൽ വൈഭാഷികന്മാരും 'സൌത്രാന്തികന്മാരും' ഹീനയാനത്തിൽപ്പെട്ടവരും 'യോഗാചാരന്മാരും' 'മാദ്ധ്യമികന്മാരും' മഹായാനത്തിൽപ്പെട്ടവരുമായിരുന്നു. ഇവയ്ക്ക് ഏഴു

റാവും പ്രബലപ്പെട്ടിരുന്ന മാദ്ധ്യമികസംഘത്തിന്റെ സ്ഥാപകൻ 'നാഗാർജ്ജുനൻ' എന്നു പ്രസിദ്ധപ്പെട്ട ഒരു ആചാര്യനാകുന്നു. ഇവരെ ഒരുതരം ശൂന്യസിദ്ധാന്തികളുടെ കൂട്ടത്തിൽ കണക്കാക്കാം. സ്ഥൂലപ്രപഞ്ചം മുഴുവനും മായയാണെന്നായിരുന്നു ഇവരുടെ സിദ്ധാന്തം. ഇതിൽനിന്നു ബുദ്ധമതതത്വങ്ങൾ വീണ്ടും ഉപനിഷത്തുക്കളെ അവലംബിക്കുന്നതായി പ്രത്യക്ഷപ്പെടുന്നുണ്ട്.

ഏഴാം നൂററാണ്ടിലുണ്ടായിരുന്ന ഹിന്ദുമതത്തിന്റെ സ്ഥിതിയെപ്പററി പറയുന്നതു പ്രയാസമാണ്. അശോകന്റെയും കനിഷ്കന്റെയും കാലത്തുപോലും ഹിന്ദുമതം പ്രബലപ്പെട്ടുതന്നെ ഇരുന്നു എന്ന് ഇതിനു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ബുദ്ധമുനി അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ പ്രസംഗിക്കാൻ തുടങ്ങിയതിനു മുമ്പുതന്നെ ഹിന്ദുമതം ഒരു സാമുദായികാചാരമായിത്തീർന്നിരുന്നു. അന്നുമുതൽ ഇന്നുവരെ ഈ മതത്തിനു വലിയ മാററം സംഭവിച്ചിട്ടുണ്ടെന്നു പറയുവാൻ തരമില്ല. പത്തൊമ്പതാം നൂററാണ്ടിൽ രാമമോഹൻ റായി പ്രതിഷേധിച്ച അതേ സംഗതികളെത്തന്നെയാണു ക്രി. മു. ആറാം നൂററാണ്ടിൽ ബുദ്ധമുനിയും അധിക്ഷേപിച്ചത്. ഹിന്ദുസമുദായത്തിന്റെ ആചാരനിബന്ധനകൾ അസാധാരണമായ സുസ്ഥിരതയെ പ്രദർശിപ്പിച്ചിരുന്നതെങ്കിലും, മതസിദ്ധാന്തങ്ങളിലും ആചാരങ്ങളിലും ഓരോ ശതാബ്ദത്തിലും മാററങ്ങൾ സംഭവിച്ചിട്ടുണ്ട്. ഹൈന്ദവസ്ഥാപനങ്ങൾ യാതൊരു മാററവും കൂടാതെ നിലനിന്നുവെങ്കിലും, മതവിശ്വാസത്തിലും മതസിദ്ധാന്തങ്ങളിലും ജനങ്ങളുടെ ഇടയിൽ നിരന്തരമായ മാററങ്ങൾ സംഭവിച്ചു

കൊണ്ടിരുന്നു. ഏഴാംനൂററാണ്ടിലും അതിനുമുമ്പിലത്തെ രണ്ടു ശതാബ്ദങ്ങളിലെപ്പോലെതന്നെ ഹിന്ദുമതക്കാരുടെ ഇടയിൽ വൈഷ്ണവശൈവമതങ്ങളിലുള്ള വിശ്വാസത്തിനായിരുന്നു പ്രാധാന്യം. ഹർഷൻെറ പിതാവുതന്നെ വളരെ നിഷ്ഠയോടുകൂടിയ മഹേശ്വരാരാധകനായിരുന്നു. ആ കാലങ്ങളിൽ ശിവപൂജ പൊതുജനങ്ങളുടെ ഇടയിൽ പരക്കെ നടപ്പായിരുന്നു എന്ന് ആറും ഏഴും ശതാബ്ദങ്ങളിലെ ശിലാലിഖിതങ്ങളിൽനിന്ന് അറിയാവുന്നതാണ്. ക്രിസ്താബ്ദം ആരംഭിച്ചകാലത്തുതന്നെ ഈ ശൈവമതം നടപ്പായിരുന്നു എന്നതിനു തെളിവുകളുണ്ട്. ക്രിസ്താബ്ദം മൂന്നാം നൂററാണ്ടിൽ 'കുശാന'വംശത്തിലെ പരാക്രമശാലിയായ രാജാവായിരുന്ന 'വേമകാഡ്ഫിസിസ്'† ഒരു മഹേശ്വരാരാധകനായിരുന്നതായും, ശൂലത്തോടുകൂടിയ ഒരു ശിവപ്രതിമ അദ്ദേഹത്തിൻെറ നാണയങ്ങളുടെ പിൻഭാഗത്തെ അലങ്കരിച്ചിരുന്നതായും കാണുന്നുണ്ട്. ശ്രീരാമചരിതം വർണ്ണിച്ചു പറഞ്ഞിരിക്കുന്ന കാളിദാസൻെറ രഘുവംശകാവ്യത്തിൽപോലും ആദ്യത്തെ വന്ദനശ്ലോകം പരമേശ്വരനെപ്പററിയാകുന്നു. യുവാൻചാങ് 'പാശുപത'ന്മാരെപ്പററി അദ്ദേഹത്തിൻെറ പുസ്തകത്തിൽ 12 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഈ പാശുപതന്മാർ മഹേശ്വരനെയാണ് ഭജിച്ചിരുന്നത്.

മഹാമല്ലപുരത്തിൽ പാറകൊത്തി പണിതിട്ടുള്ള ക്ഷേത്രങ്ങൾ ഏഴാംനൂററാണ്ടിൽ ശൈവമതത്തിനുണ്ടാ

---

† [illegible]

യിരുന്ന പ്രാധാന്യത്തിന്നു ലക്ഷ്യമാകുന്നു. മഹാമല്ലപല്ലവൻ ഹർഷന്റെ സമകാലീനനായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് പല്ലവശക്തി അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചത്. അദ്ദേഹത്തിന്റെ പ്രതാപസ്മരണയെ നിലനിർത്തുന്നതിന്നു പണിയിച്ച പ്രസിദ്ധപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം പ്രതിഷ്ഠിച്ചിരിക്കുന്നതു പരമേശ്വരനെയാകുന്നു.

ശൈവമതംപോലെതന്നെയില്ലെങ്കിലും, അതിന്റെ പ്രതിസ്പർദ്ധിയായിരുന്ന വൈഷ്ണവമതത്തിനും ഈ കാലത്തു സാമാന്യം പ്രചാരമുണ്ടായിരുന്നു. വൈഷ്ണവമതം ഏകദേശം ക്രി. മു. നാലാംനൂറ്റാണ്ടിൽതന്നെ നടപ്പായിരുന്നു എന്നു ചരിത്രം മുഖേന നമുക്ക് അറിയാവുന്നതാണ്. ഹർഷന്റെ കാലത്തിനുമുമ്പ് ഈ മതം പരക്കെ പ്രചാരമായിരുന്നു എന്നുള്ളതു ശിലാലിഖിതങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ട്. ഗുപ്തവംശത്തിലെ പ്രതാപശാലികളായ ചക്രവർത്തികളെല്ലാം വൈഷ്ണവന്മാരായിരുന്നു. രണ്ടാംചന്ദ്രഗുപ്തന്റെ നാണയങ്ങളിന്മേൽ 'പരമഭാഗവതൻ' എന്നുള്ള മുദ്ര അടിച്ചുകാണുന്നുണ്ട്. ഇദ്ദേഹത്തിന്റെ രാജധാനിയിലാണ് മഹാകവികാളിദാസൻ പ്രമാണിയായിരുന്നത്. സ്കന്ദഗുപ്തൻ ശ്രീകൃഷ്ണക്ഷേത്രത്തിലേക്ക് ഒരു സംഭാവന കൊടുത്തതായി ഒരു ശിലാലിഖിതത്തിൽ പറയുന്നുണ്ട്. ചാലൂക്യവംശത്തിലെ ചില മഹാന്മാരായ രാജാക്കന്മാരും വൈഷ്ണവന്മാരായിരുന്നു. ഹർഷന്റെ പ്രതിസ്പർദ്ധിയായിരുന്ന പുലികേശന്റെ മാതുലനായ മംഗലേശൻ ഒരു വിഷ്ണുക്ഷേത്രം പണിയിച്ച് അവിടത്തെ പ്രതിഷ്ഠാ

ത്സവത്തിന്നായി ഒരു ഗ്രാമത്തിലെ മുതലെടുപ്പു മുഴുവനും സംഭാവനചെയ്തുവത്രെ. "ഭാഗവതന്മാരെ" അഥവാ വിഷ്ണുപൂജകന്മാരെപ്പററി ബാണൻെറ ഹഷ ചരിത്രത്തിൽതന്നെ പ്രസ്താവിച്ചു കാണുന്നുണ്ട്. മഹാമല്ലപുരത്തിലെ ക്ഷേത്രങ്ങളിലെല്ലാം പരമേശ്വരപ്രതിഷ്ഠനാണെങ്കിലും, അവിടെ മഹാവിഷ്ണുവിനെ ലോകനാഥനായി സങ്കല്പിച്ചു കൊത്തിവെച്ചിട്ടുള്ള അനവധി ശിലാപ്രതിമകൾ കാണാം.

ആ കാലത്തു ശൈവമതത്തിനും വൈഷ്ണവമതത്തിനും പുറമെ വേറെ അനവധി അവാന്തരമതസംഘങ്ങൾ ഉണ്ടായിരുന്നു. വിന്ധ്യാചലപ്രാന്തങ്ങളിൽ താമസിച്ചിരുന്ന ഈ വിവിധസംഘങ്ങളുടെ പ്രതിനിധികളെപ്പററി ബാണൻ പറഞ്ഞുകാണുന്ന വിവരണങ്ങളിൽനിന്നു ഹിന്ദുമതത്തിൻെറ നാനാമുഖമായ വിശ്വാസവ്യത്യാസങ്ങളെപ്പററി നമുക്കു വളരെ വ്യക്തമായ അറിവു കിട്ടുന്നതാണ്. ഇവരിൽ ഒരു വഗ്ഗക്കാരാണ് 'സൌരമതക്കാർ.' 'മൈത്രേയന്മാർ' എന്നൊരു വഗ്ഗക്കാരുണ്ടായിരുന്നതായി ശിലാലിഖിതങ്ങളിൽനിന്നു തെളിയുന്നുണ്ട്. ഹഷൻെറ പൂവ്വപിതാക്കന്മാർ "പരമാദിത്യഭക്ത"ന്മാരായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. ഈ മതത്തെ അംഗീകരിച്ച രാജാക്കന്മാരെപ്പററി പലപ്പോഴും പറഞ്ഞുകാണുന്നതിൽനിന്ന് ഈ മതത്തിന്നു സാമാന്യം പ്രചാരമുണ്ടായിരുന്നു എന്നു തെളിയുന്നതാണ്. "സൂൎയ്യനാരായണൻ" എന്നും മററും ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ചില സംജ്ഞകളിൽനിന്ന് ഈ മതക്കാർ പിന്നീട വൈഷ്ണവമതത്തിൽ ലയിച്ചുപോയി എന്നൂഹിക്കാം. വൈഷ്ണവേതിഹാസങ്ങളിൽ സുദശനചക്രം, ഗരുഡൻ, അനന്തൻ എന്നീ മൂന്നു പ്രധാനചിഹ്നങ്ങൾക്കു ക

ല്പിച്ചുകാണുന്ന പ്രാധാന്യം സൌരമതത്തിൻെറ പ്രചാരത്തെക്കുറിച്ചുള്ള അനുമാനത്തെതന്നെയാണു തെളിയിക്കുന്നത്. വിഷ്ണുവിൻെറ സുദൎശനചക്രം നിശ്ചയമായും സൂൎയ്യൻെറ ചിഹ്നമാകുന്നു. ചക്രം സ്വയംപ്രകാശമുള്ള ഒരു വസ്തുവായിട്ടാണു ഗണിക്കപ്പെട്ടിരിക്കുന്നത്. വിഷ്ണുവിൻെറ ഭാൎയ്യയായി കല്പിച്ചിരിക്കുന്ന "പത്മ"യും ഇതിഹാസങ്ങളിൽ സൂൎയ്യപത്നിയായി സങ്കല്പിച്ചു കാണുന്ന "കമലവും" പൎയ്യായശബ്ദങ്ങളാകുന്നു. ഇതിനുംപുറമെ, വിഷ്ണുവിൻെറ മറെറാരു ചിഹ്നമായ പാഞ്ചജന്യം സൂൎയ്യോപാസനയുടെ ഒരു ലക്ഷണമാണ്. പൌരാണികമൂൎത്തിയായ മഹാവിഷ്ണു പല വൎഗ്ഗങ്ങളുടേയും ഉപാസനാക്രമങ്ങളിലുംകൂടെനിന്ന് ഉത്ഭവിച്ചതാണെന്നും അദ്ദേഹത്തിനു കല്പിച്ചിരിക്കുന്ന കാരുണ്യമൂൎത്തിത്വം അക്കാലത്ത് ഇന്ത്യയിൽ വ്യാപിച്ചിരുന്ന സൌരമതത്തിൽ ലീനമായിരുന്നതാണെന്നും ഊഹിക്കാവുന്നതാകുന്നു.

ആ കാലത്ത് ഇന്ത്യയിലെ മതാനുഷ്ഠാനസമ്പ്രദായങ്ങളെല്ലാം ഇപ്പോഴത്തെപ്പോലെതന്നെയായിരുന്നു. ബ്രാഹ്മണരുടെ ഗ്രാമീണജീവിതരീതിയപ്പററിയുള്ള ബാണൻെറ വൎണ്ണനകളും ഇപ്പോൾ നാം കാണുന്ന ജീവിതസമ്പ്രദായവും തമ്മിൽ വലിയ വ്യത്യാസമില്ല. ഹിന്ദുക്കളുടെ മതസംബന്ധമായും സമുദായസംബന്ധമായുമുള്ള ആചാരങ്ങളുടെ അടിസ്ഥാനമായ ജാതിവ്യത്യാസത്തിൻെറ കാൎയ്യത്തിൽ ഇന്നത്തെപ്പോലെതന്നെ അന്നും നിഷ്കൎഷയുണ്ടായിരുന്നു. യുവാൻചാങ്ങിന് അവയെ സ്പഷ്ടമായും പൂൎണ്ണമായും ഗ്രഹിക്കുവാൻ കഴിയാഞ്ഞതുകൊണ്ട് ആ സമ്പ്രദാ

യങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വിവരങ്ങളിൽ, പല തെററുകളും പററിപ്പോയിട്ടുണ്ട്.

എന്നാൽ ഇത്ര വിസ്തൃതവും ദുർജ്ജ്ഞേയവുമായ ഒരു സമ്പ്രദായത്തെപ്പററി ഒരു വിദേശിക്കു പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കാതെ വന്നത് ഒട്ടും അപ്രകൃതമല്ല. അതിന്നും പുറമെ, നമ്മുടെ ചീനത്തുകാരൻ ബുദ്ധമതത്തിൽ പെടാത്ത യാതൊന്നിലും മനസ്സിരുത്തിയിരുന്നുമില്ല. അതു കൊണ്ടു ഹൈന്ദവഇന്ത്യയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായപ്രകടനം സ്വതേയുള്ള രീതി വിട്ട് ഒരു മാതിരി ശ്ലോകത്തിൽ കഴിക്കുകയാണു ചെയ്തിരിക്കുന്നത്. എന്നാൽ ഹർഷന്റെ കാലത്തും, ഇന്നത്തെപ്പോലെതന്നെ വിവാഹം, ഭക്ഷണം, ശുദ്ധാശുദ്ധങ്ങൾ എന്നീസംഗതികളിൽ ജാതിഭേദനിബന്ധനകൾ അവയുടെ പരിപൂർണ്ണാവസ്ഥയിൽ പ്രബലപ്പെട്ടിരുന്നു എന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

ഈ കാലത്തു വിദ്യാഭ്യാസത്തിന്നു വളരെ പ്രചാരമുണ്ടായിരുന്നു. ഗുപ്തന്മാരുടെ കാലത്തു വിദ്യാഭ്യാസത്തിനുണ്ടായ പുനരുജ്ജീവനം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചതു രണ്ടാം ചന്ദ്രഗുപ്തന്റെ കാലത്താണ്. പിന്നീടു രണ്ടു ശതാബ്ദകാലത്തോളം ഇതിന്റെ ഊർജ്ജിതം നിലനിന്നതായും നാം അറിയുന്നു. ഹർഷന്റെ കാലത്തു സാഹിത്യത്തിനു സിദ്ധിച്ച മഹിമയെപ്പററി ഇനി ഒരു ദിക്കിൽ പ്രസ്താവിക്കുന്നതാണ്. അഞ്ചും, ആറും, ഏഴും നൂററാണ്ടുകളിൽ സാഹിത്യത്തിനു സിദ്ധിച്ച പ്രചാരം ഇന്ത്യയിൽ സംഭവിച്ച ഒരു പ്രധാന സംഗതിയാണെന്നാകുന്നു നാം പ്രത്യേകം ഓർക്കേണ്ടത്. വിദ്യാഭ്യാസത്തെ സംബന്ധിച്ചി

ടത്തോളം അന്നു പക്ഷെ ഇന്ത്യയൊഴിരിക്കണം ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലുംവെച്ച് ഔന്നത്യം പ്രാപിച്ചിരുന്നത്. അക്കാലത്തു ജാപ്പാൻ, ചൈന മുതലായ പൌരസ്ത്യരാജ്യങ്ങളിൽനിന്നുള്ള വിദ്യാൎത്ഥികൾ ഭാരതീയകലാലയങ്ങളെ ഭക്തിപൂൎവ്വം സന്ദൎശിച്ചിരുന്നു ബുദ്ധമതസന്യാസിമാർ വിദ്യാഭ്യാസവിഷയത്തിൽ വളരെ ശ്രദ്ധാലുക്കളായിരുന്നതുകൊണ്ടു സന്ന്യാസം സ്വീകരിക്കുന്നവരേയും മററും ആ മതതത്വങ്ങളിൽ പരിശീലിപ്പിക്കുന്നതിന്നു സംഘാരാമങ്ങളിൽ വേണ്ടുന്ന സകല ഏൎപ്പാടുകളും ചെയ്തിരുന്നു. എല്ലാ പ്രധാനനഗരങ്ങളിലും ഈവക ഏൎപ്പാടുകളോടുകൂടിയ അനവധി സംഘാരാമങ്ങൾ ഉണ്ടായിരുന്നു. കന്യാകുബ്ജത്തിൽത്തന്നെ അനേകായിരം ശ്രാമണരോടുകൂടിയ നൂററിൽപരം സംഘാരാമങ്ങൾ ഉണ്ടായിരുന്നു എന്നു യുവാൻചാങ്തന്നെ പറയുന്നുണ്ട്. മധുരയിൽ രണ്ടു യാനമാൎഗ്ഗങ്ങളിലും പ്രവീണന്മാരായ രണ്ടായിരം സന്ന്യാസിമാർ ഉണ്ടായിരുന്നുവത്രെ. ഓരോ സന്ന്യാസിമഠവും തൎക്കം, ധൎമ്മസൂത്രം, ബുദ്ധമതസിദ്ധാന്തങ്ങൾ മുതലായവയെ പ്രതിഫലം വാങ്ങാതെ പഠിപ്പിക്കുന്ന മഹാവിദ്യാലയമായിരുന്നു. ഇതിന്നുംപുറമെ, പുതുതായി സന്ന്യാസ്യം സ്വീകരിക്കുന്നവരെ ശുചിയോടും നിഷ്കളങ്കതയോടും ജിവിക്കുവാൻ പ്രത്യേകം പരിശീലിപ്പിക്കുകയും ചെയ്തിരുന്നു.

അക്കാലത്തുണ്ടായിരുന്ന എല്ലാ സൎവ്വകലാലയങ്ങളിലുംവെച്ച് ഏററവും പ്രസിദ്ധപ്പെട്ടതു "നളന്ദ"യായിരുന്നു. മാഹാത്മ്യമേറിയ ഈ വിദ്യാലയത്തെപ്പററി സവിസ്തരമായ ഒരു വിവരണം യുവാൻചാങിന്റെ ജിവചരിത്രത്തിലും

സഞ്ചാരക്കുറിപ്പുകളിലും കാണുന്നുണ്ട്. ഈ സൎവ്വകലാശാല പണിയിച്ച് അതിന്റെ നിലനില്പിന്നു വേണ്ടത്ര ദ്രവ്യം സംഭാവനചെയ്തതു 'ശക്രാദിത്യൻ' എന്നു പ്രസിദ്ധപ്പെട്ട മാഗധനാട്ടുവാഴിയാണ്. ഈ ശക്രാദിത്യന്റെ പിൻഗാമികൾ ഈ സ്ഥാപനത്തിന്റെ അഭിവൃദ്ധിക്കായി പിന്നെയും അനവധി ദ്രവ്യം കൊടുത്തിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിൎമ്മാണത്തിൽ വഴിക്കുവഴിയായി ഓരോ രാജാക്കന്മാർ അത് അത്ഭുതകരമായ കാഴ്ചയായിത്തീരത്തക്കവണ്ണം ശില്പികളുടെ സാമൎത്ഥ്യം മുഴുവൻ അതിന്മേൽ കാണിച്ചിരിക്കുന്നതായി യുവാൻചാങ് പറയുന്നുണ്ട്: ശില്പകലയെ സംബന്ധിച്ചിടത്തോളം ഈ വിദ്യാലയങ്ങൾ എത്ര അത്ഭുതകരങ്ങളായിരുന്നു എന്നു മനസ്സിലാക്കാൻ നമുക്കു വലിയ വിഭാവനശക്തി വേണമെന്നില്ല. ജാവയിൽ ബോറൊബൂദർ എന്ന സ്ഥലത്ത് അസാമാന്യവലിപ്പമുള്ള ശിലകൾ കൂട്ടിച്ചേൎത്തു പണിതിട്ടുള്ള നിൎമ്മാണങ്ങളൊ, അജാന്ത, ശ്രീഗിരി മുതലായ സ്ഥലങ്ങളിൽ ഭൂഗൎഭത്തിൽ പണിയപ്പെട്ടിട്ടുള്ള സന്ന്യാസിമഠങ്ങളിലെ ഭിത്തികളിൽ സംരക്ഷിച്ചുപോരുന്ന മണ്ഡോദകചിത്രങ്ങളോ കണ്ടിട്ടുള്ളവൎക്കു, ബുദ്ധമതലോകത്തിന്റെ അഭിമാനത്തിന്നു ഹേതുഭൂതമായ ഈ നളന്ദസൎവ്വകലാശാലയിൽ എത്ര മനോഹരമായ കെട്ടിടങ്ങളുണ്ടായിരുന്നു എന്നൂഹിക്കുവാൻ പ്രയാസമില്ല.

നളന്ദസൎവ്വകലാശാലയിലേക്കു ലഭിച്ച സംഭാവനകളിൽനിന്നു കൊല്ലത്താൽ ഒരു വലിയ സംഖ്യ ആദായമുണ്ടായിരുന്നു. ഗ്രാമങ്ങളും ദേശവഴികളും മററും, കരമൊഴിവായി ഈ കലാശാലയിലേക്കു സംഭാവന ചെയ്യുന്ന കാ

യ്യത്തിൽ ഞാനാണു മുമ്പൻ എന്നു രാജാക്കന്മാർ തമ്മിൽ മത്സരമായിരുന്നു. ഏഴാം നൂററാണ്ടിൽ ഈ സർവ്വകലാശാലയിൽ പലനിക്ഷേപങ്ങളിൽനിന്നുണ്ടായിരുന്ന ആദായത്തിനും പുറമെ, ഏകദേശം 200 ഗ്രാമങ്ങളിലെ കരമിച്ചവാരം മുതലായ മുതലെടുപ്പും ഉണ്ടായിരുന്നുവത്രെ. ഈ കാലത്തു ശൃംഗേരിമഠത്തിലെ ശങ്കരാചാര്യർക്കും ഏതാദൃശരായ മററു മഠാധികാരികൾക്കുമുള്ള രാജപദവികളെല്ലാം സർവ്വകലാശാലാമേലദ്ധ്യക്ഷനുമുണ്ടായിരുന്നു.

നളന്ദസർവ്വകലാശാലയെപ്പററി യുവാൻചാങ് ഇപ്രകാരം വർണ്ണിച്ചിട്ടുണ്ട്: "ഇവിടെ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ അനേകായിരമാകുന്നു. അവർ അസാമാന്യമായ സാമർത്ഥ്യവും ബുദ്ധിചാതുര്യമുള്ളവരാണ്. അവരുടെ സുപ്രസിദ്ധി ഇന്നും വലിയതുതന്നെ. ഇവരിൽ പലരുടേയും കീർത്തി ദൂരദേശങ്ങളിലും വ്യാപിച്ചിട്ടുണ്ട്. അവരുടെ ജീവിതക്രമം പരിശുദ്ധവും നിരാക്ഷേപവുമാണ്. അവർ സദാചാരനിയമങ്ങളെ നിർവ്യാജമായിട്ടാണ് അനുഷ്ഠിക്കുന്നത്. സന്ന്യാസിമഠത്തിലെ നിയമങ്ങൾ വളരെ നിഷ്കൃഷ്ടവും എല്ലാ സന്ന്യാസിമാരും അവയെ അനുസരിക്കുവാൻ നിർബ്ബന്ധിതരുമാകുന്നു. ചോദ്യങ്ങൾ ചോദിക്കുന്നതിന്നും സമാധാനങ്ങൾ പറയുന്നതിന്നും പകൽ സമയം മുഴുവനും മതിയാകാതെ വരുന്നു. ചെറുപ്പക്കാരും വൃദ്ധന്മാരും പരസ്പരം വാദപ്രതിവാദം ചെയ്യുന്നതിൽ അന്യോന്യം സഹായിക്കുന്നു. വാദപ്രതിവാദങ്ങളിൽ കീർത്തി സമ്പാദിക്കാൻ ആഗ്രഹിക്കുന്ന അസംഖ്യം പണ്ഡിതന്മാർ അവരുടെ സംശയനിവൃത്തിവരുത്തുവാനും മററുമായി പല

സ്ഥലങ്ങളിൽനിന്നും അവിടെ വരികയും അവരുടെ വിജ്ഞാനനദി പല വഴിക്കും ഒഴുകുകയും ചെയ്യുന്നു; ഈ കാരണംകൊണ്ട് അനവധി വിദ്വാന്മാർ വിദേശങ്ങളിൽ പോയി ബഹുമാനപദവികൾ സമ്പാദിക്കേണ്ടതിന്നു "നളന്ദ വിദ്യാർത്ഥികൾ" എന്നുള്ള അഭിധാനത്തെ അനർഹമായി സ്വീകരിക്കുന്നുണ്ട്. ഈ സർവ്വകലാശാലയിൽ പ്രവേശം ലഭിക്കേണമെങ്കിൽ പുരാതനവും ആധുനികവുമായ അനവധി ഗ്രന്ഥങ്ങൾ കൂലങ്കഷമായി പഠിച്ചിരിക്കണം. അതുകൊണ്ടു പുറത്തുനിന്ന് ഇവിടെ വരുന്ന വിദ്യാർത്ഥികൾ വാദപ്രതിവാദംകൊണ്ട് അവരുടെ പാണ്ഡിത്യത്തെ പ്രത്യക്ഷപ്പെടുത്തേണ്ടതാകുന്നു. ഈ പരീക്ഷയിൽ ജയിക്കുന്നവർ പത്തിന്നു രണ്ടോ മൂന്നോ പേർ മാത്രമേയുണ്ടാകയുള്ളു. പ്രകാശമാനമായ ബുദ്ധികൌശല്യം, സ്ഥൂലമായ വിജ്ഞാനം, അസാമാന്യമായ സാമർത്ഥ്യം, ഉൽകൃഷ്ടമായ സദാചാരനിരത മുതലായ വിശിഷ്ടഗുണങ്ങളോടുകൂടിയ യോഗ്യന്മാരെ, വിവേകശൂന്യന്മാരും വിഷയികളുമായ അജ്ഞന്മാരെ തങ്ങളുടെ ഉപദേശംകൊണ്ടു വിജ്ഞാനികളാക്കിത്തീർത്ത ധാമപാലചന്ദ്രപാലന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു. 'ഗുണമതി'യുടെയും 'സ്ഥിരമതി'യുടെയും ഉൽകൃഷ്ടമായ തത്വോപദേശസരണി ഇന്നും വിദേശങ്ങളിൽ വ്യാപിക്കുന്നുണ്ട്; ഇവരെപോലെതന്നെ പ്രഭാമിത്രൻ അദ്ദേഹത്തിന്റെ സുഗമസംഭാഷണംകൊണ്ടും ജിനമിത്രൻ വാഗ്മിത്വംകൊണ്ടും, ശീലഭദ്രൻ മുതലായ മററനേകം മഹാന്മാർ ഏതാദൃശമായ വൈഭവങ്ങൾകൊണ്ടും ലോകവിശ്രുതന്മാരായിത്തീർന്നിട്ടുണ്ട്."

യുവാൻചാങ് തന്നെ ഈ സർവ്വകലാശാലയിൽ കുറച്ചുകാലം ക്രമമായി അദ്ധ്യയനം ചെയ്തിരുന്നു. ആ കാലത്തെ സർവ്വകലാശാലാദ്ധ്യക്ഷനായിരുന്നതു 'ശീലഭദ്ര'നാണു്. അദ്ദേഹം ധർമ്മപാലന്റെ ശിഷ്യനാകുന്നു. യുവാൻചാങ് അദ്ദേഹത്തെപ്പററി വളരെ ഭക്തിബഹുമാനങ്ങളോടുകൂടിയാണ് പറയുന്നത്. നളന്ദയിലെ പണ്ഡിതന്മാരെ വാദപ്പോരിനു വിളിച്ചു ഒരു ദാക്ഷിണാത്യനോടു വാദപ്രതിവാദം നടത്തുവാൻ മുപ്പതുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന ശീലഭദ്രനെ അദ്ദേഹത്തിന്റെ ഗുരു നിയോഗിച്ചു എന്നു പറയപ്പെട്ടിരിക്കുന്നതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ യോഗ്യത തെളിയുന്നതാണ്. ശീലഭദ്രനാൽ നിയോഗിക്കപ്പെട്ട ഒരു ദൂതസംഘം നമ്മുടെ മാന്യനായ ചീനസന്യാസിയെ സ്വീകരിച്ചു യഥായോഗ്യം ബഹുമാനിച്ചു സൽക്കരിക്കുകയുണ്ടായി. യുവാൻചാങ് അവിടെവെച്ചു യോഗസൂത്രങ്ങളും മററു പല ശാസ്ത്രങ്ങളും അത്യുത്സാഹത്തോടുകൂടി പഠിച്ചിരുന്നതിനാൽ, ആ സർവ്വകലാശാലയിലെ ബഹുമാന്യരായ അമ്പതു പണ്ഡിതന്മാരുടെ കൂട്ടത്തിൽ ഒരാളായി ഗണിക്കപ്പെട്ടു.

'നളന്ദ' ഒരു ബുദ്ധമതസ്ഥാപനമായിരുന്നെങ്കിലും അവിടത്തെ വിദ്യാഭ്യാസം കേവലം വർഗ്ഗീയസമ്പ്രദായത്തെ അനുസരിച്ചു മാത്രമായിരുന്നില്ല. അവിടെ പഠിപ്പിച്ചിരുന്ന വിഷയങ്ങളുടെ കൂട്ടത്തിൽ വേദം, വ്യാകരണം, തർക്കം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം മുതലായവ ഉൾപ്പെട്ടിരുന്നു. ബുദ്ധമതത്തിലെ ഓരോ പ്രത്യേകവർഗ്ഗങ്ങൾക്കും ഇവിടെ പ്രവേശനം ലഭിച്ചിരുന്നു. ഹിന്ദുമതസംബന്ധമായ

ശാസ്ത്രങ്ങളും ഇവിടെ അഭ്യസിപ്പിക്കാതിരുന്നില്ല. ഇതേവരെ ഉണ്ടായിട്ടുള്ള ഏററവും വലിയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒന്നായിരുന്ന 'നളന്ദ' എന്നുള്ളത് ആരും സമ്മതിക്കും. ഏഴാംനൂററാണ്ടിൽ സകലരാജ്യക്കാൎക്കും പൊതുവെയുള്ള ഒരു വിദ്യാഭ്യാസസങ്കേതമായി ഇതൊന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. തന്റെ "പോററമ്മ"യായ നളന്ദയെപ്പററി നമ്മുടെ ചീനത്തുകാരന്റെ ബഹുമാനപൂൎവ്വമായ വൎണ്ണനകളിൽ പക്ഷേ അതിശയോക്തി ഉണ്ടായിരിക്കാമെന്നു സംശയം തോന്നാമെങ്കിലും, ജീവകാലം മുഴുവനും വിദ്യാസമ്പാദനത്തിനായി അശ്രാന്തപരിശ്രമം ചെയ്ത നീതിമാനും നിഷ്കളങ്കനുമായ ഒരു സന്ന്യാസിയുടെയും സൂക്ഷ്മഗ്രാഹിയും അധ്യാപനശീലനുമായ വിദ്യാൎത്ഥിയുടേയും നിലയിൽ അദ്ദേഹത്തിന്റെ വൎണ്ണനകൾ യഥാൎത്ഥത്തെ അണുപോലും അതിക്രമിച്ചിരിക്കുന്നതല്ലെന്നു വിശ്വസിക്കാവുന്നതാണ്. യുവാൻചാങ് വളരെക്കാലം ഈ സൎവ്വകലാശാലയിൽ തന്നെ സ്ഥിരതാമസമായിരുന്നതുകൊണ്ടു നളന്ദയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഉത്തമസാക്ഷ്യങ്ങളാണെന്നുള്ളതിന്നു രണ്ടുപക്ഷമില്ല.

ഹൎഷന്റെ കാലത്തെ സാധാരണ വിദ്യാഭ്യാസരീതിയെപ്പററി യുവാൻചാങിന്റെ വിവരണങ്ങളിൽനിന്നു നമുക്ക് ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. അന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി അദ്ദേഹം വൎണ്ണിച്ചിരിക്കുന്നതു താഴെ പറയുംപ്രകാരമാണ്.

"കുട്ടികളുടെ വിദ്യാഭ്യാസം ആരംഭിക്കുവാനും അവരെ അതിൽ താല്പൎയ്യമുള്ളവരാക്കുവാനും പന്ത്രണ്ടദ്ധ്യായമുള്ള

'സിദ്ധവസ്തു' എന്നൊരു ഗ്രന്ഥമാണ് പഠിപ്പിച്ചിരുന്നത്. കുട്ടികൾക്ക് ഏഴു വയസ്സു തികഞ്ഞാൽ, അവരെ 'പഞ്ചവിദ്യകൾ' യഥാക്രമം അഭ്യസിപ്പിച്ചിരുന്നു. ആദ്യത്തെ വിദ്യ ശബ്ദശാസ്ത്രം, അല്ലെങ്കിൽ വ്യാകരണമാകുന്നു. ശില്പകലാശാസ്ത്രങ്ങളെ പ്രതിപാദിക്കുന്ന ഹേതുവിദ്യയും ജ്യോതിഷവും അടങ്ങിയതാണ് രണ്ടാമത്തേത്. മൂന്നാമത്തേതാണു വൈദ്യവിദ്യ. ധർമ്മതല്പരന്മാരേയും അസത്യവാദികളേയും വേർതിരിച്ചറിവാൻ സാധിക്കുന്ന തർക്കശാസ്ത്രമാണു നാലാമത്തെ വിദ്യ. ആത്മജ്ഞാനസിദ്ധികളും അഞ്ചുമുറകളേയും, കർമ്മത്തിന്റെ സൂക്ഷ്മതത്വത്തേയും പ്രതിപാദിക്കുന്ന അദ്ധ്യാത്മവിദ്യയാകുന്നു അഞ്ചാമത്തെ വിദ്യ."

ഈ സമ്പ്രദായം സാഹിത്യത്തേയും ഉപജീവനമാർഗ്ഗത്തേയും പരിശീലിപ്പിക്കുന്നതായിരുന്നു എന്നു വിശദമാകുന്നുണ്ടല്ലോ. ആദ്യകാലത്തെ പഠിപ്പു പ്രയോജനകരമായ ലൌകികവിഷയങ്ങളെപ്പററിയായിരുന്നു. ഇതിൽ ബൌദ്ധനൊ ഹിന്ദുവോ എന്ന മതഭേദംകൂടാതെയാണ് എല്ലാവരേയും വിദ്യ അഭ്യസിപ്പിച്ചിരുന്നത്. ആദ്ധ്യാത്മികവിഷയങ്ങളെ പഠിപ്പിച്ചിരുന്നത് ഇതിനു ശേഷമാണ്. ഇതിനു മുമ്പു പ്രസ്താവിച്ച പഞ്ചവിദ്യകൾ പക്ഷെ ബുദ്ധമതസംബന്ധമായ പാഠവിഷയങ്ങളായിരിക്കാം, എങ്കിലും, ബുദ്ധമതക്കാരായ വിദ്യാർത്ഥികളും ഹിന്ദുമതക്കാരായ വിദ്യാർത്ഥികളും തമ്മിൽ, രാജാക്കന്മാരുടെ പ്രത്യേകതാല്പര്യം പ്രമാണിച്ചു, ദീർഘമായ വാദപ്രതിവാദങ്ങൾ നടത്താറുണ്ടായിരുന്നു. ഈ വിഷയങ്ങളിൽ ഹിന്ദുമതക്കാൎക്കും നല്ല പരിചയമുണ്ടായിരുന്നു എന്നതിന് ഏതാദൃശമായ വാദപ്രതിവാ

ങ്ങൾ മതിയായ ലക്ഷ്യമാകുന്നു. നളന്ദയിലേയും മററു സംഘാരാമങ്ങളിലേയും വിദ്വാന്മാർക്കെല്ലാം, അന്നു പ്രചാരമുണ്ടായിരുന്ന എല്ലാശാസ്ത്രങ്ങളിലും അപാരമായ പാണ്ഡിത്യം സിദ്ധിച്ചിരുന്നു എന്ന സംഗതി നിസ്തക്കമാണ്.

ഹിന്ദുമതാനുയായികൾക്കു നിശ്ചയിച്ചിരുന്ന ഉയന്ന തരം വിദ്യാഭ്യാസരീതി ഇതിൽനിന്നുംവ്യത്യാസപ്പെട്ടതായിരുന്നു. ബ്രാഹ്മണരെ മാത്രമേ നാലു വേദങ്ങളും പഠിപ്പിച്ചിരുന്നുള്ളൂ. ഉപാദ്ധ്യായന്മാരെല്ലാം അവരുടെ ജീവകാലം മുഴുവനും ജ്ഞാനസമ്പാദനത്തിനുവേണ്ടി വിനിയോഗിച്ചിരുന്ന പണ്ഡിതന്മാരായിരുന്നു. "ഈ സർവ്വകലാശാലയിലെ വിദ്യാഭ്യാസക്രമം ശിഷ്യന്മാരെ ശാസ്ത്രതത്വങ്ങളെ ഉരുവിട്ടു പഠിപ്പിക്കുന്നതല്ല, അവരുടെ മനസ്സിനെ സ്വയമായി വ്യാപരിപ്പിച്ചു ബുദ്ധിവികാസത്തെ വരുത്തുന്നതായിരുന്നു. ജഡന്മാരെ അനുശാസനം ചെയ്യേണ്ടതിന്നും, മന്ദന്മാരെ ക്രമ്മബുദ്ധികളാക്കേണ്ടതിന്നും, അലസന്മാരെ അതിപ്രയത്നംകൊണ്ടെങ്കിലും സ്ഥിരോത്സാഹികളാക്കേണ്ടതിന്നും ഉപാദ്ധ്യായന്മാർ നിരന്തരമായി പരിശ്രമിച്ചിരുന്നു." എന്നാണ് യുവാൻചാങ്ങ് പറയുന്നത്. ബുദ്ധമതതത്വങ്ങളിലും വിദ്യാഭ്യാസസമ്പ്രദായങ്ങളിലും അധികം ശ്രദ്ധാലുവായ നമ്മുടെ ചീനസന്യാസി നിർഭാഗ്യവശാൽ ബ്രാഹ്മണരായ ഉപാദ്ധ്യായന്മാർ അനുകരിച്ചവിദ്യാഭ്യാസരീതിയെക്കുറിച്ചു വിവരമായി ഒന്നും പറഞ്ഞിട്ടില്ല. യുവാൻചാങ്ങ് ഇന്ത്യയെ സന്ദർശിച്ച കാലത്തു ഹിന്ദുമതത്തിന്റെ പ്രാധാന്യം ആര്യാവർത്തത്തിൽ പുനഃസ്ഥാപിതമായിരുന്ന സ്ഥിതിക്കു വിദ്യാഭ്യാസവിഷയത്തിൽ മാത്രം ബ്രാഹ്മണർ ബുദ്ധമതക്കാ

രേക്കാൾ താഴെയായിരുന്നു എന്നു് ഒരിക്കലും വിചാരിക്കാവുന്നതല്ല. മുമ്പിലത്തെ രണ്ടു ശതാബ്ദങ്ങളിൽ വിജ്ഞാനവിഷയങ്ങളിൽ പൊതുവേ ഉണ്ടായ ഉണർച്ച് ഹിന്ദുമതസിദ്ധാന്തങ്ങളുടെ പുനരുജ്ജീവനത്തോടു വളരെ യോജിച്ചിരിപ്പുണ്ടെന്ന വാസ്തവം ഓർമ്മിക്കേണ്ടതാകുന്നു.

ഇന്ത്യയിൽ ഏകദേശം ഇന്നത്തെപോലെതന്നെ, വിദ്യാഭ്യാസവിഷയത്തിൽ അക്കാലത്തുമുണ്ടായിരുന്ന ഒരു പ്രധാനസംഗതി സ്ഥിരവാസംകൂടാതെ ദേശംപ്രതി സഞ്ചരിച്ചുകൊണ്ടിരുന്ന ഭിക്ഷുക്കൾക്കും സാധുക്കൾക്കും പൊതുജനങ്ങളുടെ മനസ്സിനെ പ്രേരിപ്പിക്കാൻ കഴിഞ്ഞിരുന്ന ശക്തിയാകുന്നു. അവരുടെ അപാരമായ പാണ്ഡിത്യവും, ത്യാഗശീലവും യുവാൻചാങ്ങിനെ അത്ഭുതപരവശനാക്കീട്ടുണ്ടു്. “സമ്പൽസമൃദ്ധിയോടുകൂടിയ കുടുംബങ്ങളിൽ ജനിച്ചവർപോലും, ഭിക്ഷാടനംചെയ്തു ജീവിക്കുവാൻ സന്നദ്ധരായിരുന്നു. ബഹുമാനത്തെയോ അപഹാസത്തെയോ ഗണിക്കാതിരുന്ന അവരുടെ കീർത്തി സകലദിക്കിലും വ്യാപിച്ചിരുന്നു. രാജാക്കന്മാർപോലും അവരെ അത്യാദരം ബഹുമാനിച്ചിരുന്നു. പുരാതനമായ എല്ലാവിഷയങ്ങളിലും ഇവർ വളരെ നിപുണന്മാരായിരുന്നു. ഇവരുടെ ആയുഷ്കാലം മുഴുവൻ വിനിയോഗിച്ചിരുന്നതു ജ്ഞാനസമ്പാദനത്തിനാണു്. വിദ്യാഭ്യാസവിഷയത്തിൽ ഇവരുടെ പ്രാബല്യം സാമാന്യത്തിലധികം പ്രത്യക്ഷപ്പെട്ടിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ, ഇവർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടന്നു സാധുക്കളായ വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നു.”

മതസിദ്ധാന്തങ്ങളിൽ ഭിന്നവർഗ്ഗക്കാരായ ഓരോ

പ്രസിദ്ധപണ്ഡിതന്മാർ തമ്മിൽ പലപ്പോഴും പരസ്യമായി വാദപ്രതിവാദങ്ങൾ നടത്തുന്നത് അന്ന വളരെ സാധാരണമായിരുന്നു. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും പണ്ഡിതാഗ്രേസരന്മാർ, ഓരോ സിദ്ധാന്തങ്ങളിൽ പാണ്ഡിത്യമുള്ളവരോടു വാദപ്രതിവാദം ചെയ്യുന്നതിന കാശി, നളന്ദ മുതലായ വിദ്യാസങ്കേതങ്ങളിൽ ചെന്നിരുന്നു. ഹർഷന്റെ കാലശേഷം അടുത്ത ശതാബ്ദത്തിൽ ലോകവിശ്രുതനായ ശങ്കരാചാര്യസ്വാമികൾ, താന്നാൽ പ്രകല്പിതമായ അദ്വൈതവേദാന്തതത്വങ്ങളെ പ്രചരിപ്പിക്കേണ്ടതിന്ന പ്രധാനപ്പെട്ട എല്ലാവിദ്യാലയങ്ങളേയും സർവ്വകലാലയങ്ങളേയും സന്ദർശിക്കുകയുണ്ടായി. ഇത് ഇന്ത്യയിൽ പണ്ടുതന്നെ സാധാരണമായിരുന്നു. യൂറോപ്പിൽ പുരാതനകാലത്തുണ്ടായിരുന്ന അങ്കങ്ങൾപോലെ, ഈ സമ്പ്രദായം ഇന്ത്യയിൽ വളരെ പുരാതനമായിട്ടുള്ളതാണ്. ക്രി. മു. ഒന്നാം നൂററാണ്ടിൽ ബുദ്ധകുലപതിയായ 'പാർശ്വനും' ബ്രാഹ്മണപണ്ഡിതനായ 'അശ്വഘോഷനും' തമ്മിൽ നടന്ന വാഗ്വാദം ബുദ്ധമതചരിത്രത്തിലെ പ്രധാന സംഭവങ്ങളിൽ ഒന്നാകുന്നു. പരസ്പരം മത്സരിച്ചിരുന്ന ഈ രണ്ടു മതങ്ങളുടേയും പ്രാമാണികർ തമ്മിൽ ഉജ്ജയിനിയിലെ ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ കാലത്ത് "ഇന്ദ്രിയഗ്രഹണശക്തി" എന്ന വിഷയത്തെപ്പററി വളരെ ഗംഭീരമായ ഒരു വാദപ്രതിവാദം നടത്തുകയുണ്ടായി. രാജാവിന്ന ഹിന്ദുമതത്തോടുണ്ടായിരുന്ന പക്ഷപാതിത്വംകൊണ്ടു ബുദ്ധമതപ്രതിവാദിയായ 'മനോരഥൻ' വാദത്തിൽ പരാജിതനായി. എന്നാൽ വിക്രമാദിത്യന്റെ പിൻഗാമിയുടെ കാലത്തു മനോരഥന്റെ പ്രധാന

ശിഷ്യനായ 'വസുബന്ധു' വാദപ്രതിവാദം നടത്തി വിജയം നേടി ബുദ്ധമതത്തിന്റെയും സ്വഗുരുവിന്റെയും മഹിമയെ പുനഃസ്ഥാപിച്ചു ഇപ്രകാരമുള്ള വാദപ്രതിവാദങ്ങളിൽ ജയംപ്രാപിക്കുന്നവർ വിശ്വവിശ്രുതന്മാരായിത്തീൎന്നിരുന്നു. ഇതു മററുമുള്ള വിദ്യാൎത്ഥികൾക്കു് അദ്ധ്യാത്മികമായും മതസംബന്ധമായുമുള്ള തങ്ങളുടെ പാണ്ഡിത്യത്തെ വൎദ്ധിപ്പിക്കേണ്ടതിനു മതിയായ പ്രോത്സാഹനമാൎഗ്ഗമായിരുന്നു. തന്നിമിത്തം വേദാന്തികളുടേയും, സൎവ്വകലാലയങ്ങളിലെ ഉപാദ്ധ്യായന്മാരുടെയും ഇടയിൽ ജ്ഞാനസമ്പാദനതൽപ്പരത വളരെ വൎദ്ധിച്ചിരിക്കണം. ഈ കാൎയ്യങ്ങളെല്ലാം ജനസാമാന്യത്തിന്റെ ഇടയിൽ വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുന്നതിനു സഹായിച്ചിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

ഈ കാലങ്ങളിൽ സ്ത്രീകളുടെ വിദ്യാഭ്യാസസ്ഥിതിയെപ്പററി അറിയുന്നതിനു ചരിത്രസംബന്ധമായ യാതൊരു തെളിവുകളും ഇല്ല. ഹൎഷനുശേഷം അടുത്ത കാലങ്ങളിലുള്ള സാഹിത്യഗ്രന്ഥങ്ങളിൽനിന്നു് അന്നു സ്ത്രീകളെ ബഹുമാനപൂൎവ്വം ആദരിച്ചിരുന്നു എന്നു തെളിയുന്നുണ്ടു്. കുലീനകളായ സ്ത്രീകളുടെ ഇടയിൽ അന്നു വിദ്യാഭ്യാസം സാധാരണമായിരുന്നു. ചന്ദ്രഗുപ്തവിക്രമാദിത്യന്റെ കാലത്തെഴുതപ്പെട്ടതാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള കാളിദാസകൃതികളിൽനിന്നു് അന്നത്തെ സ്ത്രീകൾക്കു് ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിരുന്നു എന്നു നിശ്ചയിക്കാവുന്നതാണു്. കാളിദാസന്റെ ഭാൎയ്യതന്നെ പരസ്യമായി വാദപ്രതിവാദങ്ങൾ നടത്തി പല പണ്ഡിതവൎയ്യന്മാരേയും പരാജിതരാക്കീട്ടുണ്ടെന്നാണല്ലോ ഐതിഹ്യം.

ഹൎഷന്റെ കാലശേഷം അടുത്ത ശതാബ്ദത്തിൽ മണ്ഡനമിശ്രനും ശങ്കരാചാൎയ്യരും തമ്മിൽ നടന്ന പ്രസിദ്ധവാദപ്രതിവാദത്തിൽ, മദ്ധ്യസ്ഥം വഹിച്ചു തീൎപ്പു കല്പിച്ചതു മണ്ഡനമിശ്രന്റെ ഭാൎയ്യയാണെന്നും നമുക്കറിയാം. തന്റെ സിദ്ധാന്തങ്ങളെ ഹൎഷനെ വിസ്തരിച്ചു കേൾപ്പിക്കുന്ന സമയത്തു ഹൎഷന്റെ സഹോദരിയായ രാജ്യശ്രീ സന്നിഹിതയായിരുന്നു എന്നു യുവാൻചാങ്ങും ധൎമ്മതത്വത്തെപ്പററി തന്റെ സഹോദരിയോടു സംഭാഷണം ചെയ്യേണ്ടതിനു പ്രമാണിയായ ഒരു ബുദ്ധസന്യാസിയെ ഹൎഷൻ ഏൎപ്പെടുത്തിയിരുന്നു എന്നു ബാണനും പറയുന്നുണ്ടു്.

ഉന്നതസ്ഥിതിയിൽ ഇരുന്നവരുടെ ഇടയിൽ അന്നു ബഹുഭാൎയ്യാത്വം അസാധാരണമായിരുന്നില്ല. രാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും അനവധി ഭാൎയ്യമാരുണ്ടായിരുന്നു. ഇവൎക്കു് അന്യപുരുഷന്മാരെ കണ്ടുകൂടെന്നുള്ള നിൎബ്ബന്ധവും ഉണ്ടായിരുന്നിരിക്കാം. എന്നാൽ 'ഘോഷാ' സമ്പ്രദായം അന്നുണ്ടായിരുന്നില്ലെന്നുള്ളതു നിശ്ചയംതന്നെ. ബാലാദിത്യന്റെ മാതാവായ റാണി, തോല്പിച്ചു തടവിലാക്കപ്പെട്ട ഹൂണപ്രമാണിയായ മിഹിരകുലനെ കാണേണമെന്നാവശ്യപ്പെട്ടതായി യുവാൻചാങ്ങ് പറയുന്നുണ്ടു്. ഈ റാണിയുടെ ബുദ്ധിചാതുൎയ്യം ലോകപ്രസിദ്ധമായിരുന്നു എന്നും പറഞ്ഞുകാണുന്നു. വിവാഹം സ്വേച്ഛപോലെ നടത്താവുന്ന ഒരു കാൎയ്യമായിരുന്നില്ല. ബൌദ്ധസന്യാസിമാൎക്കൊഴിയെ മററെല്ലാവൎക്കും വിവാഹം മതസംബന്ധമായ ഒരു നിൎബ്ബന്ധനിയമമായിരുന്നു. സ്ത്രീകൾക്കു പുനൎവ്വിവാഹം അനുവദിച്ചിരുന്നില്ല. ബാലവിവാഹം വൈധവ്യം മുതലായ കാൎയ്യ

ങ്ങളിൽ അന്നത്തെയും ഇന്നത്തെയും സ്ഥിതികൾ തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നുതന്നെ പറയാം. "ഉടന്തടി" ചാട്ടുക എന്ന സതീധർമ്മം അന്നുമുണ്ടായിരുന്നെങ്കിലും, രാജകുടുംബങ്ങളിൽ സാധാരണമായിരുന്നില്ല. ഹർഷന്റെ മാതാവായ 'യശോവതിറാണി' ചിതയിൽ ചാടി ദേഹത്യാഗം ചെയ്തു. ധർമ്മദേവന്റെ പത്നിയായ രാജ്യവതിയും സതീധർമ്മം അനുഷ്ഠിച്ചതായി നേപ്പാളശിലാലിഖിതത്തിൽ പറയുന്നുണ്ട്. ഗോപരാജാവു യുദ്ധത്തിൽ വധിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ സൌന്ദര്യ്യവതിയായ റാണി ഭർത്തൃശരീരത്തോടുകൂടി ചിതയിൽ ദഹിച്ചതായി ഒരു ഗുപ്തശിലാലിഖിതത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരമുള്ള സംഭവങ്ങൾ വളരെ അപൂർവ്വമായിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ, അനവധി റാണിമാർ അവരുടെ ഭർത്താക്കന്മാരുടെ മരണാനന്തരം ജീവിച്ചിരുന്നതായി അറിയുന്നുണ്ട്. രാജ്യശ്രീ വിധവയായിരുന്നിട്ടും എത്രയും ബഹുമാനാർഹയായി ജീവിച്ചിരുന്നതായും, രാജ്യഭരണകാര്യത്തിൽ തന്നാൽ കഴിയുന്നതു ചെയ്തുകൊണ്ടിരുന്നതായും നാം അറിയുന്നു.

ഏഴാം നൂറ്റാണ്ടിലെ ഹിന്ദുക്കളുടെ ഗൈഹികവൃത്തി ഇപ്പോഴത്തേതിൽനിന്നു വളരെ വ്യത്യാസപ്പെട്ടതായിരുന്നില്ല. ഹിന്ദുക്കളുടെ ജീവിതരീതി വളരെ പുരാതനമായിത്തന്നെ സുപ്രതിഷ്ഠിതമായിരുന്നു. അതു പഴയ സമ്പ്രദായങ്ങളെ ഭേദപ്പെടുത്തുവാൻ പാടില്ലാത്തവിധത്തിൽ വീണ്ടും ദൃഢപ്പെടുകയാണു ചെയ്തിട്ടുള്ളത്. ഇന്ത്യയിലെ ഗൃഹജീവിതത്തിന്റെ ഒരു പ്രത്യേകഗുണമായ അതിഥിസൽക്കാ

കുടുംബജീവിതം ഹർഷന്റെ കാലത്തുതന്നെ പൂർണ്ണാവസ്ഥയെ പ്രാപിച്ചിരുന്നു. ബഹുഭാര്യാത്വം, നിർബ്ബന്ധിതവൈധവ്യം, ശൈശവവിവാഹം, ഇവയെല്ലാം ഇന്നത്തെപ്പോലെ തന്നെ അന്നു ഹിന്ദുക്കളുടെ സാമുദായികാചാരങ്ങളുടെ പ്രത്യേകസ്വഭാവങ്ങളായിരുന്നു. രാജ്യശ്രീയുടെ വിവാഹം ബാല്യത്തിൽത്തന്നെ കഴിഞ്ഞിരുന്നു. പതിനാലു വയസ്സു തികയുന്നതിനു മുമ്പ് ആ രാജകുമാരി വിധവയാകയും ചെയ്തു. 'അനുലോമവിവാഹങ്ങളും' സാധാരണമായിരുന്നു. ബാണൻ അദ്ദേഹത്തിന്റെ കുലത്തെപ്പററി പറയുമ്പോൾ, താൻ 'രാജദേവി' എന്ന ബ്രാഹ്മണസ്ത്രീയിൽ ചിത്രഭാനുവിനുണ്ടായ പുത്രനാണെന്നു പറയുന്നു. അദ്ദേഹത്തിന്റെ പിതാവിനു് ഒരു ശൂദ്രസ്ത്രീയിൽ ചന്ദ്രസേനനെന്നും മാഹിസേനനെന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നതായി ഹർഷചരിത്രത്തിൽ പറയുന്നുണ്ടു. സവർണ്ണജാതികളിലുള്ള അനുലോമവിവാഹം നിഷിദ്ധമായിരുന്നില്ല. എന്നാൽ പ്രതിലോമസംസർഗ്ഗം, അതായതു്, ഉന്നതജാതിയിലുള്ള സ്ത്രീയും താഴ്ന്നജാതിയിലുള്ള പുരുഷനും തമ്മിലുള്ള വിവാഹം, മതവും നിയമവും നിഷേധിച്ചിരുന്നു.

ഏഴാം നൂററാണ്ടിൽ ഇന്ത്യ ഒട്ടാകെ വ്യാപിച്ചിരുന്ന സമാധാനം വ്യവസായാഭിവൃദ്ധിയുടെ ഉൽക്കർഷത്തിനു കാരണമായിത്തീർന്നിരിക്കണം. പേർഷ്യയും ചാലൂക്യരാജ്യവും തമ്മിൽ സമുദ്രമാർഗ്ഗമായി നടന്ന സംസർഗ്ഗത്തിന്റെ സ്മാരകമായ അജന്താവിഹാരഗുഹാചിത്രങ്ങളെപ്പററി ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അനാദികാലം മുതൽ തന്നെ ഇന്ത്യയുടെ പശ്ചിമതീരവും ഈജിപ്തു്, ഫിനീഷ്യ മുതലായ രാജ്യങ്ങളും തമ്മിൽ പല കച്ചവടങ്ങളും

സംബന്ധമുണ്ടായിരുന്നു എന്നുള്ളതിന്ന് അവിടെയെല്ലാം വ്യാപിച്ചുകാണുന്ന സൂൎയ്യോപാസനയുടെ ചിഹ്നങ്ങൾ മതിയായ ലക്ഷ്യങ്ങളാകുന്നു. അറബിക്കടലിന്റെ തീരങ്ങളിലുള്ള സൂററ്, കോഴിക്കോട്, കൊടുങ്ങല്ലൂർ, കൊല്ലം മുതലായ തുറമുഖങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളായിട്ടും കച്ചവടം നടത്തിയിരുന്നെന്നു പൂൎവ്വകാലങ്ങളിലെ ദേശസഞ്ചാരികൾ പറഞ്ഞുകാണുന്നുണ്ട്. ഫാഹീൻ ബങ്കാളത്തുനിന്നു സിലോണിലേക്കു പോയത് ഒരു കച്ചവടക്കപ്പലിലാണ്. അയാൾ അവിടെനിന്നു യാത്രചെയ്തത് ഇരുന്നൂറാളുകൾ കയറിയിരുന്ന ഒരു വലിയ കച്ചവടക്കപ്പലിലാണത്രേ. ഇപ്രകാരമുള്ള കപ്പലുകളിൽ സാധാരണ ജനങ്ങൾക്കു പുറമെ ബ്രാഹ്മണരുംകൂടി യാത്ര ചെയ്തിരുന്നു എന്നുള്ളതു ഫാഹീനിന്റെ വൎണ്ണനകളിൽനിന്നു വ്യക്തമാകുന്നുണ്ട്. ഒരിക്കൽ കപ്പലിൽ ഉണ്ടായിരുന്ന ഒരു ബ്രാഹ്മണൻ, കാററും കോളും ഇളകി കപ്പൽ അപകടത്തിൽപ്പെട്ടപ്പോൾ ആ അപകടത്തിനു കാരണം ഫാഹീനാണെന്നു നിശ്ചയിച്ച് അദ്ദേഹത്തെ ഇറക്കിവിടുവാൻ സമീപമുള്ള ദ്വീപുകളും ഉണ്ടോ എന്ന് അന്വേഷിച്ചുവെന്ന് അദ്ദേഹത്തിന്റെ വിവരണങ്ങളിൽ കാണുന്നു. ഏഴാം നൂററാണ്ടിൽ ഉപനിവേശത്തിനും കപ്പൽയാത്രയ്ക്കും ഇന്ത്യയിൽ പ്രത്യേകം ഒരു ഉത്സാഹം ജനിച്ചതായി കാണുന്നുണ്ട്. ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിന്റെ ആദിയിൽതന്നെ സുമിത്ര, ജാവ മുതലായ ദ്വീപുകളിലേക്കു ജനങ്ങൾ പോകുവാൻ തുടങ്ങിയിരുന്നു. എന്നാൽ ഹൎഷൻ ഉത്തരേന്ത്യയിലെ ചക്രവൎത്തിയായിരിക്കുമ്പോഴാണു സൌരാഷ്ട്രന്മാർ ജാവാ, കാമ്പോഡിയാ എന്നീ ദേശങ്ങളിൽ ഉപനിവേശം ചെയ്തത്

സൌരാഷ്ട്രത്തിലെ ഒരു രാജാവു തന്റെ രാജ്യത്തിന്നു സംഭവിപ്പാൻ പോകുന്ന ആപത്തിനെപ്പററി മുമ്പറിവു കിട്ടിയപ്പോൾ, തന്റെ പുത്രനെ കൃഷിക്കാരും ശില്പികളും യോദ്ധാക്കളും വൈദ്യന്മാരും രാജസേവന്മാരും ഉൾപ്പെടെ ഏകദേശം അയ്യായിരം അനുചരന്മാരോടുകൂടി ആറു വലിയ കപ്പലുകളും, നൂറു ചെറിയവയും കൊടുത്തു ജാവയിലേക്കയച്ചു എന്നു പറയുന്നു.

ഇക്കാലത്തു ബങ്കാള ഉൾക്കടലിലും നാവികന്മാരുടെ ഉദ്യമങ്ങൾ ഒട്ടും കുറവായിരുന്നില്ല. ചോളരാജാക്കന്മാർ അടുത്ത ശതാബ്ദത്തിൽ പ്രസിദ്ധപ്പെട്ട നാവികന്മാരായിരുന്നു എന്നു മാത്രമല്ല, അവർ പ്രബലമായ ഒരു നാവികസൈന്യത്തെ സംരക്ഷിച്ചുമിരുന്നു. ഏഴാം നൂററാണ്ടിൽ 'താമ്രലിപ്ത്തി'യായിരുന്നു പൂർവ്വതീരത്തിലെ ഏററവും വലിയ തുറമുഖം. യുവാൻചാങ്ങിന്നു ശേഷം ഇന്ത്യയിൽ വന്ന ഇട്ട്സിങ്ങ്, അയാളുടെ രണ്ടു മുൻഗാമികളെപ്പോലെതന്നെ ഈ പട്ടണത്തെ വളരെ പ്രധാനമായ ഒരു തുറമുഖമായിട്ടാണു വർണ്ണിച്ചിരിക്കുന്നത്. ആ കാലങ്ങളിൽ ഇന്ത്യക്കാർ, ചൈനാ, ജാപ്പാൻ, ശാന്തസമുദ്രത്തിലുള്ള ദ്വീപുകൾ മുതലായ സ്ഥലങ്ങളുമായി കച്ചവടം നടത്തിയിരുന്നു എന്ന് ഇപ്പോൾ വിശദമായിട്ടുണ്ട്.

വെട്ടുവഴികളേയും മററു ഗതാഗതമാർഗ്ഗങ്ങളേയും പററി യുവാൻചാങ്ങ് അധികമൊന്നും പറഞ്ഞുകാണുന്നില്ല. വിസ്താരമുള്ള റോഡുകൾ വെട്ടിച്ചു തണലിന്നുവേണ്ടി ഇരുഭാഗത്തും ആൽവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണെന്നു ഭാരതീയരാഷ്ട്രീയനയാചാര്യന്മാർ ഓരോരുത്തരും

പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. കച്ചവടത്തിന്റെ സൌകൎയ്യത്തിനുവേണ്ടി രാജവീഥികൾ ഉണ്ടാക്കേണ്ടുന്ന കടമ ഭരണകൎത്താക്കന്മാൎക്കാണെന്നാകുന്നു ശുക്രനീതി വിധിക്കുന്നത്. വഴി വെട്ടിക്കുന്നത് ആമയുടെ പുറംപോലെ നടുഭാഗം പൊങ്ങീട്ടായിരിക്കേണമെന്നും ആവശ്യമുള്ളിടത്തെല്ലാം വഴിയിൽ പാലങ്ങൾ ഉണ്ടായിരിക്കേണമെന്നും പ്രസ്താവിച്ചിരിക്കുന്നു. വഴി കല്ലിട്ടിടിച്ചു നന്നാക്കുന്നതു തടവുകാരുടെ ജോലിയായിരുന്നു. വഴിയിൽ ഇടയ്ക്കിടെ മനുഷ്യൎക്കും മൃഗങ്ങൾക്കും വിശ്രമിക്കേണ്ടതിനു താവളങ്ങൾ നിൎമ്മിക്കാറുണ്ട്. ഹൎഷന്റെ കാലത്ത് അദ്ദേഹത്തിന്റെ രാജ്യത്തുള്ള രാജമാൎഗ്ഗങ്ങളിലെല്ലാം യാത്രക്കാൎക്കു ഭക്ഷണം കൊടുക്കുന്നതിനും മററും സത്രങ്ങൾ പണിയിച്ചിരുന്നതായി യുവാൻചാങ്ങ് പറയുന്നതിൽനിന്ന് ഈ ഏൎപ്പാടു കേവലം നിയമങ്ങളിൽ മാത്രമല്ലായിരുന്നു എന്നു തെളിയുന്നതാണ്. ആ കാലത്തു തീൎത്ഥയാത്രക്കാൎക്ക് ഇന്ത്യ മുഴുവനും നിഷ്പ്രയാസമായും നിൎബ്ബാധകമായും സഞ്ചരിക്കാമായിരുന്നു എന്ന വാസ്തവം ഗതാഗതമാൎഗ്ഗങ്ങൾ ഭദ്രമായി സംരക്ഷിക്കപ്പെട്ടിരുന്നു എന്നാണു തെളിയിക്കുന്നത്. രാജാവു രാജ്യത്തിന്റെ ഓരോ ഭാഗങ്ങളിലും സാധാരണമായി സഞ്ചരിച്ചിരുന്നതുകൊണ്ടു വഴികളെല്ലാം നന്നാക്കി സൂക്ഷിക്കേണ്ടത് അത്യാവശ്യമായിരുന്നു. പാലങ്ങൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ അല്പമായ കൂലികൊടുത്തു കടക്കത്തക്കവണ്ണം കടത്തുകൾ ഏൎപ്പെടുത്തിയിരുന്നു.

തീൎത്ഥയാത്രക്കാൎക്കു രാജ്യത്തിന്റെ ഒരററം മുതൽ മറെറ അററംവരെ ശുല്ക്കൂടാതെ നിൎഭയമായി സഞ്ചരി

ക്കാമായിരുന്നു എന്നറിയുന്നതിൽനിന്ന്, ആ കാലത്തു വഴികളിൽ കൊള്ളക്കാരുടെ ഉപദ്രവം കുറവായിരുന്നു എന്നു നിശ്ചയിക്കാം. രക്ഷയ്ക്കും ശിക്ഷയ്ക്കും വേണ്ടുന്ന സകല അധികാരങ്ങളോടുംകൂടിയ നാട്ടുവാഴികൾ ഓരോ സ്ഥലങ്ങളിലുമുണ്ടായിരുന്നതിനാലാണു സ്വൈരസഞ്ചാരം സുസാദ്ധ്യമായിരുന്നത്. എന്നാൽ, ഈ ഇരുപതാംനൂററാണ്ടിലെ രീതിയിൽ പൊല്ലീസ്സ് ഏർപ്പാട് അന്നുണ്ടായിരുന്നു എന്ന് ഊഹിക്കുന്നതു തീരെ തെററാകുന്നു. അന്നും രാജമാർഗ്ഗങ്ങളിൽ ഒരു വക അപകടങ്ങൾ ഉണ്ടായിരുന്നിരിക്കാം. പക്ഷെ ഭിക്ഷുക്കൾക്കും സന്ന്യാസിമാർക്കും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്വച്ഛന്ദം സഞ്ചരിക്കുവാൻ സാധിച്ചിരുന്നു എന്നറിയുന്നതിൽനിന്ന് ഈവക അപകടങ്ങൾ അധികമുണ്ടായിരുന്നില്ലെന്നു വിചാരിക്കാവുന്നതാണ്. അന്നും ഇന്നത്തെ പൊല്ലീസിന്റെ ചുമതലയോടുംകൂടി കള്ളന്മാരെ പിടിക്കാൻ ചുമതലപ്പെട്ട ഒരു കൂട്ടം ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. ഇവരെ "ചൌരോദ്ധരാരികന്മാർ" എന്നാണു വിളിച്ചിരുന്നത്. ഇതിനും പുറമെ, കള്ളന്മാർക്കു സങ്കേതം നൽകിയ ഗ്രാമക്കാർക്കു പിഴയും മററും കല്പിച്ചിരുന്നതായും കാണുന്നുണ്ട്.

ഇന്ത്യയിൽ ഇന്നത്തെപ്പോലെതന്നെ രാജ്യത്തെ മുതലെടുപ്പ് അന്നും കൃഷിയെയാണ് ആശ്രയിച്ചിരുന്നത്. മൌര്യന്മാരുടെ കാലത്തുതന്നെ രാജാക്കന്മാർ കൃഷിയുടെ ആവശ്യത്തിനു ധാരാളം തോടുകൾ കുത്തിക്കുകയും ചിറകൾ കെട്ടിക്കുകയും ചെയ്തിരുന്നു എന്നു പഴയ റിക്കാർട്ടുകളിൽ കാണുന്നതുകൊണ്ട് അക്കാലത്തു നല്ല ജലസേചനമാർഗ്ഗങ്ങളുണ്ടായിരുന്ന രാജ്യം ഇന്ത്യമാത്രമായിരുന്നു എന്നൂഹിക്കാം.

ശില്പികളും മററു തൊഴിൽക്കാരും പ്രത്യേകം സംഘങ്ങളായിച്ചേൎന്നു ജോലി ചെയ്തിരുന്നു. പുരാതനഇന്ത്യയിൽ കച്ചവടത്തിൻെറ പ്രാബല്യത്തിനുവേണ്ടി വണിക്കുകളുടെ സംഘങ്ങളുണ്ടായിരുന്നു എന്നുള്ളതിന്നു പ്രത്യേകം ലക്ഷ്യങ്ങളുണ്ട്. സ്കന്ദഗുപ്തൻെറ ഇൻഡോർതാമ്രശാസനത്തിൽ (ക്രിസ്ത്വാബ്ദം 456) ഇന്ദ്രപുരത്തിൽ താമസിച്ചിരുന്ന എണ്ണക്കച്ചവടക്കാരുടെ സമാജത്തെപ്പററി പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഈ സംഘക്കാർ ഭിന്നിക്കാതിരിക്കുന്ന കാലത്തോളം അവൎക്കു ശാശ്വതഭോഗമായി ഭൂമിദാനം കൊടുത്തിരുന്നു എന്നും ആ പട്ടയത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അവൎക്കു കൊടുത്തിരുന്ന ചെമ്പുതകിടിൽ ഇപ്രകാരം പറയുന്നു. "ജീവാന്തൻെറ കീഴിൽ ഇന്ദ്രപുരത്തിൽ വസിക്കുന്ന തൈലവ്യാപാരികളെല്ലാം ഐകമത്യത്തോടുകൂടി ഇരിക്കുന്നിടത്തോളം കാലം ഈ ഭൂമി അവരുടെ സമാജത്തിൻെറ ശാശ്വതമായ സ്വത്തായിരിക്കുന്നതാണ്." ദശപുരത്തിലെ പട്ടുനെയ്ത്തുകാൎക്കു കൊടുത്തിട്ടുള്ള താമ്രശാസനത്തെപ്പററിയും ശിലാലിഖിതങ്ങളിൽ കാണുന്നുണ്ട്. ഈ സംഘത്തിന്നു പൊതുവായി വേറേയും സ്വത്തുക്കളുണ്ടായിരുന്നു. ഈ സംഘക്കാൎക്കു സാധാരണ വണിക്കുസംഘങ്ങൾക്കുള്ള സ്വയംഭരണാധികാരവും മററു സ്വാതന്ത്ര്യങ്ങളും ഉണ്ടായിരുന്നു. ഇവരുടെ ഇടയിൽ നീതിന്യായം നടത്തുവാനുള്ള സ്വാതന്ത്ര്യവും അവൎക്കുണ്ടായിരുന്നു. രാജശ്രീയുടെ വിവാഹാഘോഷത്തെ സംബന്ധിച്ച ബാണൻെറ വൎണ്ണനകളിൽ തോൽകച്ചവടക്കാർ, മരാശാരികൾ, കല്ലാശാരികൾ മുതലായവരുടെ സമാജങ്ങളെപ്പററി പറഞ്ഞിട്ടുണ്ട്.

ഹഷ്മൻറ കാലത്തെ മുഖ്യനഗരങ്ങളെല്ലാം കാഷ്ഠയിൽ ഇപ്പോഠം ഇന്ത്യയിലുള്ള പ്രധാനപട്ടണങ്ങളിൽനിന്ന് ഒട്ടും വ്യത്യാസപ്പെട്ടിരുന്നില്ല. യുവാൻചാങ്ങിൻെറ ഏഴാം നൂററാണ്ടിലെ നഗരവണ്ണനകളെല്ലാം ഇരുപതാം നൂററാണ്ടിലെ നഗരങ്ങഠക്കും യോജിക്കുന്നതാണ്. അദ്ദേഹം വണ്ണിക്കുന്നത് ഇപ്രകാരമാകുന്നു: തെരുവുകളും ഇടവഴികളും രാജപാതകളും വളഞ്ഞും ചൊവ്വ് കുറഞ്ഞവയുമാണ്. സാധാരണ ഗതാഗതത്തിനുള്ള പാതകഠ രാജവീഥിയുടെ ഇരുഭാഗങ്ങളിലായിട്ടാണു നിമ്മിച്ചിരിക്കുന്നത്. അവ മിക്കവാറും ശുചിയായിരിക്കയില്ല വഴിയടിക്കുന്നവർ, കശാപ്പുകാർ, നത്തകന്മാർ, കൊലയാളികഠ മുതലായവരെ നഗരത്തിനകത്തു താമസിക്കുവാൻ സമ്മതിച്ചിരുന്നില്ല നഗരത്തിനുള്ളിൽ അവർ വരുന്നതായാൽത്തന്നെ അവക്കു വഴിയുടെ ഇടത്തുഭാഗത്തുകൂടി മാത്രമെ നടക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളു. നഗരഭരണസമ്പ്രദായം എങ്ങനെയായിരുന്നു എന്നുള്ളതിനെപ്പററി യുവാൻചാങ്ങ് ഒന്നുംതന്നെ പറയുന്നില്ല. ഓരോ നഗരത്തിലും "ദ്രംഗികൻ" എന്ന പേരായ ഒരു ഉദ്യോഗസ്ഥനുണ്ടായിരുന്നു എന്നു താമ്രശിലാലിഖിതങ്ങളിൽ കാണുന്നുണ്ട്. ഈ ദ്രംഗികനു പക്ഷെ ഇന്നത്തെ "മേയറുടെ" അധികാരങ്ങളെല്ലാം ഉണ്ടായിരുന്നിരിക്കണം. 'ദ്രംഗികനെ സഹായിക്കേണ്ടതിന്നു 'മഹത്തരന്മാർ' എന്നൊരു കൂട്ടം ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. ഇവർ പ്രായംചെന്ന പൌരപ്രതിനിധികളായിരുന്നിരിക്കണം. ഗ്രാമകായ്യങ്ങഠ നടത്തിയിരുന്നതു പഞ്ചായത്തുകളാണ്. അതുപോലെതന്നെ നഗരകായ്യങ്ങഠ നടത്തേണ്ടു

തിന്നും ഏതെങ്കിലും സമ്പ്രദായത്തിലുള്ള ഒരു പൌരസഭ ഉണ്ടായിരുന്നു എന്നൂഹിക്കുന്നത് അയുക്തികമല്ല.

ആ കാലത്ത് ഇന്ത്യയിലെ പ്രധാനനഗരം ഹർഷൻെറ തലസ്ഥാനമായ 'കന്യാകുബ്ജ'മായിരുന്നു. അക്കാലത്തു പാടലീപുത്രം ജീർണ്ണപ്പെട്ടുപോയിരുന്നു. എങ്കിലും, ആ ജീർണ്ണാവസ്ഥയിൽപോലും അതിൻെറ അവശേഷങ്ങൾ മനോഹരമായിരുന്നു എന്നതിനു സംശയമില്ല. ഏകദേശം 20 സംഘാരാമങ്ങളോടുകൂടിയ ഒരു ബുദ്ധമതസങ്കേതമായിരുന്നു മധുര. ഹൈന്ദവഇന്ത്യയിലെ പ്രധാനനഗരമായ കാശി ബുദ്ധൻെറ കാലം മുതല്ക്കുതന്നെ ഒരു വലിയ പുണ്യസ്ഥലമായി ഗണിക്കപ്പെട്ടിരുന്നു. "അവിടെയുള്ളവർ മിക്കവരും ബുദ്ധമതത്തിൽ വിശ്വാസമുള്ളവരായിരുന്നില്ല. വളരെ കുറച്ചുപേർ മാത്രമേ ബുദ്ധമതത്തിൽ വിശ്വസിച്ചിരുന്നുള്ളു" എന്ന് ആ ഭക്തനായ ചീനഭിക്ഷു വിലപിക്കുന്നുണ്ട്. പട്ടണത്തിൽ അനവധി ദേവാലയങ്ങൾ ഉണ്ടായിരുന്നു. ഗോപുരങ്ങളും മണ്ഡപങ്ങളും ചിത്രവേലകളോടുകൂടിയ കല്ലും മരവുംകൊണ്ടു പണി ചെയ്തിട്ടുള്ളവയാകുന്നു. ഗുപ്തസാമ്രാജ്യത്തിൻെറ അധഃപതനത്തോടുകൂടി ഉജ്ജയിനിയുടെ മാഹാത്മ്യം കുറഞ്ഞെങ്കിലും, ആ പട്ടണം അപ്പോഴും പ്രസിദ്ധപ്പെട്ട ഒരു സർവ്വകലാശാലയുടെ കേന്ദ്രസ്ഥാനമായിരുന്നു. അവിടെ പഠിപ്പിച്ചിരുന്ന പ്രധാന വിഷയം ജ്യോതിശ്ശാസ്ത്രമാണ്. വിദ്യാഭ്യാസത്തേയും ധനോല്പാദകതൊഴിലുകളേയും പ്രോത്സാഹിപ്പിച്ചിരുന്ന അനവധി നഗരങ്ങളെപ്പററി യുവാൻചാങ്ങിൻെറ വിവരണങ്ങളിൽ അവിടവിടെ കാണുന്നുണ്ട്. എന്നാൽ ഈ നഗരങ്ങളുടെ വിസ്താരം, ജനബാഹുല്യം, വ്യവസായസ്ഥിതി

ഇവയെപ്പററി യുവാൻചാങ്ങ് യാതൊന്നും പറയുന്നില്ല. ബോധിസത്വന്മാരേയും, അമാനുഷമായ അത്ഭുതസംഭവങ്ങളേയും വിവരിക്കുവാൻ സംഗതികളില്ലെങ്കിൽ, യുവാൻചാങ്ങ് തന്റെ വർണ്ണനകൾ "ശ്ലോകത്തിൽ" കഴിക്കുന്നതു സാധാരണമാണ്.

ദക്ഷിണേന്ത്യയിലെ പ്രധാന നഗരം പല്ലവരാജാക്കന്മാരുടെ തലസ്ഥാനമായ 'കാഞ്ചി'യായിരുന്നു. ആ പട്ടണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിതന്നെ അതിന്റെ പഴയ മഹാത്മ്യത്തിനു മതിയായ സാക്ക്യമാകുന്നു. പല്ലവന്മാരുടെ കാലത്ത് ഇന്ത്യയിലെ ഏററവും വിശേഷപ്പെട്ട നഗരങ്ങളിൽ ഒന്നായിരുന്നു കാഞ്ചി. കവികളിൽ വെച്ചു ശ്രേഷ്ഠൻ കാളിദാസനും നദികളിൽവെച്ച് ഏററവും പുണ്യമുള്ളതു ഗംഗയും നഗരങ്ങളിൽ വെച്ച് ഏററവും മനോഹരം കാഞ്ചിയുമാണെന്ന് ഒരു സംസ്കൃതശ്ലോകമുണ്ട്. കാഞ്ചിയോടും കന്യാകുബ്ജത്തോടും കിടപിടിക്കത്തക്ക യോഗ്യതയുള്ള വേറൊരു നഗരം രണ്ടാംപുളികേശന്റെ തലസ്ഥാനമായ 'വാതാപി', അല്ലെങ്കിൽ 'ബദാമി' ആയിരുന്നു. ഈ പട്ടണത്തെ ക്രിസ്ത്വാബ്ദം 640-ൽ, ചാലൂക്യശക്തിയെ ഉന്മൂലനം ചെയ്ത നരസിംഹമഹാമല്ലപല്ലവൻ നശിപ്പിച്ചുകളഞ്ഞു.

ഹർഷന്റെ കാലത്തു കലാവിദ്യയുടേയും ശില്പവിദ്യയുടേയും സ്ഥിതിയെ വിശദമാക്കുന്ന സ്മാരകസ്തംഭങ്ങൾ ഒന്നും തന്നേയില്ല. ഹർഷൻ പണിയിച്ച കെട്ടിടങ്ങളിൽ ഒന്നെങ്കിലും, അതിന്റെ ശില്പവൈചിത്ര്യത്തെ സാക്ഷീകരിക്കുവാൻ ശേഷിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ബുദ്ധമതക്കാരുടെ

വിഹാരങ്ങൾ വളരെ വിശേഷപ്പെട്ട സ്ഥലങ്ങളായിരുന്നു എന്നും അവ അസാധാരണ ശില്പകൌശല്യത്തെ പ്രദർശിപ്പിച്ചിരുന്നു എന്നും യുവാൻചാങ് പറയുന്നുണ്ട്. വാതായനങ്ങളും, വാതലുകളും, പൊക്കം കുറഞ്ഞ മുമരുകളും വളരെ വിശേഷമായ ചായപ്പണികളോടു കൂടിയവയായിരുന്നു. സന്യാസികളുടെ കുടീരങ്ങളുടെ പുറംഭാഗം അനാലംകൃതങ്ങളായിരുന്നെങ്കിലും പല ചിത്രപ്പണികളോടു കൂടിയതായിരുന്നു അവയുടെ അന്തർഭാഗം. എന്നാൽ ഉത്തരേന്ത്യയിൽ ഹർഷകാലത്തിന്റെ സ്മാരകമായ യാതൊരു പണിയുടേയും അവശേഷങ്ങൾ കാണ്മാനില്ല.

കലാവിദ്യകളും ശില്പവേലകളും ഹർഷന്റെ കാലത്തു വളരെ ഉൽകൃഷ്ടതയെ പ്രാപിച്ചിരുന്നു എന്നതിന്, അദ്ദേഹത്തിന്റെ പ്രതിസ്പർദ്ധിയായിരുന്ന രണ്ടാംപുലികേശന്റെ കാലത്ത് അജാന്തയിൽ ചെയ്തിട്ടുള്ള വിശേഷപ്പെട്ട മണ്ഡോദകചിത്രങ്ങൾ സാക്ഷ്യങ്ങളാകുന്നു. നരസിംഹപല്ലവൻ മഹാമല്ലപുരത്തു ഗുഹാക്ഷേത്രങ്ങൾ പണിയിച്ചത് ഈ കാലത്താണ്. കയ്യിൽ നീലത്താമരയോടുകൂടിയ ബുദ്ധച്ഛായ അജാന്തയിൽ എഴുതപ്പെട്ടതും ഈ കാലത്താകുന്നു. ഹർഷന്റെ സമകാലീനന്മാരായ രണ്ടു രാജാക്കന്മാർ ഭരിച്ചിരുന്ന ഇന്ത്യയുടെ അർദ്ധാംശത്തിൽ കലാവിദ്യകൾക്ക് ഇത്ര വളരെ ഉന്നതിയും ഊർജ്ജിതവും സിദ്ധിച്ചു കാണുമ്പോൾ, കലാവിദ്യകളുടേയും സാഹിത്യത്തിന്റേയും ഉദാരനായ രക്ഷാധികാരിയായിരുന്ന ഹർഷൻ മഹത്തരങ്ങളായ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ തന്റെ പ്രതിസ്പർദ്ധികളോടു തുല്യനായിരുന്നില്ലെന്നുവരുന്നതല്ല. സമർത്ഥ

ന്മാരായ ഒരുകൂട്ടം ചിത്രകാരന്മാർ മംഗളസൂചകമായ പ്രദശ്നരംഗങ്ങൾ എഴുതിയിരുന്നതായി ബാണൻ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. വിഗ്രഹഭഞ്ജകന്മാരായ മുഹമ്മദീയപരാക്രമികൾ ഈവക വിലപിടിച്ച അത്ഭുതവസ്തുക്കളുടെ ഒരു ശകലംപോലും ബാക്കി വെച്ചിട്ടില്ല! ഹർഷന്റെ തലസ്ഥാനമായ കന്യാകുബ്ജം ഇപ്പോൾ ഒട്ടുംതന്നെ പ്രാധാന്യമില്ലാത്ത ഒരു പട്ടണമാണ്. ഉത്തരേന്ത്യയിലെ മഹാനായ ചക്രവർത്തി, തന്റെ തലസ്ഥാനത്തെ അലങ്കരിച്ചിരുന്നതും വിശ്രുതഭക്തിയെ പ്രദശിപ്പിച്ചിരുന്നതുമായ മനോഹരനിർമ്മാണങ്ങളുടെ യാതൊരവശേഷവും ഇപ്പോൾ കാണ്മാനില്ല.

---

## അദ്ധ്യായം ൮.

---

### ഹർഷനും കവിതയും.

സംസ്കൃതസാഹിത്യം ഏറ്റവും ഉൽകൃഷ്ടാവസ്ഥയെ പ്രാപിച്ചതു ക്രിസ്ത്വാബ്ദം അഞ്ചും, ആറും, ഏഴും നൂററാണ്ടുകളിലാകുന്നു. ഹിന്ദുമതത്തിന്റെ വർദ്ധമാനമായ ഉൽക്കർഷത്തെ പിന്തുടർന്നു സംസ്കൃതസാഹിത്യത്തിന്നുണ്ടായ ഉണർച്ച ഗുപ്തവംശരാജാക്കന്മാരുടെ കീർത്തിയെ പ്രശോഭിപ്പിച്ചു. ഹൂണന്മാരുടെ ആക്രമണങ്ങൾമൂലം സംഭവിച്ച ഗുപ്തസാമ്രാജ്യത്തിന്റെ വിഛിന്നതകൊണ്ടുണ്ടായ അരാജകത്വത്തിന്നുപോലും സംസ്കൃതസാഹിത്യത്തിന്റെ അഭിവൃദ്ധിയെ തടയുവാൻ കഴിഞ്ഞിട്ടില്ല. ചന്ദ്രഗുപ്തവിക്രമാദിത്യന്റെ

കാലത്തിന്നുശേഷം, സാഹിത്യലോകത്തിലുണ്ടായ ഉണൎച്ച ഹൎഷന്റെ ഭരണകാലത്താകുന്നു. ഹൎഷൻതന്നെ ഒരു വലിയ കവിയും നടനുമായിരുന്നു. ബാണൻ, മയൂരൻ, ഭൎത്തൃഹരി മുതലായ കവിതിലകന്മാർ അദ്ദേഹത്തിന്റെ രാജധാനിയെ അലങ്കരിച്ചിരുന്നവരാണ്.

ഹൎഷൻ നാഗാനന്ദം, പ്രിയദൎശിക, രത്നാവലി എന്നു മൂന്നു നാടകങ്ങളുടെ കൎത്താവായിരുന്നു. നിൎഭാഗ്യവശാൽ ഇവയുടെ കൎത്താവു ഹൎഷൻതന്നെയാണോ എന്നുള്ള കാൎയ്യത്തിൽ പല അഭിപ്രായവ്യത്യാസങ്ങളും തെററിദ്ധാരണകളും വന്നുകൂടീട്ടുണ്ട്.

ഈ മൂന്നു നാടകങ്ങളും, 'ഹൎഷൻ' എന്നു നാമധേയത്തോടുകൂടിയ പ്രതാപശാലിയായ ഒരു രാജാവിനാൽ രചിക്കപ്പെട്ടവയാണെന്ന് ആ ഗ്രന്ഥങ്ങളിൽനിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്. "രാജശ്രീ ഹൎഷദേവസ്യ പാദപത്മോപജീവിനാ രാജസമൂഹേനോക്തഃ, അസ്മത് സ്വാമിനാ ശ്രീഹൎഷദേവേന അപൂൎവ്വവസ്തു രചനാലംകൃതാ പ്രിയദൎശികാ" എന്നുള്ള വൎണ്ണന ഈ മൂന്നു നാടകങ്ങളിലും കാണാനുണ്ട്. ഈ പ്രസ്താവനയിൽ കാണുന്ന 'ശ്രീഹൎഷൻ' തന്നെയാണോ ബാണന്റെ ഹൎഷചരിത്രത്തിൽ വൎണ്ണിച്ചു കാണുന്ന പുഷ്പഭൂതിവംശജനായ ഹൎഷശിലാദിത്യൻ എന്നുള്ള കാൎയ്യമാണ് ഇനി നിശ്ചയിക്കേണ്ടത്. ചരിത്രത്തിൽ ഹൎഷൻ എന്ന നാമത്തോടുകൂടിയ വേറെ അഞ്ചുപേരെ പറഞ്ഞുകാണുന്നുണ്ട്. ഒന്നാമത്തെ ഹൎഷൻ ക്രിസ്താബ്ദം 1089 മുതൽ 1101 വരെ കാശ്മീരത്തെ ഭരിച്ച കിരുക്കനായ പ്രജാദ്രോഹിയാണ്. രണ്ടാമത്തെ ആൾ ധാരാനഗരത്തിലെ

ഭോജരാജാവിൻെറ പിതാമഹനായ ശ്രീഹൎഷനാണ്. മൂന്നാമത്തെ ഹൎഷൻ ഉജ്ജയിനിലെ വിക്രമാദിത്യഹൎഷനാകുന്നു. ഇദ്ദേഹത്തിൻെറ രാജധാനിയിലാണു 'മാതൃഗുപ്തൻ' താമസിച്ചിരുന്നത്. നാലാമത്തെയും അഞ്ചാമത്തെയും ഹൎഷന്മാർ രാജാക്കന്മാരല്ലാത്തതുകൊണ്ടും നൈഷധീയചരിതത്തിൻെറയും കാവ്യപ്രദീപത്തിൻെറയും യഥാക്രമം കൎത്താക്കന്മാർ മാത്രമായിരുന്നതുകൊണ്ടും ഈ വാദത്തിൽ അവരെ പെടുത്തേണ്ടുന്ന ആവശ്യമേയില്ല. രാജാക്കന്മാരായിരുന്ന ഹൎഷന്മാരിൽ ഗ്രന്ഥകൎത്തൃത്വം അവകാശപ്പെടുന്ന ഒരാൾ ധാരാനഗരാധിപനും, ഭോജൻെറ പിതാമഹനും ആയ ഹൎഷനാണ്. ഇദ്ദേഹം പത്താംനൂറ്റാണ്ടിൻെറ പൂൎവ്വാൎദ്ധത്തിലാണു ജീവിച്ചിരുന്നതെന്നതിനു തെളിവുകളുണ്ട്. എന്തുകൊണ്ടെന്നാൽ, ഇദ്ദേഹത്തിൻെറ പുത്രനും ഭോജൻെറ മാതുലനുമായ മുഞ്ജരാജൻ പത്താംനൂറ്റാണ്ടിൻെറ ഉത്തരാൎദ്ധത്തിലാണു ജീവിച്ചിരുന്നത്. അതുകൊണ്ടു ഈ ഹൎഷൻ മേൽപറഞ്ഞ നാടകങ്ങളുടെ കൎത്താവല്ലെന്നു നിഷ്പ്രയാസേന തെളിയിക്കാവുന്നതാണ്. എങ്ങിനെയെന്നാൽ, ക്രിസ്ത്വാബ്ദം എട്ടാം നൂറ്റാണ്ടിൽ ദാമോദരഗുപ്തൻ നിൎമ്മിച്ച "കുട്ടിനീമതം" എന്ന ഗ്രന്ഥത്തിൽ രത്നാവലിയിലെ ഒന്നാമങ്കത്തിലെ ഇരുപത്തിനാലാം ശ്ലോകത്തെ ഉദ്ധരിച്ച്, ആ നാടകത്തിൻെറ കവിതാചാതുൎയ്യത്തെ വൎണ്ണിച്ചുകാണുന്നുണ്ട്. ഈ ദാമോദരഗുപ്തൻ എട്ടാം നൂറ്റാണ്ടിൻെറ അന്ത്യഘട്ടത്തിൽ കാശ്മീരത്തെ ഭരിച്ചിരുന്ന "ജയപീഡ"ൻെറ ഒരു മന്ത്രിയായിരുന്നു. അതുകൊണ്ട് എട്ടാം നൂറ്റാണ്ടിൽ രചിച്ചിട്ടുള്ളതെന്നു പറകെ

ബോദ്ധ്യമുള്ള ഒരു കാവ്യത്തിൽ പ്രശംസയായി പ്ര സ്താവിച്ചുകാണുന്ന ഒരു കൃതിയുടെ കർത്താവു പത്താംനൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു രാജാവായിരിക്കാൻ തരമില്ല.

കാശ്മീരരാജാവായ ശ്രീഹഷനെ സംബന്ധിച്ചും ഇതേകാരണങ്ങൾ പ്രബലപ്പെട്ടു കാണുന്നതാണ്. അല്ലെങ്കിൽതന്നെ, "തുരുഷ്കൻ" അല്ലെങ്കിൽ മഹമ്മദിയൻ എന്നും സകല ദുരാചാരങ്ങളും മൂർത്തീകരിച്ച ദ്രോഹിയെന്നും കൽഹണൻ അധിക്ഷേപിച്ചിരിക്കുന്ന ആൾ ഒരിക്കലും ബുദ്ധമതപരമായ നാഗാനന്ദംനാടകത്തിൻെറ കർത്താവായിരിക്കാൻ തരമില്ലെന്നതു തീച്ചതന്നെ. പ്രസ്തുതപുരുഷൻ ജീവിച്ചിരുന്ന കാലത്തെ കുറിച്ച് ആലോചിക്കാതെ മററു കാരണങ്ങൾകൊണ്ടുതന്നെ ഈ വിവാദത്തിൽ വിഷയമാവാൻ ന്യായമില്ല.

ഉജ്ജയിനിയിലെ 'ശ്രീവിക്രമാദിത്യഹഷനാ'ണു മേൽ പറഞ്ഞ ഗ്രന്ഥങ്ങളുടെ കർത്താവ് എന്നുള്ള വാദം ഗൌരവതരമാകയാൽ, ആ സംഗതി സൂക്ഷ്മമായി പരിശോധിക്കേണ്ടതാകുന്നു. കൽഹണൻെറ 'രാജതരംഗി'ണിയിൽ യദൃച്ഛയായി ഈ രാജാവിൻെറ യോഗ്യതയെപ്പററി വ ണ്ണിക്കുന്ന കൂട്ടത്തിൽ ഇദ്ദേഹം 'മാതൃഗുപ്തൻ' എന്ന പേരുള്ള ഒരു കവിയെ അംഗീകരിച്ചു എന്നല്ലാതെ, ഇദ്ദേഹത്തിൻെറ വിദ്വത്വത്തെപ്പററി യാതൊന്നും പറഞ്ഞുകാണുന്നില്ല. ഇതിന്നും പുറമെ 'ഹഷൻ' എന്നുള്ളത് ഒരു വിശേഷപ്പേരുമാത്രമായിരുന്നെന്നും വാസ്തവമായ സ്ഥാനപ്പേർ "വിക്രമാദിത്യൻ" എന്നായിരുന്നു എന്നും പ്രത്യേകം പറയ

പ്പെട്ടിട്ടുണ്ട്. യുവാൻചാങ്ങ് ഇദ്ദേഹത്തിന് ആ പേർതന്നെയാണു പറഞ്ഞിരിക്കുന്നത്. എന്നാൽ, ഈ നാടകങ്ങളുടെ കർത്താവിനെ നിരന്തരമായി ആദ്യന്തം പറഞ്ഞുകാണുന്നതു ഹർഷൻ എന്നു തന്നെയാകുന്നു. വിക്രമാദിത്യൻ എന്നുള്ള വിശ്രുതനാമം ഗ്രന്ഥകർത്താവിനുണ്ടായിരുന്നെങ്കിൽ, നിശ്ചയമായും അദ്ദേഹം ആ പേർ ഒരിക്കലെങ്കിലും പ്രസ്താവിക്കാതിരിക്കുന്നതല്ലായിരുന്നു. മേൽപ്രസ്താവിച്ച ന്യായങ്ങളെല്ലാം ഹർഷന്റെ ഗ്രന്ഥകർത്തൃത്വത്തെ സ്ഥാപിക്കാൻ ഉദ്ധരിച്ച നിഷേധാത്മികങ്ങൾ മാത്രമാകുന്നു. എങ്കിലും ഹർഷവർദ്ധനൻതന്നെയാണ് ഈ നാടകങ്ങളുടെ കർത്താവ് എന്നു സ്ഥാപിക്കുന്നതിനു മുമ്പു വിമർശകന്മാരുടേയും, മററു പണ്ഡിതന്മാരുടേയും ഇടയിൽ കേവലം കിംവദന്തിയെ മാത്രം അടിസ്ഥാനപ്പെടുത്തി കടന്നുകൂടിയ ഒരു ധാരണയെ ഖണ്ഡിക്കേണ്ടിയിരിക്കുന്നു. ഈ കൃതികളുടെ കർത്താവു ഭാസകവിയാണെന്നാണ് അവരുടെ അഭിപ്രായം. ഇതൊന്നും വിശ്വാസയോഗ്യമായ ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല പറയുന്നത്. ഇതിനുംപുറമെ, ഈ ഭാസകവിയും ധാവകനും ഒരാളാണെന്നുകൂടി തെററിദ്ധരിച്ചുകാണുന്നുണ്ട്. ഭാസൻ അടുത്തകാലംവരെ സംസ്കൃതസാഹിത്യലോകത്തിൽ ഒരു യഥാർത്ഥപുരുഷനായിരുന്നില്ല. തിരുവനന്തപുരം ഗ്രന്ഥശാലയുടെ പ്രസാധകനായ ഗണപതിശാസ്ത്രികൾ, ഭാസന്റെ കൃതികളെ തിരഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തുന്നതുവരെ, അദ്ദേഹത്തെപ്പററി കാളിദാസന്റെ പ്രസ്താവനയിൽ സബഹുമാനം പറഞ്ഞുകാണുന്നതുമാത്രമേ നമുക്ക് അറിവുണ്ടായിരുന്നുള്ളു. ഭാസന്റെ കൃ

തികളെല്ലാം തീരെ നശിച്ചുപോയതായിട്ടാണ് അടുത്തകാലംവരെ വിചാരിച്ചിരുന്നത്. ഈ മൂന്നു നാടകങ്ങളും ഭാസൻെറ കൃതികളാണെന്നും അവയെ തൻെറ രക്ഷിതാവായ ഹർഷൻ പ്രതിഫലം വാങ്ങി വിററതാണെന്നുമാകുന്നു ഒരഭിപ്രായം. ഈ അഭിപ്രായത്തിനുള്ള കാരണം രാജശേഖരൻെറ 'ശാർങ്ഗധരപദ്ധതി'യിൽ ഭാസൻ പ്രിയദർശികയും വേറെ ചില നാടകങ്ങളും എഴുതി ശ്രീഹർഷവിക്രമനു വിററു എന്നും, ഹർഷൻ നാടകകർത്താവിനെ രാജസദസ്സിൽ കവിയാക്കിയെന്നും പ്രസ്താവിച്ചു കാണുന്നതാണ്.

"ആദൌഭാസേനരചിതാ
നാടികാപ്രിയദർശികാ
തിരീശസ്യരസജ്ഞസ്യ
കസ്യനപ്രിയദർശനാ"
"തസ്യരത്നാവലീനൂനം
രത്നമാലേവരാജതെ
നാഗാനന്ദംസമാലോക്യ
യസ്യശ്രീഹർഷവിക്രമഃ"
"അമന്ദാനന്ദഭരിതഃ
സ്വസഭ്യമകരോൽകവീം"

എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്.

സംസ്കൃതസാഹിത്യത്തിൻെറ ഭാഗ്യം ഹേതുവായിട്ട് ഇയ്യിടെ കണ്ടുകിട്ടിയിരിക്കുന്ന ഭാസകൃതികളിൽനിന്നു മേൽപറഞ്ഞ അഭിപ്രായം തീരെ അസംബന്ധമാണെന്നുകൂടെ അനുമാനിക്കാവുന്നതാണ്. സാഹിത്യസംബന്ധമായ തെളിവുകളെ പര്യാലോചിക്കുന്നതായാൽ, ഈ മൂന്നു നാടകങ്ങളും

കാളിദാസൻെറ കൃതികഠംക്കശേഷം ഉണ്ടായിട്ടുള്ളവയാണെന്നു തെളിയും. അവയിൽ രണ്ടെണ്ണം കാളിദാസൻെറ 'മാളവികാഗ്നിമിത്ര'ത്തെ അനുകരിച്ചെഴുതിയവയുമാകുന്നു.

അടിസ്ഥാനരഹിതങ്ങളായ ചില തെളിവുകളെ അവലംബിച്ച മറെറാരു അഭിപ്രായം കാണുന്നതു നാഗോജിഭട്ടൻെറ കാവ്യപ്രകാശവ്യാഖ്യാനത്തിൽ പറയുന്നതാണ്. എന്നാൽ ആ വ്യാഖ്യാനത്തിൽ പറയുന്നതുതന്നെ ഭാസൻ ഒരു കവിയായിരുന്നതിനാൽ, കാളിദാസനെപ്പോലെ കീർത്തിയും ധാവകനെപോലെ ധനവും സമ്പാദിച്ചിരുന്നിരിക്കണം എന്നു മാത്രമാകുന്നു. നാഗോജിഭട്ടൻെറ ഈ ആക്ഷേപത്തെ സാധൂകരിക്കത്തക്ക യാതൊന്നും വ്യാഖ്യാനത്തിലോ കാവ്യത്തിലോ കാണുന്നില്ല. അടുത്ത കാലത്തെ വ്യാഖ്യാതാവാന നാഗോജി മൂലത്തേയും പഴയ വ്യാഖ്യാനങ്ങളേയും തിരസ്കരിച്ചാണു ഗ്രന്ഥകർത്തത്വം ഹർഷനു വിററു ധാവകനെപോലെ പണം സമ്പാദിക്കാവുന്നതാണെന്നു പറഞ്ഞിരിക്കുന്നത്. വെറും കിംവദന്തിയെ മാത്രം അടിസ്ഥാനപ്പെടുത്തി ഏകദേശം ആയിരം കൊല്ലങ്ങഠംക്ക ശേഷം എഴുതപ്പെട്ടിട്ടുള്ള ഈ അഭിപ്രായം തീരെ വിലയില്ലാത്തതാണെന്നുള്ളതിനു രണ്ടു പക്ഷമില്ല.

പ്രസ്തുതനാടകങ്ങളുടെ കർത്താവു ഹർഷ രിലാദിത്യൻതന്നെയാണെന്നുള്ളതിനു നമുക്ക് ഏറെക്കുറെ വിശ്വാസയോഗ്യമായ തെളിവുകളുണ്ട്. ഹർഷൻ വളരെ യോഗ്യനായ ഒരു കവിയായിരുന്നു എന്നു ബാണൻ പ്രത്യേകം പറയുന്നു. ഹർഷൻ നാടകങ്ങഠം അഭിനയിച്ചിരുന്നു എന്നാണു ബാണൻ പറയുന്നത്. ഇതിനുംപുറമെ, "നാഗാനന്ദം"

ബുദ്ധമതപരമായ ഒരു നാടകമാകുന്നു; എന്നുമാത്രമല്ല, നാം അറിയുന്ന മററു ഹർഷന്മാരാരുംതന്നെ ബുദ്ധമതാനുയായികളായിരുന്നുമില്ല. ഒരു നാഗത്തിന്നുവേണ്ടി ജീവത്യാഗം ചെയ്ത ജീമൂതവാഹനന്റെ കഥയെ ശിലാദിത്യൻ പദ്യരൂപത്തിൽ രചിച്ചുവെന്ന് 'ഇട്ടിസിങ്ങ്' തീരുമാനമായി പറയുന്നുണ്ട്. 'ഹർഷവിക്രമാദിത്യൻ' വളരെ മതനിഷ്ഠയുള്ള ഒരു ഹിന്ദുവായിരുന്നു. വിശേഷിച്ചും "മയൂരശതക"ത്തിന്റെ പ്രസാധകനായ മധുസൂദനൻ, "ഭാവബോധിനി"യെന്നു പ്രസിദ്ധപ്പെട്ട വ്യാഖ്യാനത്തിൽ ബാണനും അദ്ദേഹത്തിന്റെ സ്യാലൻ മയൂരനും മൂന്നു നാടകങ്ങളുടെ കർത്താവായ രാജാവിന്റെ രാജധാനിയിലാണു താമസിച്ചിരുന്നത് എന്നു, പ്രത്യേകം പറയുന്നുണ്ട്. താനൊരു വലിയ കവിയാണെന്ന കീർത്തിമുദ്ര അലങ്കരിക്കാൻവേണ്ടി അന്യകവിയുടെ കൃതികളെ വിലയ്ക്കു വാങ്ങി എന്ന സംഗതി ഹർഷന്റെ സ്വഭാവത്തെ അപേക്ഷിച്ചു സുപ്രസിദ്ധവും കുപ്രസിദ്ധവുമായ വാസ്തവങ്ങൾക്കു വിരുദ്ധമാകുന്നു. അതുകൊണ്ടു ഗുണദോഷനിരൂപകന്മാർ എന്തുതന്നെ അഭിപ്രായപ്പെടുന്നതായാലും, ഈ കൃതികളുടെ ശരിയായ കർത്താവു ഹർഷൻതന്നെയാണെന്നു യുക്തിയുക്തമായി തീർച്ചയാക്കാം.

ഈ മൂന്നു നാടകങ്ങളിൽ, രത്നാവലിയും, പ്രിയദർശികയും പരിഷ്കൃതസമുദായത്തെപ്പററിയാണ്. കഥകളിലെ പരിണാമഗുപ്തി കൊട്ടാരരഹസ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാകുന്നു. മാളവികാഗ്നിമിത്രത്തെ മാതൃകയാക്കീട്ടാണു അവ രചിക്കപ്പെട്ടിട്ടുള്ളതെന്നതു വിശദമാണ്. രത്നാവ

ലിയിലേയും പ്രിയദൎശികയിലേയും കഥകൾ വളരെ ലളിതവും, പരസ്പരം സാമ്യമുള്ളവയുമാകുന്നു. നാട്ടാചാരങ്ങളെ അനുസരിച്ചെഴുതിയവയാണ് ആ രണ്ടു നാടകങ്ങളും. കഥാനായകനായ രാജാവു റാണിയുടെ സഖിമാരിൽ ഒരുത്തിയെ സ്നേഹിക്കുകയും സഖി രാജാവിൽ അനുരാഗിണിയായിത്തീരുകയുമാണു ചെയ്യുന്നത്. പുരാതനരാജധാനികളിൽനിന്നു വിട്ടൊഴിയാത്ത വിദൂഷകനാണ് ഇവരുടെ ദൂതൻ. രാജ്ഞി ഈ ഗൂഢസംഗതികളെല്ലാം അറിഞ്ഞു രാജാവിൻെറ ഉദ്ദേശങ്ങളെ തടയുവാൻ ശ്രമിക്കുകയും ഒടുവിൽ തൻെറ സഖി ഉൽകൃഷ്ടകുലജാതയും സ്വഭത്താവിൻെറ അനുരാഗത്തിന്ന് അൎഹയുമാണെന്ന് അറിയുകയും ചെയ്യുന്നു. അതുകൊണ്ടു റാണി തൃപ്തിപ്പെടുന്നു. നായികാനായകന്മാരുടെ വിവാഹോത്സവംകൊണ്ടു കഥ ശുഭമായി പൎയ്യവസാനിക്കയും ചെയ്യുന്നു.

രത്നാവലിയിലേയും പ്രിയദൎശികയിലേയും കഥാനായകൻ കൌശാംബിയിലെ 'വത്സ'രാജനാകുന്നു. ഈ വത്സരാജൻ പല അത്ഭുതകഥകളിലേയും നായകനാണ്. ഇദ്ദേഹത്തിൻെറ ശൃംഗാരചേഷ്ടിതങ്ങൾ പല ഹിന്ദുകഥാകൃത്തുക്കളുടേയും കൃതികൾക്കു വിഷയമായിട്ടുമുണ്ട്. മാളവികാഗ്നിമിത്രത്തിലെ 'അഗ്നിമിത്ര'നെപ്പോലെതന്നെ ഹൎഷൻെറ നാടകങ്ങൾക്കും അടിസ്ഥാനം ചരിത്രപാത്രമാകുന്നു. അതെങ്ങിനെയായാലും, ഹൎഷൻെറ ഈ രണ്ടു കൃതികളും ആ കാലത്തെ കൊട്ടാരങ്ങളിലെ ജീവിതസമ്പ്രദായത്തെ തെളിയിക്കുന്നവയാണ്. ഈ കൃതികളെ സൂക്ഷ്മമായി ഗ്രഹിക്കുന്നതായാൽ, ആ കാലത്തു കലീനന്മാരുടെ ഇടയിൽ

അസാമാന്യമായ നാഗരികത്വം സിദ്ധിച്ചിരുന്നു എന്നു കാണാം. കവിതാരീതിയെ മാത്രം അടിസ്ഥാനപ്പെടുത്തി അവയെ നിരൂപണം ചെയ്യുന്നതായാൽ, അവയുടെ കർത്താവിനു സാഹിത്യലോകത്തിൽ വളരെ ഉയൎന്ന പദവി ലഭിക്കത്തക്ക യോഗ്യതകളൊന്നും ഉള്ളതായി കാണുന്നതല്ല. അവയിലെ ശ്ലോകങ്ങൾക്കുള്ള ഗാനവൈശിഷ്ട്യംകൊണ്ടു മാത്രം ഈ കൃതികളെ സംസ്കൃതസാഹിത്യത്തിൽ രണ്ടാംതരം കൃതികളുടെ കൂട്ടത്തിൽ മാത്രമേ പെടുത്താൻ തരമുള്ളു.

നാഗാനന്ദം മേൽപറഞ്ഞ രണ്ടു കൃതികളിൽനിന്നും തീരെ വ്യത്യസ്തമാകുന്നു. കേവലം നാടകനിബന്ധനകളെ മാത്രം അനുസരിച്ചല്ലാ ഹർഷൻ ഇതെഴുതിയിരിക്കുന്നത്. വളരെ രസകരമാകുന്നു ഇതിലെ കഥ. ജീമൂതവാഹനൻ മലയപൎവ്വതത്തിൽ ഒരാശ്രമം അനുഭവിച്ചു നടക്കുന്ന സമയത്തു സിദ്ധരാജാവിൻെറ പുത്രിയെ യദൃച്ഛയാ കണ്ടു. ആ കന്യക ശ്രീപാൎവ്വതീഭക്തയായ ഒരു യോഗിനിയായിരുന്നു. പക്ഷെ, ജീമൂതവാഹനൻ അവളിൽ അനുരക്തനായിത്തീൎന്നു. അവൾക്കു സ്വപ്നത്തിൽ ദേവി പ്രത്യക്ഷയായി, വിദ്യാധരന്മാരുടെ രാജാവ് അവളുടെ ഭൎത്താവാകുമെന്ന് അവളോടരുളിച്ചെയ്തു എന്ന് അവൾ അദ്ദേഹത്തെ ധരിപ്പിച്ചു. യോഗിനിയായ മലയവതിക്കും ജീമൂതവാഹനനിൽ അനുരാഗം ജനിച്ചു. രണ്ടുപേരും അന്യോന്യം ആരെന്നറിയാതെ പിരിഞ്ഞു. മലയവതിയുടെ സഹോദരനായ 'മിത്രാവസു' സഹോദരിയെ ജീമൂതവാഹനനു വിവാഹം ചെയ്തുകൊടുപ്പാൻ നിശ്ചയിച്ചു. മലയവതി തൻെറ അനുരാഗഭാജനമാണെന്നറിയാതെ ജീമൂതവാഹനൻ

അവളെ നിരാകരിച്ചു. ഇതറിഞ്ഞു മലയവതി ആത്മഹത്തിക്കൊരുങ്ങി. മലയവതിയുടെ സഖിയുടെ ആൎത്തസ്വരം കേട്ടു ജീമൂതവാഹനൻ ആ സ്ഥലത്തെത്തി. തെററിദ്ധാരണകളെല്ലാം നീങ്ങുകയും വലിയ ആഘോഷങ്ങളോടുകൂടി ഇവരുടെ വിവാഹം നടക്കുകയും ചെയ്തു. ഈ സമയത്തു ജീമൂതവാഹനൻെറ സിംഹാസനം ആരോ കൈക്കേറിയതായി അദ്ദേഹത്തിന്നു് അറിവു കിട്ടി. അവസ്ഥയും പദവിയും സുഖഹാനിക്കു കാരണമാകുന്നതാണെന്നറിഞ്ഞിരുന്ന അദ്ദേഹം ശത്രുസംഹാരത്തിന്നൊരുമ്പെട്ടില്ല.

ഈ ഘട്ടംവരെ കഥയിലോ കഥനാരീതിയിലോ യാതൊന്നുംതന്നെ വിശേഷമായി കാണുന്നില്ല. നായകൻ ആശ്രമത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്ന കന്യകയെ സ്നേഹിക്കുന്നതു ഹിന്ദുനാടകങ്ങളിൽ ഒരു സാധാരണസംഭവമാകുന്നു. മൂന്നാമങ്കത്തോടുകൂടി കഥ അവസാനിച്ചിരുന്നെങ്കിൽ, അതു സാധാരണ സമ്പ്രദായത്തിൽ, വലിയ രസമില്ലാത്തതാണെങ്കിലും, ഒരു പൂൎണ്ണനാടകമാകുമായിരുന്നു. എന്നാൽ, നാഗാനന്ദത്തിൽ പ്രധാനരംഗം തുടങ്ങുന്നതു നാലാമങ്കത്തിലാണ്. വിവാഹത്തിന്നുശേഷം ജീമൂതവാഹനൻ മിത്രാവസുവിനോടുകൂടി ലാത്തിക്കൊണ്ടിരിക്കുമ്പോൾ, ഒരിടത്തു വളരെ അസ്ഥികൂടങ്ങൾ ഒന്നിച്ചു കിടക്കുന്നതു കാണാനിടയായി. സൎപ്പങ്ങളുടെ പരമശത്രുവും പക്ഷിരാജാവുമായ ഗരുഡന്നു ഭക്ഷണമായിത്തീൎന്ന നാഗങ്ങളുടെ എല്ലുകളാണ് അവയെന്നു മിത്രാവസുവിൽനിന്നു ജീമൂതവാഹനൻ ഗ്രഹിച്ചു്, വളരെ വ്യസനിച്ചു. എന്നുതന്നെയല്ല, അന്നു ഗരുഡന്നു ഭക്ഷണമായിത്തീരാൻ ഊഴം

വന്ന സൎപ്പത്തിൻെറ മാതാവു വ്യസനാക്രാന്തയായിനിലവിളിക്കുന്നതു കേട്ട് അദ്ദേഹം അവരുടെ സമീപത്തു ചെല്ലുകയും ചെയ്തു. ജീമൂതവാഹനനെ കണ്ടപ്പോൾ, അദ്ദേഹം ഗരുഡനാണെന്നു തെററിദ്ധരിച്ച് ആ സാധുവൃദ്ധ പുത്രനു പകരം അവളെ ഭക്ഷണമാക്കിയാൽ കൊള്ളാമെന്നപേക്ഷിച്ചു. വ്യസനകരമായ ഈ രംഗം അദ്ദേഹത്തിൻെറ സഹജമായ ഭൂതദയയെ ഉദ്ദീപിപ്പിച്ചു. നാഗകുമാരനു പകരം ഗരുഡസന്നിധിയിലേക്കു താൻ പൊയ്ക്കൊള്ളാമെന്നു ജീമൂതവാഹനൻ വാഗ്ദത്തം ചെയ്തു. പക്ഷെ യുവാവായ നാഗത്തിനു് ഇതു സമ്മതമായില്ല; എങ്കിലും, ജീമൂതവാഹനൻ ഗരുഡസന്നിധിയിലേക്കും, നാഗവും വൃദ്ധമാതാവുംകൂടി ശിവക്ഷേത്രത്തിലേക്കും പോയി. ഈ സമയത്തു ജീമൂതവാഹനൻെറകിരീടത്തിന്മേൽനിന്നുവീണുപോയ ഒരു രത്നം താഴത്തു കിടക്കുന്നതു കണ്ട് അത് ആപൽസൂചകമാണെന്നു മനസ്സിലാക്കി അദ്ദേഹത്തിൻെറ പിതാവും മലയവതിയും മററു ചിലരുംകൂടി അദ്ദേഹത്തെ അന്വേഷിക്കാൻ പുറപ്പെട്ടു. ശിവക്ഷേത്രത്തിലേക്കു പോയിരുന്ന നാഗം ഗരുഡനെ കാണുകയും, രാജകുമാരനു പകരം തന്നെ ഭക്ഷിക്കേണമെന്നപേക്ഷിക്കുകയും ചെയ്തെങ്കിലും ആ പ്രാൎത്ഥന അസമയത്തായിപ്പോയി. ഗരുഡൻ രാജകുമാരനെ ഭക്ഷിച്ചു കഴിഞ്ഞിരുന്നു. ഗരുഡൻ ഭക്ഷിച്ചു ബാക്കിയുള്ളതു ചിതയിലേക്കു കൊണ്ടുപോയി. മലയവതിയും മററുള്ളവരും ആ ശവത്തെ പിന്തുടൎന്നു ചിതയിലേക്കു നടന്നു. ജീമൂതവാഹനൻെറ ഈ ഭയങ്കരമായ ആത്മത്യാഗം ഗരുഡനെപ്പോലും പശ്ചാത്തപിപ്പിച്ചു. അതുമൂലം സൎപ്പരാജാവായി ഗ

ഢൻ ചെയ്തിരുന്ന കരാർ ഉജ്ജ്വലപ്പെടുത്തുകയും ചെയ്തു. മലയവതി വിദ്യാധരരാജാവിന്റെ ഭാര്യയാകമെന്നു ചെയ്ത വാഗ്ദാനത്തെ നിറവേററണ്ടതിനു ഗൌരീദേവി ജീമൂതവാഹനനെ ജീവിപ്പിച്ചു സിംഹാസനാരോഹണം ചെയ്യിച്ചു. ഇപ്രകാരം കഥ സന്തോഷപര്യവസായിയായി കലാശിച്ചു.

ഈ കഥ സാധാരണ ഹൈന്ദവനാടകങ്ങളിൽനിന്നു വ്യത്യാസപ്പെട്ടതാണെന്നു പ്രത്യക്ഷമാകുന്നു. ഇതിനോട് ഏകദേശം യോജിക്കത്തക്ക രീതിയിൽ സംസ്കൃതനാടകസാഹിത്യത്തിൽ എഴുതപ്പെട്ടിട്ടുള്ള മറെറാരു കൃതി ഭവഭൂതിയുയുടെ ഉത്തരരാമചരിതം മാത്രമാണ്. ഈ സാമ്യംതന്നെ ബാഹ്യമാകുന്നു. രണ്ടിലും പ്രധാനരസം കരുണതന്നെയാണ്. വിരഹമാണ് ഉത്തരരാമചരിതത്തിലെ പ്രധാന വികാരം; നാഗാനന്ദത്തിൽ അനുകമ്പയാകുന്നു. ഈ നാടകത്തിൽ ഹർഷന്റെ അസാധാരണമായ വർണ്ണനാസാമർത്ഥ്യവും കഥനകൌശല്യവും പ്രദർശിപ്പിച്ചിട്ടുണ്ട്. കഥാരംഗങ്ങൾ വളരെ ഹൃദയംഗമവും ചിലേടങ്ങളിൽ അത്യന്തം ശോകഭൂയിഷ്ഠവുമാകുന്നു.

ഹൈന്ദവസാഹിത്യലോകത്തിൽ ഹർഷന് ഒന്നാംകിടയിൽ സ്ഥാനമുണ്ടെന്നു പറയാൻ പാടില്ല. പ്രാചീനവിമർശകന്മാർ പറയുന്നത് ഇപ്രകാരമാണ്.

"യസ്യാശ്ചോരശ്ചികുരനികരഃ കർണ്ണപൂരോ മയൂരോ
ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ
കേഷാം നൈഷാ കഥയ കവിതാകാമിനീ കൌതുകായ"

ഈ ശ്ലോകത്തിൽ ഗീതാഗോവിന്ദത്തിന്റെ കത്താവായ ജയദേവൻ അദ്ദേഹത്തിന്റെ മുൻഗാമികളുടെ യോഗ്യതയെ നിർണ്ണയിച്ചിരിക്കുന്നു. കവിതാകാമിനിയുടെ കേശഭാരം ചോരനും, കർണ്ണഫലം മയൂരനും, മന്ദഹാസം ഭാസനും, വശീകരണശക്തി കവികുലഗുരുവായ കാളിദാസനും, വിനോദം ഹർഷനും, ശൃംഗാരം ബാണനുമാണെന്നാകുന്നു അദ്ദേഹം പറയുന്നത്. ഇപ്രകാരം അലംകൃതയായിരിക്കുന്ന കവിതാകാമിനി മനോഹരയാകാതിരിക്കുന്നതെങ്ങിനെയെന്നാണ് അദ്ദേഹത്തിന്റെ ചോദ്യം.

സംസ്കൃതസാഹിത്യത്തിന്റെ ആധുനികനിരൂപകന്മാർ ഹർഷന്ന് ഇത്ര വലിയ ഒരു പദവി നൽകുന്ന കാര്യം കുറെ സംശയമാണ്. ഒരു നാടകകൃത്തിന്റെ നിലയിൽ ഹർഷന്നു കാളിദാസന്റെ പ്രത്യേകവശ്യമൊ ഭവഭൂതിയുടെ ഗാംഭീര്യസാരസ്യാദികളൊ ഉണ്ടെന്നു പറഞ്ഞുകൂടാ. കൊട്ടാരസമ്പ്രദായങ്ങളെപ്പററിയുള്ള അദ്ദേഹത്തിന്റെ രണ്ടു നാടകങ്ങളും ഒരുമാതിരി പ്രഹസനങ്ങളാണെന്നേ പറയാൻ തരമുള്ളൂ. നാഗാനന്ദം വളരെ ഊർജ്ജിതമുള്ള ഒരു നാടകമാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ അതിലെ കവിതാവൈശിഷ്ട്യം തൽകത്താവിനെ സാഹിത്യലോകത്തിൽ ഒരു ഉൽകൃഷ്ടപദവിക്ക് അർഹനാക്കുന്നുണ്ടൊ എന്നു സംശയമാകുന്നു.

ഹർഷൻ സാഹിത്യപോഷണത്തിൽ വളരെ താല്പര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ സദസ്സിനെ അലങ്കരിച്ചിരുന്ന കവികളിൽ പ്രധാനി ബാണനാണ്. കാദംബരിയും ഹർഷചരിതവും, അദ്ദേഹത്തിന്റെ കൃതികളാകുന്നു.

സംസ്കൃതത്തിലുള്ള ആഖ്യായികാകർത്താക്കന്മാരിൽ പ്രഥമഗണനീയൻ ബാണനാണെന്നുള്ളതു സർവ്വസമ്മതമായിട്ടുള്ള സംഗതിയാണ്. ബാണന്റെ ഹർഷചരിത്രവും, ഹരിഷേണന്റെ 'സമുദ്രഗുപ്തചരിത്ര'വും കൽഹണന്റെ 'രാജതരംഗിണി'യുമാണു സംസ്കൃതഭാഷയിലുള്ള മൂന്നു പ്രസിദ്ധചരിത്രകൃതികൾ. ബാണന്റെ കാദംബരിയും ഹർഷചരിത്രവും ഗദ്യകൃതികളാകുന്നു. അവയുടെ ഗദ്യരീതി വൃത്തനിയമങ്ങളെ അനുസരിക്കാത്ത പദ്യംപോലെയാണ്. അദ്ദേഹം നിസ്തുല്യമായ ബുദ്ധിചാതുര്യവും, അനന്യസാധാരണമായ പദവിന്യാസവൈചിത്ര്യവും, അത്ഭുതകരമായ വിഭാവനാശക്തിയുമുള്ള ഒരു കവിയാണെന്നുള്ളതു തർക്കമററ സംഗതിയാകുന്നു. എന്നാൽ സംസ്കൃതസാഹിത്യത്തിൽ പ്രാചീനപണ്ഡിതന്മാർ ബാണനു നൽകിയിരിക്കുന്ന ഉന്നതപദവിയുടെ സാധുത്വത്തെ ഇദാനീന്തനന്മാർ എളുപ്പത്തിൽ സമ്മതിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ കവിതാരീതി പൊടിയിട്ടുമിനുക്കിയ അലങ്കാരങ്ങളോടുകൂടിയതും പദവിന്യാസക്രമം അനുപായിക്കാൻ പ്രയാസമുള്ളതുമാകുന്നു. 'ബാണോച്ഛിഷ്ടം ജഗത് സർവ്വം' എന്നാണ് അദ്ദേഹത്തെപ്പററി പറഞ്ഞുകാണുന്നത്. ഈ അതിസ്തുതിയെ ശരിവെക്കുവാൻ ഇക്കാലത്തു വളരെ ആളുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല.

എന്തെല്ലാം ന്യൂനതകൾ ഉണ്ടായിരുന്നാലും, ബാണൻ സംസ്കൃതസാഹിത്യലോകത്തിലെ ചിരഞ്ജീവികളുടെ കൂട്ടത്തിൽ ഒരാളാണെന്നുള്ളതിന്നു സംശയമില്ല. കാദംബരി അതിലെ അതിമോടികൊണ്ടും മററും ആക്ഷേപാർഹമാണെങ്കിലും, ഏതുകാലത്തും സംസ്കൃതപണ്ഡിതന്മാർക്കു വായിച്ചു രസിക്കത്തക്ക ഗുണങ്ങളുള്ള ഒരു ഒന്നാന്തരം ആഖ്യായികയാണ്. അതിലെ സാർവ്വത്രികമായ ശ്ലേഷാലങ്കാരം അത് ഇംഗ്ലീഷുഭാഷയിലേക്കു പരിഭാഷപ്പെടുത്തുവാൻ അസാദ്ധ്യമാക്കീട്ടുണ്ടെങ്കിലും, വിദേശീയവിദ്വാന്മാർക്ക് അ

ത്ത കേവലം കവിയുടെ പാണ്ഡിത്യത്തിൻെറ തങ്കിച്ചയെ കാണിക്കുന്നതാണെന്നു തോന്നുമെങ്കിലും, അത് ഏററവും രസകരവും സഹൃദയന്മാരുടെ ഹൃദയത്തെ ആഹ്ളാദിപ്പിക്കുന്നതുമായ കവിതാരീതിയിലാകുന്നു എഴുതപ്പെട്ടിട്ടുള്ളത്. ഏതാദൃശമായ കവിതാവൈചിത്ര്യം പ്രദർശിപ്പിക്കത്തക്ക യൂറോപ്യഭാഷ ഒന്നുംതന്നെ ഇല്ലെന്നു പറയാം. ഹർഷചരിത്രത്തിലും ഈ മാതിരി ശ്ലേഷ ബഹു ഭംഗിയായി പ്രയോഗിച്ചുകാണുന്നുണ്ട്. ഹർഷൻ പ്രഭാവത്തിൽ പുരാതനരാജാക്കന്മാരുടെ കൂട്ടത്തിൽ പ്രഥമഗണനീയനാണെന്നു വർണ്ണിക്കുന്ന ഭാഗം ബാണൻെറ ശ്ലേഷാപ്രയോഗത്തിന്നു പ്രസിദ്ധമാകുന്നു.

ബാണൻെറ സ്യാലനായ മയൂരനും വളരെ വിശ്രുതനായ ഒരു കവിയായിരുന്നു. അദ്ദേഹത്തിൻെറകൃതികളിൽ മൂന്നെണ്ണം മാത്രമേ ഇപ്പോൾ നമുക്കു കിട്ടീട്ടുള്ളു.

1. സൂര്യശതകം (ആദിത്യസ്തുതിയായ 100 ശ്ലോകം)

2. ആര്യമുക്തമാലാ (ഇതിൻെറ ഒരു പ്രതി സൂററിലെ ഒരു നാടകാര്യഗ്രന്ഥശാലയിലുണ്ട്)

3. മയൂരാഷ്ടകം (മയൂരൻെറ എട്ടു ശ്ലോകങ്ങൾ)

ഇന്ത്യക്കാരുടെ ഇടയിൽ ആസകലം ഉള്ള ഒരു ബോദ്ധ്യം മയൂരനു കുഷ്ഠരോഗം ബാധിച്ചു എന്നാണ്. സൂര്യശതകമുണ്ടാക്കി സൂര്യോപാസന ചെയ്തതിൻെറ ഫലമായിട്ട് അദ്ദേഹത്തിൻെറ രോഗം തീരെ മാറിയതായിട്ടാണു പറയുന്നത്. ചില പുരാതന ആചാരങ്ങൾ അനുസരിച്ച് ആദിത്യനെ ഭജിച്ചാൽ കുഷ്ഠരോഗം ഭേദപ്പെടുന്നതാണെന്നു ഹിന്ദുക്കളുടെ ഇടയിൽ ഇപ്പോഴും ഒരു വിശ്വാസമുണ്ട്.

ഹർഷൻെറ കാലത്തു ജീവിച്ചിരുന്ന വേറെ ഒരു കവിവര്യൻ 'ഭർതൃഹരി'യാകുന്നു. അദ്ദേഹം ഹർഷൻെറ രാജധാനിയിൽത്തന്നെയാണോ താമസിച്ചിരുന്നത് എന്നു സംശയമാണ്. കാളിദാസൻെറ കവിതകൾ കഴിഞ്ഞാൽ സംസ്കൃതത്തിൽ മററുള്ള കവിതകളിൽവെച്ചു ജനങ്ങൾ

അധികം വായിച്ചു രസിക്കുന്നത് ഇദ്ദേഹത്തിന്റെ കൃതികളെയാകുന്നു. ഇദ്ദേഹം വിഷയസുഖങ്ങൾ ഉപേക്ഷിച്ചു 'സദഷ്ടാംഗമാൎഗ്ഗ'ത്തെ അനുസരിക്കുന്നതിന്നു മൂന്നുപ്രാവശ്യം ശ്രമിച്ചെങ്കിലും, ഒടുവിൽ ലൌകികജീവിതംതന്നെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ കവിതകൾ സംസ്കൃതസാഹിത്യത്തിൽ സുപ്രസിദ്ധമാകയാൽ, അവയെപ്പററി ഇവിടെ പ്രസ്താവിക്കേണ്ടുന്ന ആവശ്യമില്ല.

അന്നത്തെ സാഹിത്യചരിത്രത്തെപ്പററി ഇനി ഒരു കാൎയ്യം മാത്രമേ പറയേണ്ടതുള്ളു. ഈ കാലത്താണു പ്രാകൃതഭാഷ ഒരു സാഹിത്യമെന്ന നിലയിൽ പ്രചരിക്കുവാൻ തുടങ്ങിയത്. ബാണന്റെ സ്നേഹിതന്മാരിൽ ഒരാൾ ഭാഷാകവിയായിരുന്നു. ഹിന്തിസാഹിത്യം ഉത്ഭവിച്ചതും ഏതാണ്ട് ഈ കാലത്തുതന്നെയാണെന്നു പറയാം.

## അദ്ധ്യായം ൮.

ഉപസംഹാരം.

മേൽവിവരിച്ച സംഗതികളിൽനിന്ന് ഏഴാംനൂററാണ്ടിന്റെ പൂൎവ്വാൎദ്ധത്തിൽ ഇന്ത്യാരാജ്യം അനന്യസാധാരണമായ പരിഷ്കാരോൽക്കൎഷത്തെ പ്രാപിച്ചിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ട്. അക്കാലത്തു യൂറോപ്പിൽ സംഭവിച്ച അരാജകത്വവും ആസുരാചാരവും റോമാസാമ്രാജ്യത്തിന്റെ നാഗരികത്വത്തെ ഉന്മൂലനം ചെയ്തിരുന്നു. പേൎസ്യയുടെ അധോഗതി നിലം തൊടാറായിരുന്നതുകൊണ്ട് അത് അല്പകാലത്തിന്നുള്ളിൽ മുഹമ്മദീയാക്രമണത്തിന്ന് ഇരയായിത്തീരുകയും ചെയ്തു. ചീനസാമ്രാജ്യത്തിൽ പ്രതാപൈശ്വൎയ്യാദികൾക്കു പ്രസിദ്ധപ്പെട്ട "ട്ടാങ്ങ്വംശ"ക്കാർ 618-ൽ മാത്രമേ സിംഹാസനാരോഹണം ചെയ്തുള്ളു. അവിടെ ആ കാലത്തു ബുദ്ധമതത്തിന്നായിരുന്നു പ്രചാരം. അക്കാലത്തു ചീനത്തുകാർ ഇന്ത്യാരാജ്യത്തെ വിശേഷപ്പെട്ട ഒരു പുണ്യ

സ്ഥലമായിട്ടാണു കരുതിയിരുന്നത്. മരുഭൂമികളും, മലനിരകളും കടന്നു ചീനത്തുകാർ ഭക്ത്യാദരങ്ങളോടുകൂടി ഇന്ത്യയെ സന്ദർശിക്കേണ്ടതിന്നും, അവിടത്തെ സർവ്വകലാലയങ്ങളിൽ അദ്ധ്യയനം ചെയ്യേണ്ടതിന്നും, അവിടത്തെ വിദ്യാഭിവൃദ്ധിയിൽ ഭാഗഭാക്കുകളാകേണ്ടതിന്നും വന്നിരുന്നു. ഏഴാം നൂററാണ്ടിൽ പരിഷ്കൃതരാജ്യങ്ങളിൽവെച്ച പ്രഥമസ്ഥാനത്തിന്നവകാശം ഇന്ത്യക്കായിരുന്നു എന്നു നിസ്സംശയം പറയാം.

ഹൈന്ദവനാഗരികത്വം അതിൻെറ ഉച്ചസ്ഥാനത്തെ പ്രാപിച്ചത്തു ഹർഷൻെറ ഭരണകാലത്താകുന്നു. അദ്ദേഹത്തിൻെറ കാലശേഷം അടുത്ത ശതാബ്ദത്തിൽ അതിൻെറ അധോഗതിയും തുടങ്ങിയെന്നു പറയാം.

കലാവിദ്യ, സാഹിത്യം, വിദ്യാഭ്യാസം മുതലായവയിൽ പിന്നീടുള്ള കാലങ്ങളിൽ യാതൊരു അഭിവൃദ്ധിയും ഉണ്ടായിട്ടില്ല. എട്ടും ഒമ്പതും നൂററാണ്ടുകളിലെ മഹാകാവ്യങ്ങളിലും, ചമ്പുക്കളിലും കാണുന്ന ഭാഷാരീതി ഉത്തരേന്ത്യയിലെ ഒടുവിലത്തെ മഹാസാമ്രാജ്യത്തിൻെറ വിഛിന്നതയെ പിന്തുടൎന്ന് ശാസ്ത്രസാഹിത്യാദികൾക്കു സംഭവിച്ച അധഃപതനത്തിന്നു മതിയായ ലക്ഷ്യമാകുന്നു. ചന്ദ്രഗുപ്തൻെറ കാലംമുതൽ മഹാന്മാരായ അനേകം ഹിന്ദുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടുവന്ന ഭാരതവർഷം ലോകദൃഷ്ടിയിൽ പുരാതനവും ഊൎജ്ജിതവുമായ നാഗരികത്വത്തിന്നു മാത്രമല്ല, മനുഷ്യവൎഗ്ഗത്തിൻെറ ഉന്നമനത്തിന്നായി ക്രമപ്പെടുത്തിയ ഒരു മഹാസാമ്രാജ്യമായിട്ടാണ് പ്രശോഭിച്ചിരുന്നത്. ആ കീൎത്തിയെ നിലനിറുത്തിപ്പോന്ന ഒടുവിലത്തെ രാജാവാണ് ഹർഷശിലാദിത്യൻ എന്ന ഒരു മഹിമ അദ്ദേഹത്തിന്നുണ്ട്. യോഗ്യനായ ഒരു രാജാവ്, കവി, മതനിഷ്ഠയുള്ള പരിശുദ്ധാത്മാവ് എന്നീ അവസ്ഥകളിൽ ഇന്ത്യാചരിത്രത്തിൽ ഹർഷന്നു ശാശ്വതമായ ഒരു മാന്യസ്ഥാനം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിസ്സംശയമാകുന്നു.

SEN GUPTA MEMORIAL R[illegible] READING ROOM & LIBR[illegible]
PUTHIYARA.

ശ്രീ ഹർഷവധനൻ
അമ്പാടിയിൽ ഇക്കാവ് അമ്മ.
A636.

6.36

Indic Digital Archive Foundation
gpura.org